SIVANANDA LAHARI

VASUDEVAN MOOSSATH

D23:417x D68:1
32J7

Q23:417xD68:1
32J7
VASUDEVAN
MOOSSATH (K)
Sivananda
...ahari.
18

Q23:417xD68:1
32J7
202618

MUL
202618

57/7, Choolaimedu High...

Madras University Library

DOCTRINA VIM PROMOVET INSITAM

Call Number 923:417xD68:1 3

Accession Number 202618

Available for loan from

This book should be returned on or before the date last marked below.

R 1974

ശ്രീ

Sivananda Lahari

ശിവാനന്ദലഹരി

(സവ്യാഖ്യാനം)

205

UNIVERSITY LIBRARY
27 NOV 1934
MADRAS

വ്യാഖ്യാതാവു്:

പണ്ഡിതർ കെ. വാസുദേവൻ മൂസ്സതു്

K. Vasudevan Moossath

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്—കോഴിക്കോട്ടു്

ഒന്നാംപതിപ്പ് 1937
കോപ്പി 1000
പകപ്പവകാശം
പ്രസാധകന്നു്
വില: 1ക.

202618
Q23 : 417xD68:1
32J7

വടക്കാഞ്ചേരി അരുണോദയം പ്രസ്സിൽ
അച്ചടിച്ചതു്

മുഖവുര

അദ്വൈതവിദ്യാചാര്യനായ ശ്രീ ശങ്കരാചാര്യസ്വാമികൾ ദേവന്മാരെയും ദേവിമാരെയും പററി വിശിഷ്ടങ്ങളായ അനേകം സ്തോത്രങ്ങളെ നിർമ്മിച്ചിട്ടുണ്ട്. ആ വക സ്തോത്രങ്ങളിൽവെച്ച വളരെ പ്രാധാന്യമുള്ളവയാണ് ശിവസ്തോത്രങ്ങൾ. ശിവഭുജംഗം, ശിവാനന്ദലഹരി, ശിവപാദാദികേശാന്തവർണ്ണനസ്തോത്രം, ശിവകേശാദിപാദാന്തവർണ്ണനസ്തോത്രം, വേദസാരശിവസ്തോത്രം, ശിവാപരാധക്ഷമാപണസ്തോത്രം, സുവർണ്ണമാലാസ്തുതി, ദശശ്ലോകീസ്തുതി, ദക്ഷിണാമൂർത്തിവർണ്ണമാലാസ്തോത്രം, ശ്രീ ദക്ഷിണാമൂർത്ത്യഷ്ടകം, ശ്രീ മൃത്യുഞ്ജയമാനസികപൂജാസ്തോത്രം, ശിവനാമാവല്യഷ്ടകം, ശിവപഞ്ചാക്ഷരസ്തോത്രം, ഉമാമഹേശ്വരസ്തോത്രം എന്നിങ്ങിനെ പ്രസിദ്ധങ്ങളായ വളരെ സ്തോത്രങ്ങൾ ദേവനാഗരിലിപിയിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്.

മേല്പറഞ്ഞ ശിവസ്തോത്രങ്ങളിൽ അല്പം ചിലതുമാത്രമേ മലയാളവ്യാഖ്യാനത്തോടുകൂടി അച്ചടിക്കപ്പെട്ടിട്ടുള്ളു. മലയാളത്തിലെ സ്തോത്രസാഹിത്യത്തിൽ വലിയൊരു വിടവ് ഇനിയും നികത്തപ്പെ

ടേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ശിവാനന്ദലഹരി എന്ന ഈ സ്തോത്രരത്നം വ്യാഖ്യാനസഹിതം പ്രസിദ്ധീകരിക്കുന്നതോടുകൂടി ആ ന്യൂനതയ്ക്കു അല്പമൊരു പരിഹാരം വരും.

പണ്ഡിതവര്യനും, സിദ്ധകവിയുമായ ആചാര്യസ്വാമികളുടെ ആശയങ്ങൾ അസ്മാദൃശന്മാൎക്കു കേവലം ദുർഗ്രഹങ്ങളാകയാൽ എന്റെ ഈ വ്യാഖ്യാനത്തിൽ കോട്ടങ്ങളും കുറവുകളും കാണുമെന്നുള്ളതു് സ്വാഭാവികം മാത്രമാണു്. മൂലത്തിന്റെ യഥാൎത്ഥമായ ഒരു നേരിയ അൎത്ഥം ഗ്രഹിക്കുന്നതിന്നു് ഈ വ്യാഖ്യാനം ഉപകരിക്കുമെങ്കിൽ അതാണു് ഞാൻ ഈ വിഷയത്തിൽ ചെയ്ത വലിയ പ്രയത്നത്തിന്റെ ചെറിയ ഫലം.

സൌകൎയ്യപ്പെടുന്നപക്ഷം ആചാര്യസ്വാമികളുടെ അവശിഷ്ടങ്ങളായ ശിവസ്തോത്രങ്ങൾക്കും ഇതുപോലെയുള്ള ചെറിയ വ്യാഖ്യാനങ്ങൾ എഴുതുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടു്.

ചെറുതുരുത്തി
8—10—1957

എന്നു്, സഹൃദയവിധേയൻ
കെ. വി. എം.

UNIVERSITY LIBRARY
27 NOV 1964
MADRAS

ശ്രീ

ശിവാനന്ദലഹരി

കലാഭ്യാം ചൂഡാലംകൃതശശികലാഭ്യാം നിജതപഃ-
ഫലാഭ്യാം ഭക്തേഷു പ്രകടിതഫലാഭ്യാം ഭവതു മേ।
ശിവാഭ്യാമസ്തോകത്രിഭുവനശിവാഭ്യാം ഹൃദിപുന-
ർഭവാഭ്യാമാനന്ദസ്ഫുരദനുഭവാഭ്യാം നതിരിയമ്॥ ൧

വ്യാഖ്യാനം

ശ്രീനീലകണ്ഠകരുണാ-
ശരണേന യഥാമതി।
ശ്രീശിവാനന്ദലഹരീ
സേയം വ്യാഖ്യായതേ മയാ॥

അന്വയാർത്ഥം:—കലാഭ്യാം (കലാരൂപികളായും) ചൂഡാലംകൃതശശികലാഭ്യാം (മുടിയിൽ ചന്ദ്രകലയണിഞ്ഞവരായും) നിജതപഃഫലാഭ്യാം (സ്വന്തം തപസ്സിൻെറ ഫലമായിട്ടുള്ളവരായും) ഭക്തേഷു പ്രകടിതഫലാഭ്യാം (ഭക്തന്മാരിൽ അഭീഷ്ടഫലങ്ങളെ പ്രകടിപ്പിച്ചവരായും) അസ്തോകത്രിഭുവനശിവാഭ്യാം (അനല്പമാകുംവണ്ണം ത്രൈലോക്യത്തി

ന്നു മംഗളമായിട്ടുള്ളവരായും) ഹൃദിപുനർഭവാഭ്യാം (ഹൃദയത്തിൽ പിന്നെയും പിന്നെയും ആവിർഭവിക്കുന്നവരായും) ആനന്ദസ്ഫുരദനുഭവാഭ്യാം (ആനന്ദംകൊണ്ടു പ്രകാശിക്കുന്ന അനുഭവത്തോടുകൂടിയവരായുമിരിക്കുന്ന) ശിവാഭ്യാം (പാർവ്വതീപരമേശ്വരന്മാൎക്കായിക്കൊണ്ടു്) ഇയംമേ നതിഃ ഭവതു (എന്റെ ഈ നമസ്കാരം ഭവിക്കട്ടെ.)

സാരം:—തിരുമുടിയിൽ തിങ്കൾക്കീറണിഞ്ഞും, ഭക്തന്മാരിൽ അഭീഷ്ടഫലങ്ങളെ പൊഴിഞ്ഞുമിരിക്കുന്നവരും, ചന്ദ്രകലാരൂപികളും, തങ്ങളുടെ തപസ്സിന്റെ ഫലമായിട്ടുള്ളവരും, ത്രൈലോക്യത്തിന്നു മംഗളമായിരിക്കുന്നവരും, ഹൃദയത്തിൽ വീണ്ടും വീണ്ടും ആവിർഭവിക്കുന്നവരും, ആനന്ദരൂപേണ അനുഭവപ്പെടുന്നവരുമായ ശ്രീപാർവ്വതീപരമേശ്വരന്മാൎക്കു് ഇതാ എന്റെ നമസ്കാരം.

ഗലന്തീ ശംഭോ ത്വച്ചരിതസരിതഃ കില്ബിഷരജോ
ദലന്തീ ധീകുല്യാസരണിഷു പതന്തീ വിജയതാം।
ദിശന്തീ സംസാരഭ്രമണപരിതാപോപശമനം
വസന്തീ മച്ചേതോഹ്രദഭുവി ശിവാനന്ദലഹരീ॥ ൨

അന്വ:—ഹേ ശംഭോ (അല്ലയോ ശിവനേ) ത്വച്ചരിതസരിതഃ ഗലന്തീ (നിന്തിരുവടിയുടെ ചരിതമാകുന്ന നദിയിൽനിന്നു നിർഗ്ഗളിക്കുന്നതും) കില്ബിഷരജഃദലന്തീ (പാപമാകുന്ന പൊടിയെ ഇല്ലാതാക്കുന്നതും) ധീകുല്യാസരണിഷു പതന്തീ(ബുദ്ധിയാകുന്ന ജലപ്രവാഹമാർഗ്ഗങ്ങളിൽ പതിക്കുന്നതും) സംസാരഭ്രമണപരിതാപോപശമനം ദിശന്തീ (സംസാരത്തിലുള്ള ഭ്രമണംകൊണ്ടുണ്ടായ പരിതാപ

ത്തിന്നു ശമനം നല്കുന്നതുമായ) ശിവാനന്ദലഹരീ (ശിവാനന്ദലഹരി) മച്ചേതോഹ്രദഭുവി വസന്തീ (എന്റെ മനസ്സാകുന്ന കയത്തിൽ വസിക്കുന്നതായിട്ടു്) വിജയതാം (വിജയിക്കട്ടെ.)

സാരം:—അല്ലയോ ശിവനേ, നിന്തിരുവടിയുടെ ചരിതമാകുന്ന നദിയിൽനിന്നു പുറപ്പെട്ടു്, പാപമാകുന്ന പൊടിയെ നീക്കംചെയ്തു്, ബുദ്ധിയാകുന്ന നീർച്ചാലുകളിൽ പതിച്ചു, സംസാരഭ്രമണത്താലുണ്ടായ സന്താപത്തിന്നു ശമനംവരുത്തിക്കൊണ്ടിരിക്കുന്ന ശിവാനന്ദലഹരി എന്റെ മനസ്സാകുന്ന കയത്തിൽ ലയിച്ചു സർവ്വോൽകർഷേണ വർത്തിക്കുമാറാകട്ടെ.

ത്രയീവേദ്യം ഹൃദ്യം ത്രിപുരഹരമാദ്യം ത്രിനയനം
ജടാഭാരോദാരം ചലദുരഗഹാരം മൃഗധരമ്।
മഹാദേവം ദേവം മയി സദയഭാവം പശുപതിം
ചിദാലംബം സാംബം ശിവമതിവിഡംബം
ഹൃദി ഭജേ॥ ൩

അന്വ:—ത്രയീവേദ്യം (മൂന്നു വേദങ്ങളെക്കൊണ്ടറിയപ്പെടേണ്ടവനും) ഹൃദ്യം (ഹൃദയപ്രിയനായവനും) ത്രിപുരഹരം (ത്രിപുരസംഹാരം ചെയ്തവനും) ആദ്യം (ആദിഭൂതനും) ത്രിനയനം (മുക്കണ്ണനും) ജടാഭാരോദാരം (ജടക്കെട്ടുകൊണ്ടു മനോഹരനായവനും) ചലദുരഗഹാരം (ഇളകുന്ന സർപ്പഹാരത്തോടുകൂടിയവനും) മൃഗധരം (മാനിനെ ധരിക്കുന്നവനും) മയിസദയഭാവം (എന്നിൽ ദയയോടുകൂടിയ ഭാവമുള്ളവനും) പശുപതിം (സംസാരബദ്ധന്മാൎക്കു നാ

ഥനായവനും) ചിദാലംബം (ജ്ഞാനത്തിന്നാശ്രയമായവനും) സാംബം (അംബികയോടുകൂടിയിരിക്കുന്നവനും) ശിവമതിവിഡംബം (നല്ല ബുദ്ധിയുള്ളവരെ അനുകരിക്കുന്നവനുമായ) ദേവം മഹാദേവം (സർവ്വേശ്വരനായ പരമേശ്വരനെ) അഹം ഹൃദി ഭജേ (ഞാൻ ഹൃദയത്തിൽ ഭജിക്കുന്നു.)

സാരം:— മൂന്നു വേദങ്ങളെക്കൊണ്ടറിയപ്പെടേണ്ടവനും, അറിഞ്ഞുകഴിഞ്ഞാൽ ഹൃദയത്തിന്നു പ്രിയനായവനും, ത്രിപുരാന്തകനും, ആദിഭൂതനും, മുക്കണ്ണനും, ജടാഭാരംകൊണ്ടു ശോഭിക്കുന്നവനും, ഇളകുന്ന സർപ്പഹാരത്തേയും മാനിനേയും ധരിക്കുന്നവനും, എന്നെക്കുറിച്ചു കരുണയുള്ളവനും, സംസാരബദ്ധന്മാരാകയാൽ പശുപ്രായന്മാരായ ജീവികൾക്കു നാഥനായവനും, ജ്ഞാനത്തിന്നാശ്രയമായവനും, അംബികാസമേതനും, കല്യാണബുദ്ധികളായവരെ അനുകരിക്കുന്നവനുമായ ശ്രീമഹാദേവനെ ഞാൻ ഹൃദയത്തിൽ ഭജിക്കുന്നു.

സഹസ്രം വർത്തന്തേ ജഗതി വിബുധാഃ ക്ഷുദ്രഫലദാ
ന മന്യേ സ്വപ്നേ വാ തദനുസരണം തൽകൃതഫലമ്।
ഹരിബ്രഹ്മാദീനാമപി നികടഭാജാമസുലഭം
ചിരം യാചേ ശംഭോ ശിവ തവ പദാംഭോജഭജനമ്॥ ൪

അന്വ:—ക്ഷുദ്രഫലദാഃ (നിസ്സാരമായ ഫലത്തെ ദാനംചെയ്യുന്നവരായ) വിബുധാഃ (ദേവന്മാർ) ജഗതി (ലോകത്തിൽ) സഹസ്രംവർത്തന്തേ (ആയിരം പേരുണ്ടു്.) അഹം (ഞാൻ) സ്വപ്നേവാ (സ്വപ്നത്തിൽപോലും) തദ്

നുസരണം (അവരുടെ അനുസരണത്തെയും) തൽകൃതഫ ലം ച (അവരാൽ ചെയ്യപ്പെട്ട ഫലത്തെയും) നമന്യേ (ബഹുമാനിക്കുന്നില്ല.) നികടഭാജാം (സമീപത്തെ പ്രാ പിച്ച) ഹരിബ്രഹ്മാദീനാം അപി (വിഷ്ണു-ബ്രഹ്മാവു മുത ലായവൎക്കു കൂടിയും) അസുലഭം (സുലഭമല്ലാത്തതായ) തവ പദാംഭോജഭജനം (നിന്തിരുവടിയുടെ പാദാരവിന്ദഭജന ത്തെ) ഹേ ശംഭോശിവ (അല്ലയോ ശംഭുവായ ശിവനെ) ചിരം യാചേ (വളരെക്കാലം യാചിക്കുന്നു.)

സാ:—ക്ഷുദ്രങ്ങളായ ഫലങ്ങളെ നല്കുന്ന ദേവന്മാർ ലോകത്തിൽ ആയിരം പേരുണ്ടു്. ഞാൻ സ്വപ്നത്തിൽ പോലും അവരെ അനുസരിച്ചു നടക്കാനും അവർ നല്കു ന്ന ഫലത്തെ ബഹുമാനിപ്പാനും ഭാവമില്ല. അല്ലയോ ശംഭുവായ ശിവനെ, സമീപത്തിങ്കൽ വന്നെത്തിയ വി ഷ്ണു-ബ്രഹ്മാവു മുതലായവൎക്കുകൂടിയും എളുപ്പത്തിൽ ലഭി ക്കാവതല്ലാത്ത നിന്തിരുവടിയുടെ പാദാരവിന്ദഭജനത്തെ യാണു് ഞാൻ വളരെക്കാലമായി യാചിക്കുന്നതു്.

സ്മൃതൌ ശാസ്ത്രേ വൈദ്യേ ശകുനകവിതാഗാന
ഫണിതൌ
പുരാണേ മന്ത്രേ വാ സ്തുതിനടനഹാസ്യേഷ്വചതുരഃ।
കഥം രാജ്ഞാം പ്രീതിൎഭവതി മയി കോഹം പശുപതേ
പശും മാം സൎവ്വജ്ഞ പ്രഥിതകൃപയാ പാലയവിഭോ॥ ൫

അന്വ:—അഹം (ഞാൻ) സ്മൃതൌ ശാസ്ത്രേ വൈ ദ്യേ (സ്മൃതിയിലോ ശാസ്ത്രത്തിലോ വൈദ്യത്തിലോ) ശ കുനകവിതാഗാനഫണിതൌ (ശകുനം പറയുന്നതിലോ,

കവിതയിലോ, ഗാനവിദ്യയിലോ) പുരാണേ മന്ത്രേവാ (പുരാണത്തിലോ മന്ത്രത്തിലോ) സ്തുതിനടനഹാസ്യേഷു വാ (സ്തുതിയിലും നടനത്തിലും ഹാസ്യത്തിലുമോ) അചതുരഃ അസ്മി (അസമത്ഥനായി ഭവിക്കുന്നു.) രാജ്ഞാം (രാജാക്കന്മാൎക്കു്) കഥം മയി പ്രീതിഃ ഭവതി (എങ്ങിനെ യെന്നിൽ പ്രീതി ജനിക്കുന്നു) കഃ അഹം (ആരാണു് ഞാൻ?) ഹേ സൎവ്വജ്ഞപശുപതേ (അല്ലയോ സൎവ്വജ്ഞനായ പശുപതേ) ഹേ വിഭോ (അല്ലയോ പ്രഭോ) പശും മാം (പശുവായ എന്നെ) പ്രഥിതകൃപയാ (പ്രവൃദ്ധമായ കൃപയോടുകൂടി) പാലയ (പാലിക്കേണമെ)

സാ:—ഞാൻ സ്മൃതി മുതലായവയിൽ സാമത്ഥ്യമില്ലാത്തവനാകുന്നു. പിന്നെയെങ്ങിനെ രാജാക്കന്മാൎക്കെന്നിൽ പ്രീതിയുണ്ടാകും? ആരാണു് ഞാൻ? അല്ലയോ സൎവ്വജ്ഞനും പശുപതിയുമായ പ്രഭോ, കേവലം പശുവായ എന്നെ നിന്തിരുവടി പെരിയ കൃപയോടുകൂടി പരിപാലിക്കേണമെ.

ഘടോവാ മൃൽപിണ്ഡോപ്യണുരപി ച ധൂമോഗ്നിരചലഃ
പടോവാ തന്തുൎവ്വാ പരിഹരതി കിം ഘോരശമനമ്,
വൃഥാ കണ്ഠക്ഷോഭം വഹസി തരസാ തൎക്കവചസാ
പദാംഭോജം ശംഭോൎഭജ പരമസൌഖ്യം വ്രജസുധീഃ॥ ൬

അന്വ:—ഘടഃവാ (കുടമോ) മൃൽപിണ്ഡഃ അപി (മൺകട്ടയോ) അണുഃ അപി ച (പരമാണുവോ) ധൂമഃ അഗ്നിഃ അചലഃ പടഃ വാ (പുകയോ തീയ്യോ പൎവ്വതമോ വസ്ത്രമോ) തന്തുഃ വാ (നൂലോ) ഘോരശമനം കിം പരിഹ

രതി (ഘോരനായ മൃത്യുവിനെ പോക്കമോ) ഹേ സുധീഃ (അല്ലയോ ബുദ്ധിയുള്ളവനെ) തക്ക്വചസാ (തക്ശാസ്ത്രത്തിലുള്ള വാക്കുകളെക്കൊണ്ടു്) തരസാ (വേഗത്തിൽ) ത്വം (നീ) വൃഥാ കണ്ഠക്ഷോഭം വഹസി (വെറുതെ കണ്ഠക്ഷോഭത്തെ വഹിക്കുന്നു.) ശംഭോഃ പദാംഭോജം ഭജ (ശിവൻെറ പാദപത്മത്തെ ഭജിച്ചാലും) പരമസൌഖ്യം വ്രജ (പരമമായ സൌഖ്യത്തെ പ്രാപിച്ചാലും)

സാ:—തക്ശാസ്ത്രത്തെക്കുറിച്ചു സംസാരിക്കുന്നവരുടെയിടയിൽ പ്രസിദ്ധങ്ങളായ വാക്കുകളാണു് ഘടം, മൃൽപിണ്ഡം, പരമാണു, ധൂമം, അഗ്നി, പവ്വതം, പടം, തന്തു എന്നിവ. എന്നാൽ ഈ വസ്തുക്കളൊന്നും അതിഘോരമായ മൃത്യുവിനെ തടുക്കുകയില്ല. തക്ശാസ്ത്രത്തിലെ വാക്കിനെ ഉച്ചരിച്ചു് വെറുതെ കണ്ഠക്ഷോഭം ചെയ്യേണ്ട. അല്ലയോ ബുദ്ധിയുള്ളവനെ, അങ്ങു് ശിവൻെറ പാദാരവിന്ദത്തെ ഭജിക്കുക. എന്നാൽ പരമമായ സൌഖ്യം കൈവരും.

മനസ്തേ പാദാബ്ജേ നിവസതു വചഃ സ്തോത്രഫണിതൌ
കരൌ ചാഭ്യച്ചായാം ശ്രുതിരപി കഥാകണ്ണനവിധൌ
തവധ്യാനേ ബുദ്ധിന്നയനയുഗളം മൂത്തിവിഭവേ
പരഗ്രന്ഥാൻ കൈർവാ പരശിവ ന ജാനേ പരമതഃ॥ ൭

അന്വ:—ഹേ പരശിവ (അല്ലയോ പരമശിവ) മമ മനഃ തേ പാദാബ്ജേ നിവസതു (എൻെറ മനസ്സ് നിന്തിരുവടിയുടെ പാദാരവിന്ദത്തിൽ വസിക്കട്ടെ) വചഃ സ്തോ

ത്രഘണിതൌ നിവസതു (വാക്ക സ്തോത്രോച്ചാരണത്തിൽ വസിക്കട്ടെ) കരൌ അഭ്യർച്ചായാം ച നിവസതാം (കൈകൾ അർച്ചനത്തിങ്കൽ വസിക്കട്ടെ) ശ്രുതിഃ അപി കഥാകർണ്ണനവിധൌ നിവസതു (കാതു് കഥ കേൾക്കുന്നതിൽ വസിക്കട്ടെ) ബുദ്ധിഃ തവ ധ്യാനേ നയനയുഗളം മൂർത്തിവിഭവേ ച നിവസതു (ബുദ്ധി നിന്തിരുവടിയുടെ ധ്യാനത്തിലും, കണ്ണിണ നിന്തിരുവടിയുടെ സ്വരൂപദർശനത്തിലും വസിക്കട്ടെ) പാദൌ പ്രാദക്ഷിണ്യേ ച നിവസതാം (കാലുകൾ പ്രദക്ഷിണം ചെയ്യുന്നതിലും വസിക്കട്ടെ) അതഃപരം (ഇതിൽനിന്നു പരമായതിനെ) അഹം ന ജാനേ (ഞാൻ അറിയുന്നില്ല.)

സാരം:—അല്ലയോ പരമശിവനെ എൻെറ മനസ്സ് നിന്തിരുവടിയുടെ പാദപത്മത്തിലും, വാക്ക സ്തോത്രോച്ചാരണത്തിലും, കൈകൾ പൂജാവിധിയിലും, കാതു കഥാശ്രവണത്തിലും, ബുദ്ധി ധ്യാനത്തിലും, കണ്ണിണ മൂർത്തിദർശനത്തിലും, കാലുകൾ പ്രദക്ഷിണീകരണത്തിലും ഏർപ്പെട്ടുകൊണ്ടിരിക്കട്ടെ. ഇതിൽനിന്നു കവിഞ്ഞു് ഒന്നും തന്നെ ഞാൻ അറിയുന്നില്ല. [ഈ ശ്ലോകത്തിൻെറ നാലാം പാദത്തിന്നു് "പരഗ്രന്ഥാൻ കൈവാ പരമശിവ ജാനേ പരമതഃ" എന്നു പാഠഭേദം ചില പുസ്തകങ്ങളിൽ കാണുന്നുണ്ടു്. ഇവിടെ സ്വീകരിച്ച ഗ്രന്ഥപാഠമാണു് യുക്തതരമെന്നു തോന്നുന്നു.]

യഥാബുദ്ധിഃ ശുക്തൌ രജതമിതി കാചാശ്മനി മണി—
ർജ്ജലേ പൈഷ്ടേ ക്ഷീരം ഭവതി മൃഗതൃഷ്ണാസു സലിലമ്,

തഥാ ദേവ ഭ്രാന്ത്യാ ഭജതി ഭവദന്യം ജഡജനോ
മഹാദേവേശം ത്വാം മനസി ച ന മത്വാ പശു
പതേ॥ ൮

അന്വ:—യഥാ (യാതൊരുപ്രകാരം) ശുക്തൌ രജതം ഇതി (ചിപ്പിയിൽ വെള്ളിയെന്നും) കാചാശ്മനി മണിഃ ഇതി (കുപ്പിച്ചില്ലിൽ മണിയെന്നും) പൈഷ്ടേ ജലേ ക്ഷീരം ഇതി (അരിമാവുവെള്ളത്തിൽ പാലെന്നും) മൃഗതൃഷ്ണാസു സലിലം ഇതി ച (മൃഗതൃഷ്ണകളിൽ വെള്ളമെന്നുമുള്ള) ബുദ്ധിഃ ഭവതി (ബുദ്ധി ഭവിക്കുന്നുവോ) തഥാ (അപ്രകാരം) ഹേ ദേവ (അല്ലയോ ദേവ) ഹേ പശുപതേ (അല്ലയോ പശുപതേ) ജഡജനഃ (ബുദ്ധിയില്ലാത്ത ജനം) ഭ്രാന്ത്യാ (ഭ്രമം ഹേതുവായിട്ട്) മഹാദേവേശം ത്വാം (മഹാദേവനും ഈശ്വരനും ആയ നിന്തിരുവടിയെ) മനസി ന മത്വാ ച (മനസ്സിൽ വിചാരിക്കാതെ) ഭവദന്യം ഭജതി (ഭവാങ്കൽനിന്നു അന്യനായ ദേവനെ ഭജിക്കുന്നു.)

സാ:—ചിപ്പി കണ്ടിട്ട് വെള്ളിയെന്നും, കുപ്പിച്ചില്ലു കണ്ടിട്ട് രത്നമെന്നും, അരിമാവു കലക്കിയ വെള്ളം കണ്ടിട്ട് പാലെന്നും, മൃഗതൃഷ്ണ കണ്ടിട്ട് വെള്ളമെന്നും തോന്നുന്നതുപോലെ ബുദ്ധിയില്ലാത്ത ജനത്തിന്നു് ഭ്രമമുണ്ടാവുകയും, അതുനിമിത്തം അവർ മഹാദേവേശ്വരനായ നിന്തിരുവടിയെ മനസ്സിൽ വിചാരിക്കാതെ അന്യദേവനെ ഭജിക്കുകയും ചെയ്യുന്നു. മനസ്സിലെ ആ ഭ്രമം തീൎന്നാൽ സൎവ്വേശ്വരനായ നിന്തിരുവടിയുടെ ജ്ഞാനമുണ്ടാകയും. അപ്പോൾ നിന്തിരുവടിയെത്തന്നെ ഭജിക്കുകയും ചെയ്യുമെന്നു താല്പൎയ്യം.

ഗഭീരേ കാസാരേ വിശതി വിജനേ ഘോരവിപിനേ
വിശാലേ ശൈലേ ച ഭ്രമതി കുസുമാൎത്ഥം ജഡമതിഃ।
സമർപ്പൈ്യകം ചേതസ്സരസിജമുമാനാഥ ഭവതേ
സുഖേനാവസ്ഥാതും ജന ഇഹ ന ജാനാതി കിമ
ഹോ॥ ൯

അന്വ:—ജഡമതിഃ (ജഡബുദ്ധിയായവൻ) കുസുമാൎത്ഥം (പുഷ്പത്തിനുവേണ്ടി) ഗഭീരേ കാസാരേ വിശതി (കുണ്ടുള്ള കുളത്തിൽ പ്രവേശിക്കുന്നു) വിജനേ ഘോരവിപിനേ വിശാലേ ശൈലേ ച ഭ്രമതി ച (ജനശൂന്യമായ ഘോരവനത്തിലും വിശാലമായ പൎവ്വതത്തിലും ചുററിത്തിരിയുകയും ചെയ്യുന്നു.) ഹേ ഉമാനാഥ (അല്ലയോ പാൎവ്വതീകാന്ത) ഭവതേ (നിന്തിരുവടിക്കായിക്കൊണ്ടു്) ഏകം ചേതസ്സരസിജം സമർപ്യ (ഏകമായ മനസ്സാകുന്ന താമരപ്പൂവിനെ സമൎപ്പിച്ചിട്ടു്) സുഖേന അവസ്ഥാതും (സുഖത്തോടുകൂടി ഇരിക്കുവാൻ) ഇഹ ജനഃ (ഇവിടെയുള്ള ജനം) കിം ന ജാനാതി (എന്തുകൊണ്ടറിയുന്നില്ല) അഹോ (ആശ്ചൎയ്യം.)

സാ:—മൂഢബുദ്ധിയായ ഭക്തജനം നിന്തിരുവടിയെ പൂജിക്കുന്നതിനുള്ള പുഷ്പത്തിനുവേണ്ടി കുണ്ടൻകുളത്തിൽ ഇറങ്ങുകയും, ജനശൂന്യമായ ഘോരകാന്താരത്തിലും പരപ്പേറിയ പൎവ്വതത്തിലും ചുററിത്തിരിയുകയും ചെയ്യുന്നു. മനസ്സാകുന്ന ഒരു താമരപ്പൂവു് നിന്തിരുവടിക്കു സമൎപ്പിച്ചു് സുഖത്തോടുകൂടി ഇരിക്കുവാൻ ഇവിടെയുള്ള ജനങ്ങൾക്കു അറിവില്ലാതെ പോയതു് ആശ്ചൎയ്യംതന്നെ.

നരത്വം ദേവത്വം നഗവനമൃഗത്വം മശകതാ
പശുത്വം കീടത്വം ഭവതു വിഹഗത്വാദിജനനമ്
സദാ ത്വൽപാദാബ്ജസ്മരണപരമാനന്ദലഹരീ-
വിഹാരാസക്തം ചേദ്ധൃദയമിഹകിം തേന വപുഷാ॥
൧൦

അന്വ:—നരത്വം ദേവത്വം (മനുഷ്യത്വമോ ദേവത്വമോ) നഗവനമൃഗത്വം (നഗമൃഗം=വാനരൻ, വനമൃഗം=കാട്ടുമൃഗം എന്ന അവസ്ഥയോ) മശകതാ (മശകാവസ്ഥയോ) പശുത്വം കീടത്വം (പശുത്വമോ കീടത്വമോ) വിഹഗത്വാദിജനനം വാ (പക്ഷിത്വം മുതലായ ജനനമോ) ഭവതു (ഭവിച്ചോട്ടെ) ഹൃദയം (മനസ്സ്) സദാ (എല്ലായ്പോഴും) ത്വൽപാദാബ്ജസ്മരണപരമാനന്ദലഹരീ വിഹാരാസക്തം ചേൽ (നിന്തിരുവടിയുടെ പാദാരവിന്ദസ്മരണമാകുന്ന പരമാനന്ദലഹരിയിൽ കളിക്കുവാൻ ആസക്തിയുള്ളതാണെങ്കിൽ) ഇഹ (ഈ ലോകത്തിൽ) തേന വപുഷാ (ആ ശരീരംകൊണ്ടു്) കിം (എന്തുഫലം.)

സാ:—മനുഷ്യനായോ, ദേവനായോ, കുരങ്ങായോ, മൃഗമായോ, മശകമായോ, പശുവായോ, പുഴുവായോ, പക്ഷി മുതലായതായോ ജനിച്ചുകൊള്ളട്ടെ. എല്ലായ്പോഴും നിന്തിരുവടിയുടെ പാദാരവിന്ദസ്മരണമാകുന്ന പരമാനന്ദലഹരിയിൽ വിഹരിപ്പാൻ ആസക്തിയുള്ള ഹൃദയമുണ്ടെങ്കിൽ പിന്നെ എന്തു ശരീരത്തെ സ്വീകരിച്ചാലും കൊള്ളാം.

വടുർവ്വാ ഗേഹീ വാ യതിരപി ജടീ വാ തദിതരോ
നരോ വാ യഃകശ്ചിദ്ഭവതു ഭവ കിം തേന ഭവതി॥

യദീയം ഹൃൽപദ്മം യദി ഭവദധീനം പശുപതേ
തദീയസ്ത്വം ശംഭോ ഭവസി ഭവഭാരം ച വഹസി॥ ൧൧

അന്വ:—വടുഃ വാ (ബ്രഹ്മചാരിയോ) ഗേഹീവാ (ഗൃഹസ്ഥനോ) യതിഃ അപി (സന്ന്യാസിയോ) ജടീ വാ (ജടയെ ധരിക്കുന്നവനോ) തദിതരഃ യഃകശ്ചിൽ നരഃ വാ ഭവതു (അവരിൽനിന്നു അന്യനായ ഏതെങ്കിലും ഒരു മനുഷ്യനോ ആകട്ടെ) ഹേ ഭവ (അല്ലയോ ശിവനെ) തേന കിം ഭവതി (അതുകൊണ്ടെന്തു ഭവിക്കുന്നു.) ഹേ പശുപതേ ശംഭോ (അല്ലയോ പശുപതിയായ ശിവനെ) യദീയം ഹൃൽപദ്മം (യാതൊരുവൻെറ ഹൃദയപത്മം) ഭവദധീനം (നിന്തിരുവടിക്കധീനമാകുന്നുവോ) തദീയഃ ത്വം ഭവസി (അവൻെറയാണു് നിന്തിരുവടി) ഭവഭാരം വഹസി ച (സംസാരഭാരത്തെ നിന്തിരുവടി വഹിക്കുകയും ചെയ്യുന്നു)

സാ:—ഒരുവൻ ബ്രഹ്മചാരിയോ, ഗൃഹസ്ഥനോ, സന്ന്യാസിയോ, ജടയുള്ളവനോ, മററുവല്ല മനുഷ്യനോ ആയിക്കൊള്ളട്ടെ; അതുകൊണ്ടെന്തു ഭവിക്കുന്നു? അല്ലയോ പശുപതിയായ ശിവനെ, ആരുടെ ഹൃദയപുണ്ഡരീകം നിന്തിരുവടിക്കു അധീനമായിരിക്കുന്നുവോ അവൻെറ ആളാകുന്നു നിന്തിരുവടി; അവൻെറ സംസാരച്ചുമടു് അവിടുന്നു വഹിക്കുകയും ചെയ്യുന്നു.

ഗുഹായാം ഗേഹേ വാ ബഹിരപി വനേവാദ്രിശിഖരേ
ജലേ വാ വഹ്നൌ വാ വസതു വസതേഃ കിം വദഫലമ്?

സദാ യസ്യൈവാന്തഃകരണമപി ശംഭോ തവ പദേ
സ്ഥിതം ചേദ്യോഗോസൌ സ ച പരമയോഗീ സ ച
സുഖീ॥ ൧൨

അന്വ:—യഃകശ്ചിൽ (ആരെങ്കിലുമൊരുവൻ) ഗുഹായാം ഗേഹേ വാ (ഗുഹയിലോ ഗൃഹത്തിലോ) ബഹിഃ അപി (പുറത്തോ) വനേ അദ്രിശിഖരേ വാ (കാട്ടിലോ പൎവ്വതക്കൊട്ടുമുടിയിലോ) ജലേ വാ വഹ്നൌ വാ (വെള്ളത്തിലോ തീയ്യിലോ) വസതു (വസിക്കട്ടെ) വസതേഃ കിം ഫലം വദ (വാസസ്ഥാനത്തിന്നു എന്തു ഫലമാണു്, പറഞ്ഞാലും) ഹേ ശംഭോ (അല്ലയോ ശിവനെ) യസ്യ ഏവ അന്തഃകരണം അപി (യാതൊരുവൻെറ മനസ്സ്) സദാ (എല്ലായ്പോഴും) തവ പദേ സ്ഥിതം ചേൽ (നിന്തിരുവടിയുടെ പദത്തിൽ സ്ഥിതമാകുന്നുവെങ്കിൽ) അസൌ യോഗഃ (അതാണു് യോഗം) സഃ ച പരമയോഗീ (അവനാണു് പരമയോഗി) സഃ ച സുഖീ (അവനാണു് സുഖിയും.)

സാ:—ഒരുവൻ ഗുഹയിലോ, ഗൃഹത്തിലോ, പുറത്തോ, കാട്ടിലോ, പൎവ്വതശിഖരത്തിലോ, വെള്ളത്തിലോ തീയ്യിലോ, എവിടെയെങ്കിലും പാൎത്തുകൊള്ളട്ടെ; പാൎപ്പിടത്തിന്നു് എന്തു ഫലമാണു് എന്നു പറയുക. അല്ലയോ ശംഭോ, ഒരുവൻെറ മനസ്സ് എല്ലായ്പോഴും നിന്തിരുവടിയുടെ പാദത്തിൽ ഉറച്ചിരിക്കുന്നുവെങ്കിൽ അതാണു് യോഗം; അവനാണു് പരമയോഗി; അവനാണു് സുഖിയും.

അസാരേ സംസാരേ നിജഭജനദൂരേ ജഡധിയാ
ഭ്രമന്തം മാമന്ധം പരമകൃപയാ പാതുമുചിതമ്,

മദന്യഃ കോ ദീനസ്തവ കൃപണരക്ഷാതിനിപുണ-
സ്ത്വദന്യഃ കോ വാ മേ ത്രിജഗതി ശരണ്യഃ പശു
പതേ॥ ൧൩

അന്വ:—ജഡധിയാ (അറിവില്ലാത്ത ബുദ്ധി ഹേതുവായിട്ടു്) നിജ ഭജനദൂരെ (തന്റെ ഭജനത്തിൽനിന്നകന്നതായും) അസാരേ (നിസ്സാരമായുമിരിക്കുന്ന) സംസാരേ (സംസാരത്തിൽ) ഭ്രമന്തം (ഭ്രമിക്കുന്നവനും) അന്ധം (അന്ധനുമായ) മാം (എന്നെ) പരമകൃപയാ (വലിയ കൃപയോടുകൂടി) പാതും ഉചിതം (പാലിക്കുവാൻ യുക്തമാകുന്നു) ഹേ പശുപതേ (അല്ലയോ പശുപതേ) തവ (നിന്തിരുവടിക്കു്) മദന്യഃ കഃ ദീനഃ (ഞാനല്ലാതെ ആരാണു് ദീനനായിട്ടുള്ളതു്) ത്വദന്യഃ (നിന്തിരുവടിയല്ലാതെ) കൃപണരക്ഷാതിനിപുണഃ കഃ വാ (ദീനന്മാരെ രക്ഷിക്കുന്നതിൽ അതിനിപുണനായ ഏതൊരുവനാണു്) മേ (എനിക്കു്) ത്രിജഗതി (മൂന്നു ലോകത്തിലും) ശരണ്യഃ (ശരണാർഹനായിട്ടുള്ളതു്.)

സാ:—ബുദ്ധിയുടെ ജാഡ്യം നിമിത്തം നിന്തിരുവടിയുടെ ഭജനത്തിൽനിന്നു് അകന്നു് നിസ്സാരമായ സംസാരത്തിൽ ചുററിത്തിരിയുന്നവനും, കേവലം അന്ധനുമായ എന്നെ പരമകൃപയോടുകൂടി നിന്തിരുവടി പാലിക്കേണ്ടതാണു്. ദീനന്മാരെ രക്ഷിക്കുന്നവനായ നിന്തിരുവടിക്കു് ഞാനല്ലാതെ ആരാണു് ദീനനായിട്ടുള്ളവൻ? നിന്തിരുവടിയല്ലാതെ ദീനരക്ഷാദക്ഷനായ മററാരാണു് മൂന്നു ലോകത്തിൽവെച്ചും എനിക്കു ശരണ്യനായിട്ടുള്ളവൻ?

പ്രഭുസ്ത്വം ദീനാനാം ഖലു പരമബന്ധുഃ പശുപതേ
പ്രമുഖ്യോഽഹം തേഷാമപി കിമുത ബന്ധുത്വമനയോഃ।
ത്വയൈവ ക്ഷന്തവ്യാഃ ശിവ മദപരാധാശ്ച സകലാഃ
പ്രയത്നാൽ കർത്തവ്യം മദവനമിയം ബന്ധുസരണിഃ॥
൨൮

അന്വ:—ഹേ പശുപതേ (അല്ലയോ പശുപതേ) പ്രഭുഃ ത്വം (പ്രഭുവായ നിന്തിരുവടി) ദീനാനാം പരമബന്ധുഃ ഖലു (ദീനന്മാരുടെ പരമബന്ധുതന്നെയാകുന്നു) അഹം അപി (ഞാനാകട്ടെ) തേഷാം പ്രമുഖ്യഃ (അവരിൽ വെച്ച് അതായത് ദീനന്മാരിൽവെച്ച് മുഖ്യനുമാകുന്നു) അനയോഃ (ഈ രണ്ടുപേൎക്ക് അതായത് നിന്തിരുവടിക്കും എനിക്കും) ബന്ധുത്വം കിമുത (ബന്ധുത്വം ഉണ്ടെന്നു പറയേണ്ടതുണ്ടോ) ഹേ ശിവ (അല്ലയോ ശിവ) ത്വയാ ഏവ (നിന്തിരുവടിയാൽതന്നെ) സകലാഃ മദപരാധാഃ ച (എന്റെ എല്ലാ കുററങ്ങളും) ക്ഷന്തവ്യാഃ (ക്ഷമിക്കപ്പെടാവുന്നവയാണ്) പ്രയത്നാൽ (പ്രയത്നംചെയ്തിട്ട്) മദവനം കർത്തവ്യം ച (എന്റെ രക്ഷണം ചെയ്യപ്പെടേണ്ടതുമാണ്) ഇയം ബന്ധുസരണിഃ (ഇതാകുന്നു ബന്ധുവിന്റെ സമ്പ്രദായം.)

സാ:—അല്ലയോ പശുപതേ, സർവ്വപ്രഭുവായ നിന്തിരുവടി ദീനന്മാരുടെ പരമബന്ധുവാകുന്നു. ഞാനാകട്ടെ ദീനന്മാരിൽവെച്ച് മുഖ്യനുമാകുന്നു. ഈ സ്ഥിതിക്ക നമ്മൾക്കു തമ്മിൽ ബന്ധുത്വമുണ്ടെന്നു പറയേണ്ടതുണ്ടോ? ഹേ ശിവ, നിന്തിരുവടി എന്റെ എല്ലാകുററങ്ങളും ക്ഷ

മിച്ചു് പ്രയത്നപ്പെട്ടു് എന്നെ രക്ഷിക്കേണ്ടതാകുന്നു. ഇതാണല്ലോ ബന്ധുവിന്റെ സമ്പ്രദായം.

ഉപേക്ഷാ നോ ചേൽ കിം ന ഹരസി ഭവദ്ധ്യാനവിമുഖാം
ദുരാശാഭൂയിഷ്ഠാം വിധിലിപിമശക്തോ യദി ഭവാൻ।
ശിരസ്തദ്വൈധാത്രം നനു ഖലു സുവൃത്തം പശുപതേ
കഥം വാ നിര്യത്നം കരനഖമുഖേനൈവ ലുലിതമ്॥
൧൫

അന്വ:—ഉപേക്ഷാ നോ ചേൽ (ഉപേക്ഷയില്ലെങ്കിൽ) ഭവദ്ധ്യാനവിമുഖാം (നിന്തിരുവടിയുടെ ധ്യാനത്തിൽനിന്നു പിന്തിരിഞ്ഞതും) ദുരാശാഭൂയിഷ്ഠാം (ദുരാഗ്രഹമേറിയതുമായ) വിധിലിപിം (വിധിയുടെ എഴുത്തിനെ) ത്വം കിം ന ഹരസി (നിന്തിരുവടി എന്തുകൊണ്ടു നീക്കുന്നില്ല.) ഭവാൻ യദി അശക്തഃ (നിന്തിരുവടി അശക്തനാകുന്നുവോ) ഹേ പശുപതേ (അല്ലയോ പശുപതേ) സുവൃത്തം (നല്ല വൃത്താകാരത്തോടുകൂടിയ) തൽ വൈധാത്രം ശിരഃ (ആ വിധാതാവിന്റെ ശിരസ്സ്) കരനഖമുഖേന ഏവ (കൈനഖത്തിന്റെ അഗ്രംകൊണ്ടുതന്നെ) നിര്യത്നം (പ്രയാസംകൂടാതെ) കഥം വാ (എങ്ങിനെ) ന ലുലിതം ന ഖലു (നുള്ളപ്പെടാതിരുന്നില്ല. ഏററവും നുള്ളപ്പെട്ടു.)

സാ:—നിന്തിരുവടി ഉപേക്ഷ ചെയ്യുന്നില്ലെങ്കിൽ നിന്തിരുവടിയെ ധ്യാനിക്കുന്നതിൽ വൈമുഖ്യമുള്ളവാക്കുന്നതും ദുരാഗ്രഹമേറിയതുമായ എന്റെ തലയിലെഴുത്തി

നെ. എന്താണു മാച്ചുകളയാത്തതു്? വിധിയുടെ എഴുത്തു മാച്ചുവാൻ നിന്തിരുവടി അശക്തനാകുന്നുവോ? ഒരിക്കലും അങ്ങിനെയല്ല. അല്ലയോ പശുപതേ, വൃത്താകൃതിയോടുകൂടിയതായ വിധാതാവിൻെറ ആ ശിരസ്സിനെ നിന്തിരുവടി നിഷ്പ്രയാസം കൈനഖത്തിൻെറ അഗ്രംകൊണ്ടു് നുള്ളിക്കളയുകയുണ്ടായിട്ടുണ്ടല്ലോ. "ന ലുളിതം ന ഖലു" എന്ന നിഷേധവാചകങ്ങളായ രണ്ടു 'ന'കാരങ്ങൾ ഉണ്ടു്. അതുകൊണ്ടു് നിഷേധത്തെ നിഷേധിക്കുകയാണു് ചെയ്തിരിക്കുന്നതു് എന്നു ഗ്രഹിക്കേണ്ടതാണു്.

[ഈ ഘട്ടത്തിൽ ഒരു കഥ അനുസന്ധേയമാകുന്നു. പണ്ടു് പരമശിവൻെറ വലുപ്പം എത്രത്തോളമുണ്ടെന്നു് പരീക്ഷിക്കുന്നതിനുവേണ്ടി ബ്രഹ്മാവും വിഷ്ണുവുംകൂടി പുറപ്പെട്ടു. ബ്രഹ്മാവു ശിരോഭാഗത്തേയ്ക്കും, വിഷ്ണു അടിഭാഗത്തേയ്ക്കുമാണു് പോയതു്. ശിരസ്സു കാണുവാൻ പോയ ബ്രഹ്മാവു് ശിരസ്സിൽനിന്നു കീഴ്പ്പോട്ടു വീണ ഒരു പുഷ്പത്തെ കണ്ടെത്തി. അതിനോടു് ഇനി ശിരസ്സിലേയ്ക്കു് എത്ര ദൂരമുണ്ടെന്നു ചോദിച്ചപ്പോൾ താൻ ശിരസ്സിൽനിന്നു കീഴ്പോട്ടു പോരുവാൻ തുടങ്ങിയിട്ടു് അനേകകാലമായി എന്നു മറുപടി കിട്ടി. ഈ പണി തന്നെക്കൊണ്ടാവില്ലെന്നു കരുതി ബ്രഹ്മാവു് കീഴ്പോട്ടിറങ്ങി. അപ്പോഴേയ്ക്കു് വിഷ്ണുവും അടിഭാഗം കണ്ടെത്താതെ മടങ്ങിയിരുന്നു. രണ്ടുപേരും തമ്മിൽ കണ്ടെത്തിയപ്പോൾ വിഷ്ണു ചോദിച്ചു, "എന്താ ശിവൻെറ ശിരസ്സു കണ്ടുവോ?" എന്നു്. "ഓഹോ കണ്ടു" എന്നു ബ്രഹ്മാവു് ഒരു ശിരസ്സുകുലുക്കിക്കൊണ്ടു്. ഉത്തരം പറഞ്ഞു. തൽക്ഷണംതന്നെ ശിവൻ അ

സത്യകഥനം ചെയ്ത ആ ശിരസ്സിനെ കൈനഖംകൊണ്ടു നുള്ളിയെടുക്കുകയും ചെയ്തു. അങ്ങിനെ പഞ്ചമുഖനായിരുന്ന ബ്രഹ്മാവു് ചതുൎമ്മുഖനായിത്തീൎന്നു. നുള്ളിയെടുത്ത ബ്രഹ്മകപാലത്തെ പരമശിവൻ അലങ്കാരമായി ധരിക്കുകയും ചെയ്തു. ബ്രഹ്മാവിൻെറ ശിരസ്സറുത്തതുകൊണ്ടു് ശിവനു് ബ്രഹ്മഹത്യാപാപമുണ്ടെന്നു് വൈഷ്ണവന്മാർ വിശ്വസിക്കുന്നു. ഇക്കാരണത്താൽ ശിവനു നിവേദിച്ച പദാൎത്ഥങ്ങളെ വൈഷ്ണവന്മാർ ഭക്ഷിക്കുക പതിവില്ല.]

വിരിഞ്ചിൎദ്ദീൎഘായുൎഭവതു ഭവതാ തൽപരശിര-
ശ്ചതുഷ്കം സംരക്ഷ്യം സ ഖലു ഭുവി ദൈന്യം ലിഖി
തവാൻ।
വിചാരഃ കോ വാ മാം വിശദകൃപയാ പാതി ശിവ തേ
കടാക്ഷവ്യാപാരഃ സ്വയമപി ച ദീനാവനപരഃ॥ ൧൭

അന്വ:—വിരിഞ്ചിഃ ദീൎഘായുഃ ഭവതു (ബ്രഹ്മാവു ദീൎഘായുസ്സായി ഭവിക്കട്ടെ) ഭവതാ തൽപരശിരശ്ചതുഷ്കം സംരക്ഷ്യം (നിന്തിരുവടിയാൽ അദ്ദേഹത്തിൻെറ ബാക്കിയുള്ള നാലു തലകൾ രക്ഷിക്കപ്പെടണം) സഃ ഭുവി ദൈന്യം ലിഖിതവാൻ ഖലു (അദ്ദേഹം ഭൂമിയിൽ ദീനതയെ എഴുതിതന്നെ) വിചാരഃ കഃ വാ (വിചാരം എന്താകുന്നു) ഹേ ശിവ (അല്ലയോ ശിവനെ) സ്വയം അപി ച ദീനാവനപരഃ (തനിയെ തന്നെ ദീനന്മാരെ രക്ഷിക്കുന്നതിൽ താല്പൎയ്യമുള്ള) തേ കടാക്ഷവ്യാപാരഃ (നിന്തിരുവടിയുടെ കടക്കണ്ണുകൊണ്ടുള്ള പണി) വിശദകൃപയാ (തെളിഞ്ഞ കൃപയോടുകൂടി) മാം പാതി (എന്നെ രക്ഷിക്കുന്നു)

സാ:— ബ്രഹ്മാവു് നീണാൾ വാഴട്ടെ. നിന്തിരുവടി അദ്ദേഹത്തിൻെറ നുള്ളിക്കളഞ്ഞതു കഴിച്ചു ബാക്കിയുള്ള നാലു തലകളേയും സംരക്ഷിക്കണം. അദ്ദേഹം ഭൂമിയിൽ വസിക്കുന്നവരുടെ തലയിൽ ദീനതയെ എഴുതിയെന്നുള്ളതു നിശ്ചയംതന്നെ. എന്നാൽ അങ്ങിനെ ചെയ്തതിന്നു അദ്ദേഹത്തെ ശിക്ഷിക്കരുതെന്നു താല്പര്യം. ബ്രഹ്മാവു ദീനതയെഴുതിയാലും ദീനന്മാരെ രക്ഷിക്കുവാൻ നിന്തിരുവടിക്കു കഴിവുണ്ടല്ലോ. നിന്തിരുവടിയുടെ കടക്കണ്ണു കൊണ്ടുള്ള നോട്ടം പരപ്രേരണകൂടാതെ തന്നിയെത്തന്നെ ദീനരക്ഷണത്തിങ്കൽ താല്പര്യമുള്ളതാകുന്നു. ഹേ ശിവനെ, വിചാരിപ്പാനെന്തുള്ളു? ആ നോട്ടംതന്നെ ദീനനായ എന്നെ പരമകൃപയോടുകൂടി പരിപാലിക്കുന്നുണ്ടു്.

ഫലാദ്വാ പുണ്യാനാം മയി കരുണയാവാത്വയി വിഭോ
പ്രസന്നേപി സ്വാമിൻ ഭവദമലപാദാബ്ജയുഗളമ്,
കഥം പശ്യേയം മാം സ്ഥഗയതി നമഃസംഭ്രമജുഷാം
നിലിംപാനാം ശ്രേണിർന്നിജകനകമാണിക്യമകു
ടൈഃ॥ ൧൦

അന്വ:—ഹേ വിഭോ സ്വാമിൻ (അല്ലയോ പ്രഭുവായ സ്വാമിൻ) പുണ്യാനാം ഫലാൽ വാ (പുണ്യങ്ങളുടെ ഫലം ഹേതുവായിട്ടോ) മയി കരുണയാ വാ (എന്നിലുള്ള കൃപ ഹേതുവായിട്ടോ) ത്വയി പ്രസന്നേ സതി അപി (നിന്തിരുവടി പ്രസന്നനായിരിക്കും സമയത്തുകൂടിയും) ഭവദമലപാദാബ്ജയുഗളം (നിന്തിരുവടിയുടെ നിർമ്മലമായ

ര്ണ്ടു പാദാരവിന്ദങ്ങളെ) അഹം കഥം പശ്യേയം (ഞാൻ എങ്ങിനെ ദശിക്കും) നമഃസംഭ്രമജ്ജുഷാം (നമസ്കരിക്കുന്നതിന്നു ബദ്ധപ്പാടോടുകൂടിയ) നിലിംപാനാം (ദേവന്മാരുടെ) ശ്രേണിഃ (സമൂഹം) നിജകനകമാണിക്യമകുടൈഃ (തങ്ങളുടെ സ്വൎണ്ണമയങ്ങളും മാണിക്യമയങ്ങളുമായ കിരീടങ്ങളെക്കൊണ്ടു്) മാം സ്ഥഗയതി (എന്നെ മറയ്ക്കുന്നു.)

സാ:—അല്ലയോ പ്രഭുവായ സ്വാമിൻ, എൻെറ സുകൃതഫലത്താലോ അവിടത്തെക്കരുണയാലോ നിന്തിരുവടി എന്നെക്കുറിച്ചു പ്രസാദിച്ചാൽകൂടിയും നിന്തിരുവടിയുടെ നിൎമ്മലമായ പാദാരവിന്ദദ്വയത്തെ ഞാൻ എങ്ങിനെ കാണും? എന്തുകൊണ്ടെന്നാൽ, തൃക്കാല്ക്കൽ നമസ്കരിക്കുന്നതിന്നു ഞാൻ മുമ്പു് ഞാൻ മുമ്പു് എന്ന ബദ്ധപ്പാടോടുകൂടിയ ദേവന്മാരുടെ സമൂഹം തങ്ങളുടെ സ്വൎണ്ണംകൊണ്ടും മാണിക്യംകൊണ്ടുമുള്ള കിരീടങ്ങളെക്കൊണ്ടു എന്നെ മറച്ചുകളയുന്നു.

ത്വമേകോ ലോകാനാം പരമഫലദോ ദിവ്യപദവീം
വഹന്തസ്ത്വന്മൂലാം പുനരപി ഭജന്തേ ഹരിമുഖാഃ।
കിയദ്വാ ദാക്ഷിണ്യം തവ ശിവ മദാശാ ച കിയതീ
കദാ വാ മദ്രക്ഷാം വഹസി കരുണാപൂരിതദൃശാ॥ ൨൫

അന്വ:—ത്വം ഏകഃ (നിന്തിരുവടി ഒരുവനാണു്) ലോകാനാം പരമഫലദഃ (ജനങ്ങൾക്കു പരമമായ ഫലത്തെ ദാനംചെയ്യുന്നവൻ) ത്വന്മൂലാം ദിവ്യപദവീം വഹന്തഃ (നിന്തിരുവടി കാരണമായ ദിവ്യപദവിയെ വഹിച്ചു

കൊണ്ടിരിക്കുന്ന) ഹരിമുഖാഃ (വിഷ്ണു തുടങ്ങിയവർ) പുനഃ അപി ഭജന്തേ (പിന്നെയും ഭജിച്ചുകൊണ്ടിരിക്കുന്നു) ഹേ ശിവ (അല്ലയോ ശിവനെ) തവ ദാക്ഷിണ്യം കിയൽ വാ (നിന്തിരുവടിയുടെ ദാക്ഷിണ്യം എത്രയാണു്) മദാശാ ച കിയതീ (എന്റെ ആശയും എത്രയാണു്) ത്വം കദാ വാ (നിന്തിരുവടി എപ്പോൾ) കരുണാപൂരിതദൃശാ (കരുണ നിറഞ്ഞ കണ്ണുകൊണ്ടു്) മദ്രക്ഷാം വഹസി (എന്റെ രക്ഷയെ വഹിക്കുന്നു.)

സാ:—ലോകങ്ങൾക്കു പരമമായ ഫലത്തെ ദാനം ചെയ്യുന്ന ദേവൻ നിന്തിരുവടി മാത്രമാകുന്നു. നിന്തിരുവടി കാരണമായി ദിവ്യപദവിയെ വഹിച്ചുകൊണ്ടിരിക്കുന്ന വിഷ്ണു മുതലായവർ പിന്നെയും ഭജിച്ചുകൊണ്ടേയിരിക്കുന്നു. അവക്കു പരമമായ ഫലം ലഭിച്ചുകഴിഞ്ഞിട്ടില്ലെന്നു താല്പര്യം. ഹേ ശിവ, അവിടത്തെ ദാക്ഷിണ്യത്തിന്നു അളവില്ല; എന്റെ ആശയ്ക്കും അളവില്ല. എന്നാണു് നിന്തിരുവടി കരുണനിറഞ്ഞ തൃക്കണ്ണുകൊണ്ടു് എന്നെ രക്ഷിക്കുവാൻ പോകുന്നതു്?

ദുരാശാഭൂയിഷ്ഠേ ദുരധിപഗൃഹദ്വാരഘടകേ
ദുരന്തേ സംസാരേ ദുരിതനിലയേ ദുഃഖജനകേ ।
മദായാസം കിം ന വ്യപനയസി കസ്യോപകൃതയേ
വദേയം പ്രീതിശ്ചേത്തവ ശിവ കൃതാൎത്ഥാഃ ഖലു വയമ് ॥ ൧൯

അന്വ:—ദുരാശാഭൂയിഷ്ഠേ (ദുരാഗ്രഹമേറിയതും) ദു

രധിപഗൃഹദ്വാരഘടകേ (ദുഷ്പ്രഭുക്കളുടെ ഗൃഹവാതില്ക്കൽ എത്തിക്കുന്നതും) ദുരന്തേ (അവസാനവിരസവും) ദുരിതനിലയേ (ദുരിതങ്ങൾക്കിരിപ്പിടവും) ദുഃഖജനകേ (ദുഃഖങ്ങളെ ജനിപ്പിക്കുന്നതുമായ) സംസാരേ (സംസാരത്തിങ്കലുള്ള) മദായാസം (എന്റെ ആയാസത്തെ) ത്വം കിം ന വ്യപനയസി (നിന്തിരുവടി എന്തുകൊണ്ടു നീക്കുന്നില്ല) കസ്യ ഉപകൃതയേ അഹം വദേയം (ആരുടെ ഉപകാരത്തിന്നുവേണ്ടി ഞാൻ പറയും) ഹേ ശിവ (അല്ലയോ ശിവ) തവപ്രീതിഃ ചേൽ (നിന്തിരുവടിയുടെ പ്രീതിയുണ്ടെങ്കിൽ) വയം കൃതാൎത്ഥാഃ ഖലു (ഞങ്ങൾ കൃതാൎത്ഥന്മാർ തന്നെ.)

സാ:—ദുരാഗ്രഹമേറിയതും, ദുഷ്പ്രഭുക്കളുടെ ഗൃഹദ്വാരത്തിങ്കൽ കൊണ്ടു മുട്ടിക്കുന്നതും, ദുരന്തവും, ദുരിതങ്ങൾക്കിരിപ്പിടവും, ദുഃഖകരവുമായ സംസാരത്തിങ്കൽ കിടന്നു് ഞാനനുഭവിക്കുന്ന ആയാസത്തെ എന്താണു് നിന്തിരുവടി നീക്കിക്കളയാത്തതു്? ഞാൻ ആരോടാണു് ഉപകാരത്തിന്നു യാചിക്കേണ്ടതു്? നിന്തിരുവടിക്കു തിരുവുള്ളമുണ്ടെങ്കിൽ ഞങ്ങൾ കൃതാൎത്ഥന്മാരാകും.

സദാ മോഹാടവ്യാം ചരതി യുവതീനാം കുചഗിരൌ
നടത്യാശാശാഖാസ്വടതി ഝടിതിസ്വൈരമഭിതഃ।
കപാലിൻ ഭിക്ഷോ മേ ഹൃദയകപിമത്യന്തചപലം
ദൃഢം ഭക്ത്യാ ബദ്ധ്വാ ശിവ ഭവദധീനം കുരു
വിഭോ॥ ൨൦

അന്വ:— മേ ഹൃദയകപിഃ (എന്റെ മനസ്സാകുന്ന വാനരൻ) സദാ മോഹാടവ്യാം ചരതി (എപ്പോഴും മോഹമാകുന്ന കാട്ടിൽ സഞ്ചരിക്കുന്നു) യുവതീനാം കുചഗിരൗ നടതി (യൌവനമുള്ള സ്ത്രീകളുടെ കുചമാകുന്ന കുന്നിൽ നടനം ചെയ്യുന്നു) സ്വൈരം (സ്വൈരമാകുംവണ്ണം) അഭിതഃ (ചുറ്റുമുള്ള) ആശാശാഖാസു (ആശകളാകുന്ന മരക്കൊമ്പുകളിൽ) ഝടിതി (വേഗത്തിൽ) അടതി ച (സഞ്ചരിക്കുകയും ചെയ്യുന്നു) ഹേ കപാലിൻ ഭിക്ഷോ വിഭോ ശിവ (അല്ലയോ കപാലമേന്തി ഭിക്ഷയാചിക്കുന്ന പ്രഭുവായ ശിവനേ) അത്യന്തചപലം മേ ഹൃദയകപിം (ഒരിടത്തും ഉറയ്ക്കാത്ത എന്റെ മനസ്സാകുന്ന വാനരനെ) ഭക്ത്യാ ദൃഢം ബദ്ധ്വാ (ഭക്തികൊണ്ടു മുറുകെ കെട്ടിയിട്ടു്) ഭവദധീനം കുരു (നിന്തിരുവടിക്കധീനമാക്കി ചെയ്താലും.)

സാ:— എന്റെ ഹൃദയമാകുന്ന വാനരൻ എപ്പോഴും മോഹക്കൊടുംകാട്ടിൽ സഞ്ചരിക്കയും യുവതികളുടെ കുചക്കുന്നിൽ നടമാടുകയും ഇഷ്ടംപോലെ ചുറ്റുപാടുമുള്ള ആശകളാകുന്ന മരക്കൊമ്പുകളിൽ സഞ്ചരിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. അല്ലയോ കപാലമേന്തി ഭിക്ഷയാചിച്ചു നടക്കുന്ന മഹാപ്രഭുവായ ശിവനെ, നിന്തിരുവടി ഒന്നിലും ഉറയ്ക്കാത്തതായ എന്റെ ഹൃദയമാകുന്ന ഈ കുരങ്ങനെ ഭക്തികൊണ്ടു മുറുകെ കെട്ടി കൈവശമാക്കിക്കൊൾക. ഭിക്ഷതെണ്ടുന്നവനു് കളിപ്പിപ്പാൻ ഒരു കഞ്ചിരാമൻ അത്യാവശ്യമാണെന്നു കവിയുടെ ആശയം.

ധൃതിസ്തംഭാധാരാം ദൃഢഗുണനിബദ്ധാം സഗമനാം
വിചിത്രാം പദ്മാഢ്യാം പ്രതിദിവസസന്മാൎഗ്ഗഘ
ടിതാമ്।
സ്മരാരെ മച്ചേതഃസ്ഫുടപടകുടീം പ്രാപ്യ വിശദാം
ജയ സ്വാമിൻ ശക്ത്യാ സഹ ശിവ ഗണൈഃ സേവി
ത വിഭോ॥ ൨൧

അന്വ:—ഹേ സ്മരാരേ സ്വാമിൻ ഗണൈഃ സേവിത വിഭോ ശിവ (അല്ലയോ കാമവൈരിയും സ്വാമിയും ഭൂതഗണങ്ങളാൽ സേവിതനും പ്രഭുവുമായ ശിവനെ) ധൃതിസ്തംഭാധാരാം (ധൃതി=ധൈൎയ്യം ആകുന്ന സ്തംഭാധാരത്തോട്=ഊന്നുതൂണോടുകൂടിയതായും) ദൃഢഗുണനിബദ്ധാം (ഉറപ്പുള്ള മനോഗുണങ്ങളാകുന്ന ഗുണങ്ങൾ=കയറുകൾകൊണ്ടു കെട്ടപ്പെട്ടതായും) സഗമനാം (എളുപ്പത്തിൽ അകത്തു കടക്കാൻ കഴിയുന്നതായും) വിചിത്രാം (മനോഹരമായും) പദ്മാഢ്യാം (പദ്മം=ചക്രംകൊണ്ടു് ശ്രേഷ്ഠമായും) പ്രതിദിവസസന്മാൎഗ്ഗഘടിതാം (ദിവസംതോറും സന്മാൎഗ്ഗത്തിൽ ചേൎക്കപ്പെട്ടതായും) വിശദാം (നിൎമ്മലമായുമിരിക്കുന്ന) മച്ചേതഃസ്ഫുടപടകുടീം (എന്റെ മനസ്സാകുന്ന സ്ഫുടമായ കൂടാരത്തെ) പ്രാപ്യ (പ്രാപിച്ചിട്ടു്) ശക്ത്യാ സഹ (ശക്തിയോടു=ശ്രീപാൎവ്വതിയോടുകൂടി) ജയ (ജയിച്ചാലും.)

സാ:—അല്ലയോ ശിവനെ, ധൃതിയാകുന്ന തൂണുകൾ നാട്ടി, മനോഗുണങ്ങളാകുന്ന കയറുകളെക്കൊണ്ടു മുറുകെ കെട്ടി, എളുപ്പത്തിൽ അകത്തുകടക്കത്തക്ക നിലയിലും

ക്കി, പദ്മമെഴുതി, ദിവസംതോറും വെട്ടപ്പാക്കിവെച്ചി രിക്കുന്ന എൻെറ മനസ്സാകുന്ന മനോഹരമായ കൂടാര ത്തിൽ എഴുന്നള്ളി ശ്രീപാൎവ്വതിയോടൊരുമിച്ചു് സൎവ്വോൽ കൎഷേണ വൎത്തിക്കേണമെ.

പ്രലോഭാദ്യൈരൎത്ഥാഹരണപരതന്ത്രോധനിഗൃഹേ
പ്രവേശോദ്യുക്തഃ സൻ ഭ്രമതി ബഹുധാ തസ്കരപതേ।
ഇമം ചേതശ്ചോരം കഥമിഹ സഹേ ശങ്കര വിഭോ
തവാധീനം കൃത്വാ മയി നിരപരാധേ കുരു
കൃപാമ്॥ ൨൨

അന്വ:—ഹേ തസ്കരപതേ വിഭോ ശങ്കര (അല്ലയോ തസ്കരന്മാരുടെ നാഥനും പ്രഭുവുമായ ശങ്കര) മേ ചേത ശ്ചോരഃ (എൻെറ മനസ്സാകുന്ന കള്ളൻ) പ്രലോഭാദ്യൈഃ (പ്രലോഭം=മിരട്ടു് മുതലായവകൊണ്ടു്) അൎത്ഥാഹരണ പരതന്ത്രഃ (ധനം അപഹരിക്കുന്നതിൽ പരതന്ത്രനായി ട്ടു്) ധനിഗൃഹേ പ്രവേശോദ്യുക്തഃ സൻ (ധനികന്മാരുടെ ഗൃഹത്തിൽ പ്രവേശിക്കാനുദ്യുക്തനായിട്ടു്) ബഹുധാ ഭ്ര മതി (പല പ്രകാരത്തിൽ ചുററിത്തിരിയുന്നു) ഇമം ചേ തശ്ചോരം (ഈ മനസ്സാകുന്ന കള്ളനെ) ഇഹ കഥം അഹം സഹേ (ഇവിടെ എങ്ങിനെ ഞാൻ സഹിക്കുന്നു) ഇമം തവ അധീനം കൃത്വാ (ഇവനെ നിന്തിരുവടിക്കധീനനാ ക്കിച്ചെയ്തിട്ടു്) നിരപരാധേ മയി (അപരാധമില്ലാത്തവ നായ എന്നിൽ) കൃപാം കുരു (കൃപയെച്ചെയ്താലും)

സാ:—അല്ലയോ പശുപതിയായ ശിവനെ, എ ൻെറ മനസ്സ് വിരുതേറിയ ഒരു കള്ളനാണു്. ഈ കള്ളൻ

പല മിരട്ടുകളും പറഞ്ഞുമയക്കി ധനമപഹരിക്കുവാൻ നോക്കികൊണ്ടു ധനികന്മാരുടെ ഗൃഹത്തിൽ കടക്കുവാൻ തക്കംനോക്കി ചുററിത്തിരിയുന്നു. ഇവനെ എങ്ങിനെയാണു് ഇവിടെ വെച്ചു പൊറുപ്പിക്കേണ്ടതു്? നിന്തിരുവടി ഈ കള്ളനെ തനിക്കധീനനാക്കിത്തീൎത്തു നിരപരാധനായ എന്നിൽ കരുണ ചെയ്യണം. [തസ്കരന്മാർ പാശംകൊണ്ടു ബന്ധിക്കപ്പെട്ടുന്നവരാണു്. സംസാരമാകുന്ന പാശംകൊണ്ടു കെട്ടപ്പെട്ടുകിടക്കുന്ന സാംസാരികന്മാരെയാണു് ഈ ശ്ലോകത്തിൽ തസ്കരന്മാരെന്നു പറഞ്ഞിരിക്കുന്നതു്. പരമശിവൻ സംസാരപാശബദ്ധന്മാൎക്കു മോചനം നല്കുന്നവനാകയാൽ തസ്കരന്മാരുടെ പതിയാകുന്നു. അതിനാലാണു് "തസ്കരപതേ" എന്നു സംബോധന ചെയ്തിരിക്കുന്നതു്. ഈ ശബ്ദത്തിന്നു കള്ളന്മാരുടെ തലവൻ എന്നും അൎത്ഥമുണ്ടല്ലോ. ചില്ലറ കളവുകൾ ചെയ്തു ജനങ്ങളെ ദ്രോഹിക്കുന്ന ഒരു കള്ളനെ കള്ളക്കൂട്ടത്തിൽ തലവൻ തനിക്കധീനനാക്കുന്നതുപോലെ, തന്റെ മനസ്സിനെ ശിവന്നധീനമാക്കേണമെയെന്നു കവി പ്രാൎത്ഥിക്കുന്നു.]

കരോമി ത്വൽപൂജാം സപദി സുഖദോ മേ ഭവവിഭോ
വിധിത്വം വിഷ്ണുത്വം ദിശസി ഖലു തസ്യാഃ ഫല
മിതി।
പുനശ്ച ത്വാം ദ്രഷ്ടും ദിവി ഭുവി വഹൻ പക്ഷിമൃഗതാ
മദൃഷ്ട്വാതൽഖേദം കഥമിഹ സഹേ ശങ്കരവിഭോ॥ ൨൨

അന്വ:—ഹേ വിഭോ ശങ്കര (അല്ലയോ പ്രഭുവായ ശ

ങ്കര) അഹം ത്വൽപൂജാം കരോമി (ഞാൻ നിന്തിരുവടി യുടെ പൂജയെച്ചെയ്യുന്നു.) സപദി മേ സുഖദഃ ഭവ (വേഗത്തിൽ എനിക്കു സുഖത്തെ നല്കുന്നവനായി ഭവിച്ചാലും) തസ്യാഃ ഫലം ഇതി (അതിൻേറ=ശിവപൂജയുടെ ഫലം എന്നിങ്ങിനെ) വിധിത്വം വിഷ്ണുത്വം വാ ദിശസി ഖലു (ബ്രഹ്മാവിൻേറയോ വിഷ്ണുവിൻേറയോ പദവിയെ നിന്തിരുവടി ദാനംചെയ്യുന്നു നിശ്ചയം) പുനഃ ച (പിന്നെയും) ത്വാം ദ്രഷ്ടും (നിന്തിരുവടിയെ കാണുവാൻ) ദിവി ഭുവി ച (ആകാശത്തിലും ഭൂമിയിലും) പക്ഷിമൃഗതാം വഹൻ (പക്ഷിത്വത്തേയും മൃഗത്വത്തേയും വഹിച്ചുകൊണ്ടു്) അദൃഷ്ട്വാ (നിന്തിരുവടിയെ ദശിക്കാതെ) തൽഖേദം (അതു= പക്ഷിമൃഗതാധാരണംകൊണ്ടുള്ള ഖേദത്തെ) ഇഹ അഹം കഥം സഹേ (ഇവിടെ ഞാൻ എങ്ങിനെ സഹിക്കുന്നു)

സാ:—അല്ലയോ പരമശിവനെ, ഞാൻ നിന്തിരുവടിയുടെ പൂജയെ ചെയ്യുന്നു. എനിക്കവിടുന്നു് സുഖത്തെ നല്കുകയാണു് വേണ്ടതു്. പക്ഷെ പൂജയുടെ ഫലമായിട്ടു് ബ്രഹ്മാവിൻേറയോ വിഷ്ണുവിൻേറയോ പദവിയാണു് എനിക്കവിടുന്നു കല്പിച്ചുതരിക. എന്നാൽ പിന്നെയും നിന്തിരുവടിയെ കാണുന്നതിന്നു് ആകാശത്തിൽ പക്ഷിയായും ഭൂമിയിൽ മൃഗമായിട്ടും അനേകജന്മങ്ങളെടുത്തു് നിന്തിരുവടിയെ കാണാതെ ക്ലേശിക്കേണ്ടിവരും. ആ സങ്കടത്തെ എങ്ങിനെയാണു ഞാൻ സഹിക്കുന്നതു്? [ബ്രഹ്മാവിൻേറയോ വിഷ്ണുവിൻേറയോ സ്ഥാനം കിട്ടിയാൽക്കൂടിയും ജന്നമരണരൂപമായ സംസാരത്തിൽനിന്നു മോക്ഷം സിദ്ധിക്കുകയില്ലെന്നും, നിരുപാധികമായ സംസാരമോ

ക്ഷം ശിവസായൂജ്യംകൊണ്ടു മാത്രമെ ലഭിക്കുകയുള്ളുവെന്നും താല്പൎയ്യം.]

കദാ വാ കൈലാസേ കനകമണിസൌധേ സഹ ഗണൈ-
ർവ്വസൻ ശംഭോരഗ്രെസ്ഫുടഘടിതമൂൎദ്ധാഞ്ജലിപുടഃ।
വിഭോ സാംബ സ്വാമിൻപരമശിവ പാഹീതി നിഗദൻ
വിധാതൄണാം കല്പാൻ ക്ഷണമിവ വിനേഷ്യാമി സുഖതഃ॥ ൨൮

അന്വ:—കദാ വാ (എന്നാണു്) കൈലാസേ (കൈലാസത്തിൽ) കനകമണിസൌധേ (സ്വൎണ്ണംകൊണ്ടും രത്നംകൊണ്ടുമുള്ള സൌധത്തിൽ) ഗണൈഃ സഹ വസൻ (ഭൂതഗണങ്ങളോടൊപ്പം വസിച്ചുകൊണ്ടു്) ശംഭോഃ അഗ്രെ (ശിവൻെറ മുമ്പിൽ) സ്ഫുടഘടിതമൂൎദ്ധാഞ്ജലിപുടഃ (സ്ഫുടമാകുംവണ്ണം ശിരസ്സിൽ അഞ്ജലിബന്ധംചെയ്തു) ഹേ വിഭോ സാംബ സ്വാമിൻ പരമശിവ പാഹി ഇതി നിഗദൻ (അല്ലയോ പ്രഭോ, സാംബ, സ്വാമിൻ പരമശിവ പാലിക്കേണമെ എന്നു പറഞ്ഞുകൊണ്ടു്) വിധാതൄണാം കല്പാൻ (അനേകം ബ്രഹ്മകല്പങ്ങളെ) ക്ഷണം ഇവ (ഒരു ക്ഷണത്തെ എന്നപോലെ) സുഖതഃ (സുഖത്തോടുകൂടി) അഹം വിനേഷ്യാമി (ഞാൻ കഴിച്ചുകൂട്ടുക.)

സാഃ—ശ്രീകൈലാസത്തിൽ സ്വൎണ്ണരത്നനിൎമ്മിതമായ സൌധത്തിൽ ഭൂതഗണങ്ങളോടൊപ്പം വസിച്ചുകൊണ്ടു്, ശിവൻെറ തിരുമുമ്പിൽ കൈരണ്ടും തലയിൽ കൂ

പ്പിനിന്നുകൊണ്ടു്, "വിഭോ സാംബ" എന്നു തുടങ്ങിയു
ള്ള പ്രാൎത്ഥനാവാക്യങ്ങളെ ഉച്ചരിച്ചുകൊണ്ടു്, അനേക
ബ്രഹ്മകല്പകാലങ്ങളെ ഒരു ക്ഷണത്തെ എന്നപോലെ ക
ഴിച്ചുകൂട്ടുവാൻ എന്നാണു് എനിക്കു സാധിക്കുക?

സ്തവൈൎബ്രഹ്മാദീനാം ജയജയവചോഭിൎന്നിയമിനാം
ഗണാനാം കേളീഭിൎമ്മദകളമഹോക്ഷസ്യ കകുദി।
സ്ഥിതം നീലഗ്രീവം ത്രിനയനമുമാശ്ലിഷ്ടവപുഷം
കദാ ത്വാം പശ്യേയം കരധൃതമൃഗം ഖണ്ഡപരശും॥ ൨൭

അന്വ:—ബ്രഹ്മാദീനാം സ്തവൈഃ (ബ്രഹ്മാവു മുത
ലായവരുടെ സ്തുതികളോടും) നിയമിനാം ജയ ജയ വചോ
ഭിഃ (മഹൎഷിമാരുടെ ജയ ശബ്ദങ്ങളോടും) ഗണാനാം കേ
ളീഭിഃ ച സഹ (ഭൂതഗണങ്ങളുടെ കളികളോടുംകൂടി) മദ
കളമഹോക്ഷസ്യ കകുദി സ്ഥിതം (മദംകൊണ്ടു പുളച്ച കാ
ളക്കൂററൻെറ പൂഞ്ഞയിന്മേൽ ഇരുന്നരുളുന്നവനായി) നീ
ലഗ്രീവം (നീലകണ്ഠനായി) ത്രിനയനം (മുക്കണ്ണനായി)
ഉമാശ്ലിഷ്ടവപുഷം (പാൎവ്വതിയാൽ പുല്കപ്പെട്ട ശരീര
ത്തോടുകൂടിയവനായി) കരധൃതമൃഗം (കയ്യിൽ മാനിനെ
ധരിച്ചവനായി) ഖണ്ഡപരശും (മഴവേന്തിയവനായിരി
ക്കുന്ന) ത്വാം (നിന്തിരുവടിയെ) അഹം കദാ പശ്യേയം
(ഞാൻ എന്നു ദൎശിക്കും.)

സാ:—ബ്രഹ്മാദിദേവന്മാരുടെ സ്തുതികളേയും മഹ
ൎഷിമാരുടെ ജയഘോഷങ്ങളേയും കേട്ടുകൊണ്ടും, ഭൂതഗണ
ങ്ങളുടെ കളികളെ തൃക്കണ്ണ് പാൎത്തുകൊണ്ടും, മദംകൊണ്ടു

പുളച്ച കാളക്കുററൻെറ പുഞ്ഞയിന്മേലിരുന്നരുളിയവനും നീലകണ്ഠനും മുക്കണ്ണനും അൎദ്ധനാരീശ്വരനും മാനും മഴുവുമേന്തിയവനുമായിരിക്കുന്ന നിന്തിരുവടിയെ എന്നാണെനിക്കു കാണുവാൻ കഴിയുക?

കദാ വാ ത്വാം ദൃഷ്ട്വാ ഗിരിശ തവ ഭവ്യാംഘ്രിയുഗളം
ഗൃഹീത്വാ ഹസ്താഭ്യാം ശിരസി നയനേ വക്ഷസി
വഹൻ।
സമാശ്ലിഷ്യാഘ്രായ സ്ഫുടജലജഗന്ധാൻ പരിമളാ-
നലഭ്യാം ബ്രഹ്മാദ്യൈൎമ്മുദമനുഭവിഷ്യാമി ഹൃദയേ॥
൨൬

അന്വ:—ഹേ ഗിരിശ (അല്ലയോ ശിവനെ) കദാ വാ (എന്നാണു്) ത്വാം ദൃഷ്ട്വാ (നിന്തിരുവടിയെ ദൎശിച്ചിട്ടു്) തവ ഭവ്യാംഘ്രിയുഗളം ഹസ്താഭ്യാം ഗൃഹീത്വാ (നിന്തിരുവടിയുടെ മനോഹരമായ തൃക്കാലിണയെ രണ്ടു കൈകൊണ്ടും പിടിച്ചു്) ശിരസി നയനേ വക്ഷസി ച വഹൻ (തലയിലും കണ്ണിലും മാറത്തും വഹിച്ചുകൊണ്ടു്) സമാശ്ലിഷ്യ (വഴിപോലെ ആലിംഗനം ചെയ്തു്) സ്ഫുടജലജഗന്ധാൻ പരിമളാൻ ആഘ്രായ (വിരിഞ്ഞ താമരപ്പൂവിൻെറ ഗന്ധമുള്ള പരിമളങ്ങളെ ഘ്രാണിച്ചിട്ടു്) ഹൃദയേ ബ്രഹ്മാദ്യൈഃ അലഭ്യാം മുദം (ഹൃദയത്തിൽ ബ്രഹ്മാവു തുടങ്ങിയവരാൽപോലും ലഭിക്കപ്പെടുവാൻ കഴിയാത്ത സന്തോഷത്തെ) അഹം അനുഭവിഷ്യാമി (ഞാൻ അനുഭവിക്കുക.)

സാ:—അല്ലയോ ശിവനെ, നിന്തിരുവടിയെക്കണ്ടു അവിടുത്തെ മനോഹരമായ തൃക്കാലിണ രണ്ടു കൈകൊണ്ടും പിടിച്ച് തലയിലും കണ്ണിലും മാറത്തുംവെച്ച് ആലിംഗനം ചെയ്യുകയും വിരിഞ്ഞ താമരപ്പൂവിന്റെ ഗന്ധമുള്ള പരിമളങ്ങളെ ഘ്രാണിക്കുകയും ചെയ്തിട്ട് ബ്രഹ്മാദികൾക്കുപോലും കിട്ടാവതല്ലാത്ത മോദത്തെ എന്നാണു ഞാൻ അനുഭവിക്കുക?

കരസ്ഥേ ഹേമാദ്രൗ ഗിരിശനികടസ്ഥേ ധനപതൗ
ഗൃഹസ്ഥേ സ്വർഭൂജാമരസുരഭിചിന്താമണിഗണേ।
ശിരസ്ഥേ ശീതാംശൗ ചരണയുഗളസ്ഥേഖിലശുഭേ
കമർത്ഥം ദാസ്യേഹം ഭവതു ഭവദർത്ഥം മമ മനഃ॥ ൨൭

അന്വ:—ഹേ ഗിരിശ (അല്ലയോ ശിവനെ) ഹേമാദ്രൗ കരസ്ഥേ (സ്വർണ്ണപർവ്വതം കരസ്ഥമായും) ധനപതൗ നികടസ്ഥേ (കുബേരൻ സമീപസ്ഥനായും) സ്വർഭൂജാമരസുരഭിചിന്താമണിഗണേ ഗൃഹസ്ഥേ (കല്പകവൃക്ഷവും കാമധേനുവും ചിന്താമണിഗണവും ഗൃഹത്തിലിരിക്കുന്നതായും) ശീതാംശൗ ശിരസ്ഥേ (ചന്ദ്രൻ ശിരസ്സിൽ സ്ഥിതിചെയ്യുന്നവനായും) അഖിലശുഭേ ചരണയുഗളസ്ഥേ ച സതി (എല്ലാ മംഗളവും തൃക്കാലിണയിൽ സ്ഥിതമായുമിരിക്കുമ്പോൾ) അഹം കം അർത്ഥം ദാസ്യേ (ഞാൻ എന്തൊരു പദാർത്ഥത്തെ ദാനംചെയ്യും) മമ മനഃ (എന്റെ മനസ്സ്) ഭവദർത്ഥം ഭവതു (നിന്തിരുവടിക്കായിക്കൊണ്ടു ഭവിക്കട്ടെ.)

സാരം:—അല്ലയോ ശിവനെ, കനകക്കുന്നായ മഹാ മേരുപവ്വതം നിന്തിരുവടിയുടെ കയ്യിലാണു്; ധനേശ്വരനായ കുബേരൻ അടുത്തുണ്ടു്; കല്പകവൃക്ഷവും കാമധേനുവും ചിന്താമണിക്കൂട്ടവും ഗൃഹത്തിൽ സ്ഥിതിചെയ്യുന്നു; ശിരസ്സിൽ ചന്ദ്രനുണ്ടു്; എല്ലാ മംഗളങ്ങളും തൃക്കാലിണയിൽ സ്ഥിതിചെയ്കയും ചെയ്യുന്നു. ഇങ്ങിനെയിരിക്കെ എന്തൊരു വസ്തുവാണു് ഞാൻ നിന്തിരുവടിക്കു സമപ്പിക്കേണ്ടതു്? എൻെറ മനസ്സു നിന്തിരുവടിക്കധീനമായി ഭവിക്കുമാറാകട്ടെ.

സാരൂപ്യം തവപൂജനെ ശിവ മഹാ-
ദേവേതി സംകീത്തനെ
സാമീപ്യം ശിവഭക്തിധുയ്യജനതാ-
സാംഗത്യസംഭാഷണേ।
സാലോക്യം ച ചരാചരാത്മകതനു-
ധ്യാനേ ഭവാനീപതേ
സായുജ്യം മമ സിദ്ധമത്ര ഭവതി
സ്വാമിൻ കൃതാത്ഥോസ്മ്യഹം॥ ൨൮

അന്വ:—ഹേ ഭവാനീപതേ സ്വാമിൻ (അല്ലയോ പാവ്വതീകാന്തനായ സ്വാമിൻ) തവ പൂജനെ ശിവ മഹാദേവ ഇതി സംകീത്തനെ (നിന്തിരുവടിയുടെ പൂജയിൽ ശിവ മഹാദേവ എന്നിങ്ങനെ കീത്തിക്കുമ്പോഠം) സാരൂപ്യം (സാരൂപ്യവും) ശിവഭക്തിധുയ്യജനതാസാംഗത്യ സംഭാഷണേ (ശിവഭക്തിഭാരംവഹിക്കുന്ന ജനസ്മൂഹങ്ങളുമായി കണ്ടുമുട്ടി സംഭാഷണം ചെയ്യുമ്പോഠം) സാമീ

പ്യം (സാമീപ്യവും) ചരാചരാത്മകതനുധ്യാനെ (ചരാചരാത്മകമായ ശരീരത്തെ ധ്യാനിക്കുമ്പോൾ) സാലോക്യം ച (സാലോക്യവും) ഇതി (ഇപ്രകാരം) മമ അത്ര സായൂജ്യം സിദ്ധം ഭവതി (എനിക്കു് ഇവിടെ സായൂജ്യം സിദ്ധിച്ചതായി ഭവിക്കുന്നു) അഹം കൃതാൎത്ഥഃ അസ്മി (ഞാൻ കൃതകൃത്യനായി ഭവിക്കുന്നു.)

സാരം:—സാരൂപ്യം (രൂപസാമ്യം), സാമീപ്യം (സമീപസ്ഥിതി, സാലോക്യം (സമാനലോകത്വം), സായൂജ്യം (ഈശ്വരനോടു ചേരൽ) എന്നിങ്ങിനെ നാലുവിധത്തിലുള്ള മുക്തികൾ ഉണ്ടു്. ഇവ നാലും ഭഗവൽപൂജയിൽ എനിക്കു സിദ്ധമായിരിക്കുന്നു. പൂജ ചെയ്യുമ്പോൾ ശിവ, മഹാദേവ എന്നിങ്ങിനെ തിരുനാമസങ്കീൎത്തനം ചെയ്യുന്ന സമയത്തു് സാരൂപ്യവും, ശിവഭക്തന്മാരെ കണ്ടെത്തി സംഭാഷണം ചെയ്യുമ്പോൾ സാമീപ്യവും, ചരാചരാത്മകമായ ശിവമൂൎത്തികളെ ധ്യാനിക്കുമ്പോൾ സാലോക്യവും എന്നിങ്ങനെ പരമമായ സായൂജ്യം എനിക്കു സിദ്ധിച്ചിരിക്കുന്നു. അല്ലയോ സ്വാമിൻ! ഞാൻ കൃതാൎത്ഥനായി.

ത്വൽപാദാംബുജമൎച്ചയാമി പരമം
ത്വാം ചിന്തയാമ്യന്വഹം
ത്വാമീശം ശരണം വ്രജാമി വചസാ
ത്വാമേവ യാചേ വിഭോ!
വീക്ഷാം മേ ദിശ ചാക്ഷുഷീം സകരുണാം
ദിവ്യൈശ്ചിരം പ്രാൎത്ഥിതാം

ശംഭോ ലോകഗുരോ മദീയമനസഃ
സൌഖ്യോപദേശം കുരു॥ ൨൯

അന്വ:—ഹേ ലോകഗുരോ ശംഭോ (അല്ലയോ ലോകഗുരുവായ ശിവനെ) അഹം ത്വൽപാദാംബുജം അച്ചയാമി (ഞാൻ നിന്തിരുവടിയുടെ പാദപത്മങ്ങളെ അച്ചിക്കുന്നു.) പരമം ത്വാം അന്വഹം ചിന്തയാമി (ശ്രേഷ്ഠനായ നിന്തിരുവടിയെ ദിനംതോറും ചിന്തിക്കുന്നു) ഈശം ത്വാം ശരണം വ്രജാമി (ഈശ്വരനായ നിന്തിരുവടിയെ ശരണമായി പ്രാപിക്കുന്നു) ഹേ വിഭോ ത്വാം ഏവ വചസാ യാചേ (അല്ലയോ പ്രഭോ നിന്തിരുവടിയോടുതന്നെ വാക്കുകൊണ്ടു യാചിക്കുന്നു) സകരുണാം (കരുണയോടുകൂടിയതും) ദിവ്യൈഃ ചിരം പ്രാൎത്ഥിതാം (ദിവ്യന്മാരാൽ വളരെക്കാലം പ്രാൎത്ഥിക്കപ്പെട്ടതുമായ) ചാക്ഷുഷീം വീക്ഷാം (ചക്ഷുസ്സുകൊണ്ടുള്ള ദശനത്തെ) മേ ദിശ (എനിക്കു നല്കേണമെ) മദീയമനസഃ സൌഖ്യോപദേശം കുരു (എന്റെ മനസ്സിന്നു സൌഖ്യത്തിന്നായിക്കൊണ്ടുള്ള ഉപദേശത്തെ ചെയ്യേണമെ.)

സാ:—സൎവ്വലോകഗുരുവായ ശിവനെ, ഞാൻ നിന്തിരുവടിയുടെ പാദാരവിന്ദത്തെ അച്ചിക്കുകയും, ശ്രേഷ്ഠനായ അവിടത്തെ നാടോറും ചിന്തിക്കുകയും, സൎവ്വേശ്വരനായ അവിടുത്തെ ശരണം പ്രാപിക്കുകയും, അവിടത്തോടുതന്നെ വാക്കുകൊണ്ടു് അഭീഷ്ടത്തെ യാചിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. കരുണയോടുകൂടിയതും ദിവ്യന്മാരാൽ വളരെക്കാലം പ്രാൎത്ഥിക്കപ്പെട്ടതുമായ ചാക്ഷുഷപ്ര

ത്യക്ഷദശ്നത്തെ എനിക്ക നല്കേണമെ. എന്റെ മനസ്സിന്നു സൌഖ്യം ലഭിപ്പാനുള്ള ഉപദേശത്തെ ചെയ്യേണമെ.

വസ്ത്രോദ്ധൂതിവിധൌ സഹസ്രകരതാ
പുഷ്പാച്ചനേ വിഷ്ണുതാ
ഗന്ധേ ഗന്ധവഹാത്മതാന്നപചനേ
ബർഹിമ്മുഖാദ്ധ്യക്ഷതാ
പാത്രേ കാഞ്ചനഗർഭതാസ്തി മയി ചേൽ
ബാലേന്ദുചൂഡാമണേ
ശുശ്രൂഷാം കരവാണി തേ പശുപതേ
സ്വാമിംസ്ത്രിലോകീഗുരോ ൩൦

അന്വ:__ഹേ പശുപതേ ത്രിലോകീഗുരോ സ്വാമിൻ (അല്ലയോ പശുപതിയും ത്രൈലോക്യഗുരുവുമായ സ്വാമിൻ) വസ്ത്രോദ്ധൂതിവിധൌ സഹസ്രകരതാ (വസ്ത്രം സമപ്പിക്കുന്ന സമയത്തു് സഹസ്രകരന്റെ=സൂയ്യന്റെ അവസ്ഥയും) പുഷ്പാച്ചനെ വിഷ്ണുതാ (പുഷ്പങ്ങളെക്കൊണ്ടു് അച്ചനചെയ്യുമ്പോഠ വിഷ്ണുവിന്റെ അവസ്ഥയും) ഗന്ധേ ഗന്ധവഹാത്മതാ (ഗന്ധത്തിങ്കൽ വായുവിന്റെ അവസ്ഥയും) അന്നപചനേ ബർഹിമ്മുഖാദ്ധ്യക്ഷതാ (അന്നം പാകംചെയ്യുമ്പോഠ അഗ്നിയുടെ അവസ്ഥയും) പാത്രേ കാഞ്ചനഗർഭതാ ച (പാത്രത്തിങ്കൽ ഹിരണ്യഗർഭന്റെ അവസ്ഥയും) മയി അസ്തിചേൽ (എന്നിൽ ഭവിക്കുന്നുവെങ്കിൽ) ഹേ ബാലേന്ദുചൂഡാമണേ (അല്ലയോ ബാലച

ന്ദ്രശേഖര) അഹം തേ ശുശ്രൂഷാം കരവാണി (ഞാൻ നി ന്തിരുവടിയുടെ ശുശ്രൂഷയെ ചെയ്യാം.)

സാ:—പൂജാംഗമായി വസ്ത്രം സമൎപ്പിക്കുമ്പോൾ സൂൎയ്യന്റേയും, പുഷ്പാഞ്ജലി ചെയ്യുമ്പോൾ വിഷ്ണുവിന്റേയും, ഗന്ധം സമൎപ്പിക്കുമ്പോൾ വായുവിന്റേയും, നൈവേദ്യത്തെ പാകം ചെയ്യുമ്പോൾ അഗ്നിയുടേയും, പൂജാപാത്രം എടുക്കുമ്പോൾ ഹിരണ്യഗൎഭന്റേയും അവസ്ഥ എനിക്കുണ്ടെങ്കിൽ, അല്ലയോ പശുപതിയും സ്വാമിയും ത്രൈലോക്യഗുരുവുമായ ശ്രീ ചന്ദ്രചൂഡഭഗവാനെ, ഞാൻ നിന്തിരുവടിയെ ശുശ്രൂഷിക്കാം. സഹസ്രകരത്വാദികൾ എനിക്കില്ലായ്കയാൽ വിധിപോലെ ശുശ്രൂഷചെയ്യാൻ ഞാൻ അശക്തനാണ് എന്നു സാരം.

നാലം വാ പരമോപകാരകമിദം
ത്വേകം പശൂനാം പതേ
ദൃഷ്ട്വാ കുക്ഷിഗതാംശ്ചരാചരഗണാൻ
ബാഹ്യസ്ഥിതാൻ രക്ഷിതുമ്।
സൎവ്വാമൎത്ത്യപലായനൌഷധമതി-
ജ്വാലാകരം ഭീകരം
നിക്ഷിപ്തം ഗരളം ഗളേ ന ഗിലിതം
നോദ്ഗീൎണ്ണമേവ ത്വയാ॥ ൩൧

അന്വ:—ഹേ പശൂനാം പതേ (അല്ലയോ പശുപതേ) ഇദം ഏകം തു (ഇതൊന്നാകട്ടെ) ന അലം പരമോപകാരകം വാ (ഏററവും പരമോപകാരകമല്ലയോ). കു.

ക്ഷിഗതാൻ ബാഹ്യസ്ഥിതാൻ ച ചരാചരഗണാൻ ര ക്ഷിതും ദൃഷ്ട്വാ (കുക്ഷിയിൽ സ്ഥിതിചെയ്യുന്നവയും പുറത്തുള്ളവയുമായ ചരാചരജീവിസമൂഹങ്ങളെ രക്ഷിക്കുവാൻ നോക്കിക്കൊണ്ടു്) ത്വയാ (നിന്തിരുവടിയാൽ) സൎവ്വാമൎത്ത്യപലായനൌഷധം (എല്ലാ ദേവന്മാരും ഓടിപ്പോകുന്നതിന്നു് ഔഷധമായും) അതിജ്വാലാകരം (അതിയായ ജ്വാലകളെ ചെയ്യുന്നതായും) ഭീകരം (ഭയങ്കരമായുമിരിക്കുന്ന) ഗരളം (കാളകൂടവിഷം) ഗളേ നിക്ഷിപ്തം (കഴുത്തിൽ നിക്ഷിപ്തമായി) ന ഗിലിതം (ഉള്ളിലേയ്ക്കു വിഴുങ്ങപ്പെട്ടില്ല) ന ഉദ്ഗീൎണ്ണം ഏവ (പുറത്തേയ്ക്കു തേട്ടപ്പെട്ടതുമില്ല)

സാ:—അല്ലയോ പശുപതേ, നിന്തിരുവടി കുക്ഷിയിൽ വസിക്കുന്നവയും പുറമെ വൎത്തിക്കുന്നവയുമായ ചരാചരജീവികളെ രക്ഷിക്കുന്നതിന്നുവേണ്ടി, സകല ദേവന്മാരും ഭയപ്പെട്ടോടുവാനുള്ള ഔഷധവും അതിയായ ജ്വാലകളെ പൊഴിക്കുന്നതും അത്യന്തഭയങ്കരവുമായ കാളകൂടവിഷത്തെ കണ്ഠത്തിൽവെച്ചിട്ടു് ഉള്ളിലേയ്ക്കിറക്കാതേയും, പുറത്തേയ്ക്കു തേട്ടാതേയും ഇരുന്നുവല്ലോ. ഈ ഒരു സംഗതിമാത്രംപോരേ നിന്തിരുവടിയുടെ ലോകോപകാരപരതയെ തെളിയിപ്പാൻ? [വിഷം കീഴ്പോട്ടിറക്കിയാൽ കുക്ഷിയിലുള്ള ജീവികളും, പുറത്തേയ്ക്കു തുപ്പിയാൽ പുറത്തുള്ള ജീവികളും നശിച്ചുപോകുമെന്നു കരുതി രണ്ടും ചെയ്യാതിരിക്കുകയാണു് പരമശിവൻ ചെയ്തതു്. അങ്ങിനെ കഴുത്തിൽകിടന്നു് ആ വിഷം വററിയതിനാൽ തന്തിരുവടിയുടെ കഴുത്തു നീലനിറമായി. അതിനാലാണു് നീലകണ്ഠനെന്നു തിരുനാമമുണ്ടായതു്.]

ജ്വാലോഗ്രഃ സകലാമരാതിഭയദഃ
ക്ഷ്വേളഃ കഥം വാ ത്വയാ
ദൃഷ്ടഃ കിം ച കരേ ധൃതഃ കരതലേ
കിം പക്വജംബൂഫലമ്॥
ജിഹ്വായാം നിഹിതശ്ച സിദ്ധഘുടികാ
വാ കണ്ഠദേശേ ഭൃതഃ
കിം തേ നീലമണിർവിഭൂഷണമയം
ശംഭോ മഹാത്മൻ വദ॥ ൩൨

അന്വ:—ഹേ മഹാത്മൻ ശംഭോ (അല്ലയോ മഹാത്മാവായ ശിവനെ) ജ്വാലോഗ്രഃ സകലാമരാതിഭയദഃ ക്ഷ്വേളഃ (ജ്വാലകളെക്കൊണ്ടുഗ്രമായും എല്ലാ ദേവന്മാൎക്കം അത്യന്തം ഭയം നല്കുന്നതായുമിരിക്കുന്ന വിഷം) കഥം വാ ത്വയാ ദൃഷ്ടഃ (എങ്ങിനെ നിന്തിരുവടിയാൽ നോക്കപ്പെട്ടു) കിം ച കഥം കരേ ധൃതഃ (എന്നുതന്നെയല്ല എങ്ങിനെ കയ്യിൽ ധരിക്കപ്പെട്ടു) സഃ (അതു്) കരതലേ കിം പക്വജംബൂഫലം (കൈത്തലത്തിൽ പഴുത്ത ഞാവൽക്കായയായിരുന്നുവോ) ജിഹ്വായാം നിഹിതഃ ച സിദ്ധഘുടികാ വാ (നാവിൽ വെയ്ക്കപ്പെട്ടപ്പോൾ സിദ്ധൌഷധമായ ഒരു ഗുളികയായിരുന്നുവോ) തേ കണ്ഠദേശേ ഭൃതഃ ച അയം (നിന്തിരുവടിയുടെ കഴുത്തിൽ എടുക്കപ്പെട്ടപ്പോൾ അതു്) കിം വിഭൂഷണം നീലമണിഃ (വിഭൂഷണമായ ഒരു നീലരത്നമായിരുന്നുവോ) വദ (പറഞ്ഞാലും)

സാ:—അല്ലയോ മഹാത്മാവായ ശിവനെ, ജ്വാലാമാലകളെക്കൊണ്ടു് അതിദാരുണമായും മരണമില്ലാത്ത

വരായ ദേവന്മാക്കുകൂടി ഭയം ജനിപ്പിക്കുന്നതായുമുള്ള കാളകൂടവിഷത്തെ എങ്ങിനെയാണു് നിന്തിരുവടി നോക്കിയതും, കയ്യിൽ എടുത്തതും? കയ്യിൽ വെച്ചപ്പോഠം അതു ഒരു ഞാവഠംപ്പഴവും, നാവിൽ വെച്ചപ്പോഠം ഒരു സിദ്ധഗുളികയും, കഴുത്തിൽ ധരിച്ചപ്പോഠം കണ്ഠാഭരണമായ ഒരു നീലരത്നവുമായിരുന്നുവോ? നിന്തിരുവടിതന്നെ അരുളിച്ചെയ്യണം.

നാലം വാ സകൃദേവ ദേവ ഭവതഃ
സേവാ നതിർവ്വാ നുതിഃ
പൂജാ വാ സ്മരണം കഥാശ്രവണമ-
പ്യാലോകനം മാദൃശാമ്|
സ്വാമിന്നസ്ഥിരദേവതാനുസരണാ-
യാസേന കിം ലഭ്യതേ
കാ വാ മുക്തിരിതഃ കുതോ ഭവതി ചേൽ
കിം പ്രാത്ഥനീയം തദാ|| ൨൮

അന്വ:—ഹേ ദേവ (അല്ലയോ ദേവ) മാദൃശാം (എന്നെപ്പോലെയുള്ളവക്കു്) സകൃൽ ഏവ (ഒരു പ്രാവശ്യംതന്നെ) ഭവതഃ സേവാ നതിഃ വാ നുതിഃ പൂജാ വാ സ്മരണം കഥാശ്രവണം ആലോകനം അപി വാ (നിന്തിരുവടിയുടെ സേവയോ, നമസ്കാരമോ, സ്തുതിയോ, പൂജയോ, സ്മരണമോ, കഥാശ്രവണമോ, ദശ്നമോ) ന അലം വാ (പൎയ്യാപ്തമല്ലയോ) ഹേ സ്വാമിൻ (അല്ലയോ സ്വാമിൻ) അസ്ഥിരദേവതാനുസരണായാസേന കിം ലഭ്യതേ (സ്ഥിരതയില്ലാത്ത ദേവന്മാരുടെ സേവനത്താലുള്ള ആയാസം

കൊണ്ടു് എന്തു ലഭിക്കപ്പെടുന്നു) ഇതഃ (ഇതു ഹേതുവായിട്ടു്) കാ വാ കുതഃ വാ മുക്തിഃ ഭവതി (എന്താണു് എന്തിൽനിന്നാണു് മുക്തി ഭവിക്കുന്നതു്) ഭവതി ചേൽ തദാ കിം പ്രാൎത്ഥനീയം (ഭവിക്കുന്നുവെങ്കിൽ എന്താണു് പ്രാൎത്ഥിക്കപ്പെടേണ്ടതു്.)

സാഃ—അല്ലയോ മഹാദേവ, എന്നെപ്പോലുള്ളവൎക്കു പ്രാവശ്യംമാത്രം നിന്തിരുവടിയുടെ സേവയോ നമസ്കാരമോ സ്തുതിയോ പൂജയോ സ്മരണമോ കഥാശ്രവണമോ ദൎശനമോ ഉണ്ടായാൽ ധാരാളമായി. അല്ലയോ സ്വാമിൻ, സ്ഥിരതയില്ലാത്ത ഇതരദേവന്മാരെ സേവിക്കുന്നതിനുള്ള ആയാസംകൊണ്ടു് എന്തു ഫലം കിട്ടുന്നു? അവരുടെ സേവകൊണ്ടു് എന്തൊരു മുക്തിയാണു്, എന്തിൽനിന്നുള്ള മുക്തിയാണു് ഉണ്ടാവുക? ഉണ്ടാകുന്നതായാൽ പിന്നെ എന്താണു് പ്രാൎത്ഥിക്കുവാനുള്ളതു്?

കിം ബ്രൂമസ്തവ സാഹസം പശുപതേ
കസ്യാസ്തി ശംഭോ ഭവ-
ദ്ധൈൎയ്യം ചേദൃശമാത്മനഃ സ്ഥിതിരിയം
ചാന്യൈഃ കഥം ലഭ്യതേ
ഭ്രശ്യദ്ദേവഗണം ത്രസന്മുനിഗണം
നശ്യൽപ്രപഞ്ചം ലയം
പശ്യൻ നിൎഭയ ഏക ഏവ വിഹര-
ത്യാനന്ദസാന്ദ്രോ ഭവാൻ॥ ൩൮

അന്വഃ—ഹേ പശുപതേ (അല്ലയോ പശുപതേ) തവ സാഹസം കിം ബ്രൂമഃ (നിന്തിരുവടിയുടെ സാഹസ

ത്തെ ഞങ്ങൾ എന്തു പറയുന്നു) ഹേ ശംഭോ (അല്ലയോ ശിവനെ) ഈദൃശം ഭവദ്ധൈര്യം കസ്യ അസ്തി (ഇപ്രകാരമുള്ള നിന്തിരുവടിയുടെ ധൈര്യം ആൎക്കുണ്ടു്) ഇയം ആത്മനഃ സ്ഥിതിഃ ച അന്യൈഃ കഥം ലഭ്യതേ (ഇങ്ങിനെയുള്ള മനസ്സിൻെറ സ്ഥിതിയും അന്യന്മാരാൽ എങ്ങിനെ ലഭിക്കപ്പെടുന്നു) ഭവാൻ (നിന്തിരുവടി) ഭ്രശ്യദ്ദേവഗണം (നശിച്ചുപോകുന്ന ദേവസമൂഹങ്ങളോടുകൂടിയതും) ത്രസന്മുനിഗണം (പേടിച്ചു ഞെട്ടുന്ന മുനിസമൂഹങ്ങളോടുകൂടിയതും) നശ്യൽപ്രപഞ്ചം (നശിക്കുന്ന പ്രപഞ്ചങ്ങളോടുകൂടിയതുമായ) ലയം (പ്രളയത്തെ) പശ്യൻ (കണ്ടുകൊണ്ടു്) നിൎഭയഃ (ഭയരഹിതനായി) ഏകഃ ഏവ (ഏകൻ മാത്രമായി) ആനന്ദസാന്ദ്രഃ (ആനന്ദത്താൽ പൂൎണ്ണനായിട്ടു്) വിഹരതി (ക്രീഡിക്കുന്നു)

സാ:—അല്ലയോ പശുപതേ, നിന്തിരുവടിയുടെ സാഹസത്തെപ്പററി ഞങ്ങൾ എന്തു പറയട്ടെ? നിന്തിരുവടിയുടെ ഇപ്രകാരമുള്ള ധൈര്യം ആൎക്കുണ്ടു്? ഇങ്ങിനെയുള്ള മനഃസ്ഥിതി മററാൎക്കു കിട്ടും? എന്തുകൊണ്ടെന്നാൽ, ദേവന്മാർ നശിച്ചുകൊണ്ടിരിക്കുന്നതും, മുനിഗണങ്ങൾ പേടിച്ചു ഞെട്ടിക്കൊണ്ടിരിക്കുന്നതും, ചരാചരപ്രപഞ്ചങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നതുമായ മഹാപ്രളയത്തെ കണ്ടു് ഭയംകൂടാതെ ഏകനായി പരമാനന്ദപൂൎണ്ണനായി നിന്തിരുവടി ക്രീഡിക്കുന്നുവല്ലോ.

യോഗക്ഷേമധുരന്ധരസ്യ സകല-
ശ്രേയഃപ്രദോദ്യോഗിനോ

ദൃഷ്ടാദൃഷ്ടമതോപദേശകൃതിനോ
ബാഹ്യാന്തരവ്യാപിനഃ।
സർവ്വജ്ഞസ്യ ദയാകരസ്യ ഭവതഃ
കിം വേദിതവ്യം മയാ
ശംഭോ ത്വം പരമാന്തരംഗ ഇതി മേ
ചിത്തേ സ്മരാമ്യന്വഹമ്॥ ൩൫

അന്വ:—ഹേ ശംഭോ (അല്ലയോ ശിവനെ) യോഗക്ഷേമധുരന്ധരസ്യ (യോഗക്ഷേമങ്ങളുടെ ഭാരം വഹിക്കുന്നവനും) സകലശ്രേയഃപ്രദോദ്യോഗിനഃ (എല്ലാവൎക്കും ശ്രേയസ്സരുളുന്നതിൽ ഉദ്യോഗത്തെ ചെയ്യുന്നവനും) ദൃഷ്ടാദൃഷ്ടമതോപദേശകൃതിനഃ (ദൃഷ്ടവും അദൃഷ്ടവുമായ മതങ്ങളുടെ ഉപദേശംകൊണ്ടു കൃതാൎത്ഥനും) ബാഹ്യാന്തരവ്യാപിനഃ (പുറത്തും അകത്തും വ്യാപിച്ചിരിക്കുന്നവനും) സർവ്വജ്ഞസ്യ (എല്ലാമറിയുന്നവനും) ദയാകരസ്യ (ദയയ്ക്കിരിപ്പിടമായയവനുമായ) ഭവതഃ (നിന്തിരുവടിയ്ക്കു്) മയാ വേദിതവ്യം കിം (എന്നാൽ അറിയിയ്ക്കപ്പെടേണ്ടതെന്തുണ്ടു്) ത്വം പരമാന്തരംഗഃ ഇതി (നിന്തിരുവടി ഏറ്റവും അന്തരംഗനാണെന്നു്) മേ ചിത്തേ (എന്റെ മനസ്സിൽ) അന്വഹം സ്മരാമി (ദിനംതോറും ഞാൻ ഓൎക്കുന്നു.)

സാ:—അല്ലയോ ശംഭോ, നിന്തിരുവടി എല്ലാവരുടേയും യോഗക്ഷേമങ്ങളുടെ (യോഗം=കിട്ടാത്ത ശ്രേയസ്സിന്റെ ലാഭം; ക്ഷേമം=കിട്ടിയതിന്റെ രക്ഷ) ഭാരവാഹിയാണു്; എല്ലാവൎക്കും ശ്രേയസ്സരുളുന്നതിൽ അവിടുന്നു് ഉത്സാഹിച്ചുകൊണ്ടിരിക്കുന്നു; കാണപ്പെട്ടതും കാണപ്പെ

ടാത്തതുമായ മതത്തെ എല്ലാവക്കും ഉപദേശിച്ചു് കൃതകൃത്യനായിരിക്കുന്നു നിന്തിരുവടി; സകലരുടേയും പുറത്തും അകത്തും വ്യാപിച്ചിരിക്കുന്നവനും എല്ലാം അറിയുന്നവനും കരുണാകരനുമാണു് അവിടുന്നു്. ഇങ്ങിനെയുള്ള നിന്തിരുവടിയോടു് ഞാൻ പറഞ്ഞറിയിക്കേണ്ടതായി എന്തുണ്ടു്? നിന്തിരുവടി സർവ്വാന്തരംഗനാണു് എന്നു ഞാൻ എപ്പോഴും മനസ്സിൽ സ്മരിച്ചുകൊണ്ടിരിക്കുന്നു.

ഭക്തോ ഭക്തിഗുണാവൃതേ മുദമൃതാ-
പൂർണ്ണേ പ്രസന്നേ മനഃ-
കുംഭേ സാംബ തവാംഘ്രിപല്ലവയുഗം
സംസ്ഥാപ്യ സംവിൽഫലമ്,
സത്വം മന്ത്രമുദീരയൻ നിജശരീ-
രാഗാരശുദ്ധിം വഹൻ
പുണ്യാഹം പ്രകടീകരോമി രുചിരം
കല്യാണമാപാദയൻ॥ ൩൩

അന്വ:—ഹേ സാംബ (അല്ലയോ ശിവനെ) ഭക്തഃ അഹം (ഭക്തനായ ഞാൻ) ഭക്തിഗുണാവൃതെ (ഭക്തിയാകുന്ന ഗുണം=ചരടുകൊണ്ടു ആവരണം ചെയ്യപ്പെട്ടതും, മുദമൃതാപൂർണ്ണേ (മോദമാകുന്ന ജലംകൊണ്ടു നിറച്ചതും) പ്രസന്നെ (തെളിഞ്ഞതുമായ) മനഃകുംഭേ (മനസ്സാകുന്ന കുംടത്തിൽ) സംവിൽ ഫലം (ജ്ഞാനത്തിൻെറ ഫലമായ) തവ അംഘ്രിപല്ലവയുഗം (നിന്തിരുവടിയുടെ കാൽ തളിരിണയെ) സംസ്ഥാപ്യ (സ്ഥാപിച്ചിട്ടു്) സത്വം മന്ത്രം

ഉദീരയൻ (സ്തവം=സത്യം ആയ മന്ത്രത്തെ ഉച്ചരിച്ചു കൊണ്ടു്) നിജശരീരാഗാരശുദ്ധിം വഹൻ (തന്റെ ശരീരമാകുന്ന ആലയത്തിന്നു ശുദ്ധിയുണ്ടാക്കിക്കൊണ്ടു്) കല്യാണം ആപാദയൻ (മംഗളത്തെ സമ്പാദിച്ചുകൊണ്ടു്) രുചിരം പുണ്യാഹം പ്രകടീകരോമി (ശോഭനമായ പുണ്യാഹത്തെ ചെയ്തുകൊള്ളുന്നു.)

സാ:— അല്ലയോ ശിവനെ, ഭക്തനായ ഞാൻ മോദമാകുന്ന വെള്ളം നിറച്ചു് ഭക്തിയാകുന്ന ചരടുകൊണ്ടു പ്രസന്നമായ മനസ്സാകുന്ന കലശത്തിൽ ജ്ഞാനഫലമായ നിന്തിരുവടിയുടെ കാൽത്താരിണയെ സ്ഥാപിച്ചു് മന്ത്രം ജപിച്ചു് സ്വശരീരമാകുന്ന ആലയത്തിന്നു ശുദ്ധിവരുത്തിക്കൊണ്ടു്, മംഗളകരവും ശോഭനവുമായ പുണ്യാഹത്തെ ചെയ്തുകൊള്ളുന്നു. ദേഹമാകുന്ന ഗൃഹത്തിന്നു് ശുദ്ധിവരുവാൻ ശിവപാദധ്യാനമാകുന്ന പുണ്യാഹകർമ്മം ചെയ്യുന്നതു യുക്തമാണല്ലോ.

ആമ്നായാംബുധിമാദരേണ സുമനഃ-
സംഘാഃ സമുദ്യന്മനോ
മന്ഥാനം ദൃഢഭക്തിരജ്ജുസഹിതം
കൃത്വാ മഥിത്വാ തതഃ।
സോമം കല്പതരും സുപർവ്വസുരഭിം
ചിന്താമണിം ധീമതാം
നിത്യാനന്ദസുധാം നിരന്തരമാ-
സൌഭാഗ്യമാതന്വതേ॥ ൨൮

അന്വ:— സുമനസ്സംഘാഃ (സുമനസ്സുകളുടെ=മനോ ഗുണമുള്ളവരുടെ; ദേവന്മാരുടെയെന്നും—സമൂഹങ്ങൾ) ആ ദരേണ (ആദരവോടുകൂടി) സമുദ്യൽ മനഃ (ശോഭിക്കുന്ന തായ മനസ്സിനെ) ദൃഢഭക്തിരജ്ജുസഹിതം (ഉറച്ച ഭക്തി യാകുന്ന കയറോടുകൂടിയ) മന്ഥാനം കൃത്വാ (കടകോലാ ക്കി ചെയ്തിട്ട്) ആമ്നായാംബുധിം (വേദമാകുന്ന സമുദ്ര ത്തെ) മഥിത്വാ (കടഞ്ഞിട്ട്) തതഃ (അതിൽനിന്ന്) സോമം കല്പതരും സുപർവ്വസുരഭിം ചിന്താമണിം (സോമ നേയും കല്പകവൃക്ഷത്തേയും കാമധേനുവിനേയും ചിന്താമ ണിയേയും) ധീമതാം നിത്യാനന്ദസുധാം (ബുദ്ധിമാന്മാ ക്ക നിത്യമായ ആനന്ദമാകുന്ന അമൃതത്തേയും) നിരന്തര രമാസൌഭാഗ്യം ച (നിത്യമായ ശ്രീസൌഭാഗ്യത്തേ യും) ആതനുതേ (ഉണ്ടാക്കുന്നു)

സാ:—മനോഗുണമുള്ളവരാകുന്ന ദേവന്മാരുടെ സമൂ ഹങ്ങൾ ശോഭിക്കുന്ന മനസ്സിനെ ഉറച്ചബുദ്ധിയാകുന്ന ക യറോടുകൂടിയ കടകോലാക്കി കല്പിച്ച് വേദമാകുന്ന സമുദ്ര ത്തെ ആദരപൂർവ്വം കടഞ്ഞ് അതിൽനിന്ന് ചന്ദ്രൻ, ക ല്പകവൃക്ഷം, കാമധേനു, ചിന്താമണി, ബുദ്ധിമാന്മാക്ക നിത്യാനന്ദമാകുന്ന അമൃതം, അനശ്വരമായ ഐശ്വര്യം എന്നിവയെ സമ്പാദിക്കുന്നു.

പ്രാക് പുണ്യാചലമാർഗ്ഗദർശിതസുധാ-
മൂർത്തിഃ പ്രസന്നഃ ശിവഃ
സോമഃ സദ്ഗണസേവിതോ മൃഗധരഃ
പൂർണ്ണസ്തമോമോചകഃ।

ശ്ചേതഃപുഷ്കരലക്ഷിതോ ഭവതി ചേ-
ദാനന്ദപാഥോനിധിഃ
പ്രാഗല്ഭ്യേന വിജൃംഭതേ സുമനസാം
വൃത്തിസ്തദാ ജായതേ॥ ൩൨

അന്വ:— പ്രാക് പുണ്യാചലമാർഗ്ഗദർശിതസുധാമൂർത്തിഃ (പുരാതനപുണ്യമാകുന്ന പർവ്വതത്തിൻെറ മാർഗ്ഗത്തുടെ അമൃതമാകുന്ന ശരീരത്തെ കാണിച്ചവനായും) പ്രസന്നഃ (പ്രസന്നനായും) ശിവഃ (ശുഭനായും) സദ്ഗണസേവിതഃ (സജ്ജനസമൂഹങ്ങളാൽ-നക്ഷത്രസമൂഹങ്ങളാൽ എന്നും-സേവിതനായും) മൃഗധരഃ (മാനിനെ ധരിച്ചവനായും) പൂർണ്ണഃ (പൂർണ്ണനായും) തമോമോചകഃ (അജ്ഞാനത്തെ-ഇരുട്ടിനെയെന്നും - മോചിപ്പിക്കുന്നവനായുമിരിക്കുന്ന) സോമഃ (ഉമാസഹിതനായ ശിവൻ-ചന്ദ്രൻ എന്നും) ചേതഃപുഷ്കരലക്ഷിതഃ ഭവതി ചേൽ (മനസ്സാകുന ആകാശത്തിൽ കാണപ്പെട്ടവനായി ഭവിക്കുന്നുവെങ്കിൽ) ആനന്ദപാഥോനിധിഃ (ആനന്ദമാകുന്ന സമുദ്രം) പ്രാഗല്ഭ്യേന വിജൃംഭതേ (പ്രഗല്ഭതയോടുകൂടി വർദ്ധിക്കുന്നു) തദാ (അപ്പോൾ) സുമനസാം (സജ്ജനങ്ങൾക്ക്) വൃത്തിഃ ജായതേ (സദ്വൃത്തി ജനിക്കുന്നു.)

സാ:— പുരാതന പുണ്യമാകുന്ന ഉദയഗിരിയുടെ വഴിയിലൂടെ അമൃതമയമായ മൂർത്തിയെ കാണിച്ച് പ്രസന്നനും ശോഭനനും സജ്ജനങ്ങളാകുന്ന നക്ഷത്രങ്ങളാൽ സേവിതനും മാനിനെ ധരിക്കുന്നവനും പൂർണ്ണനും തമോനാശകനുമായ പാർവ്വതീസമേതനായിരിക്കുന്ന ശിവൻ· മ

നസ്സാകുന്ന ആകാശത്തിൽ ഉദിച്ചുകാണപ്പെട്ടാൽ ആനന്ദമാകുന്ന സമുദ്രത്തിൽ വേലിയേററമുണ്ടാവുകയും, അപ്പോറം സജ്ജനങ്ങറംക്ക സദ്വൃത്തി ഉളവാകയും ചെയ്യുന്നു.

ധമ്മോ മേ ചതുരംഘ്രികഃ സുചരിതഃ
പാപം വിനാശം ഗതം
കാമക്രോധമദാദയോ വിഗളിതാഃ
കാലഃ സുഖാവിഷ്കൃതഃ।
ജ്ഞാനാനന്ദമഹൌഷധിസ്സുഫലിതാ
കൈവല്യനാഥേ സദാ
മാന്യേ മാനസപുണ്ഡരീകനഗരേ
രാജാവതംസേ സ്ഥിതേ॥ ൬൧

അന്വ:—കൈവല്യനാഥേ (മോക്ഷത്തിൻെറ നാഥനും) സദാ മാന്യേ (എല്ലായ്പ്പോഴും മാന്യനമായ) രാജാവതംസേ (ചന്ദ്രചൂഡൻ_രാജശ്രേഷ്ഠൻ എന്നും) മാനസപുണ്ഡരീകനഗരേ (ഹൃദയപത്മമാകുന്ന നഗരത്തിൽ) സ്ഥിതേ സതി (സ്ഥിതനായിരിക്കും സമയത്തിങ്കൽ) മേ ധമ്മഃ ചതുരംഘ്രികഃ സുചരിതഃ (എൻെറ ധമ്മം നാലുകാലുകളോടുകൂടിയതായി നല്ലപോലെ ചരിച്ചു) പാപം വിനാശം ഗതം (പാപം നാശത്തെ പ്രാപിച്ചു) കാമക്രോധമദാദയഃ വിഗളിതാഃ (കാമക്രോധമദാദികളായ മനോദോഷങ്ങറം അകന്നു) കാലഃ സുഖാവിഷ്കൃതഃ (കാലം സുഖമാകുംവണ്ണം പ്രകാശിച്ചു) ജ്ഞാനാനന്ദമഹൌഷധിഃ

സുഫലിതാ ച (ജ്ഞാനവും ആനന്ദവുമാകുന്ന മഹത്തായ ഔഷധം നല്ലപോലെ ഫലിക്കുകയും ചെയ്യു.)

സാ:—കൈവല്യനാഥനും, സദാമാന്യനുമായ ചന്ദ്രചൂഡസ്വാമി ഹൃദയപുണ്ഡരീകമാകുന്ന നഗരത്തിൽ എഴുന്നള്ളിയിരിക്കുമ്പോൾ എന്റെ ധർമ്മം നാലുകാലുകളോടുംകൂടി നടക്കുകയും, പാപം നശിക്കുകയും, കാമക്രോധാദികൾ അകലുകയും, കാലം തെളിയുകയും, ജ്ഞാനവും ആനന്ദവുമാകുന്ന ഔഷധി ഫലിക്കുകയും ചെയ്യു. "രാജാവതംസ" ശബ്ദത്തിനു് രാജശ്രേഷ്ഠനെന്നും, അൎത്ഥമുണ്ടു്. രാജാവു നഗരത്തിൽ എഴുന്നള്ളിയിരിക്കുമ്പോൾ നാട്ടിൽ ധർമ്മം മുതലായവ വേണ്ടപോലെ നടക്കുന്നതു് സ്വാഭാവികമാണല്ലൊ. [ധർമ്മം നാലുകാലുള്ളതും, കാളയുടെ രൂപത്തോടുകൂടിയതുമാണെന്നു പറയപ്പെടുന്നു. കൃതയുഗത്തിൽ ധർമ്മത്തിന്നു് നാലുകാലുകളും തികഞ്ഞിരിക്കുന്നു; ത്രേതായുഗത്തിൽ മൂന്നു കാലേയുള്ളു; ദ്വാപരയുഗത്തിൽ കാൽ രണ്ടുമാത്രം; കലിയുഗത്തിലാകട്ടെ ധർമ്മം ഒററക്കാലിന്മേലാണു് നില്ക്കുന്നതെന്നു പ്രസിദ്ധിയുണ്ടു്.]

ധീയന്ത്രേണ വചോഘടേന കവിതാ-
　　കുല്യോപകുല്യാക്രമൈ-
രാനീതൈശ്ച സദാ ശിവസ്യ ചരിതാം-
　　ഭോരാശിദിവ്യാമൃതൈഃ।
ഹൃൽകേദാരയുതാശ്ച ഭക്തികലമാഃ
　　സാഫല്യമാതന്വതേ
ദുർഭിക്ഷാന്മമ സേവകസ്യ ഭഗവൻ
　　വിശ്വേശ ഭീതിഃ കുതഃ ॥　　൪൦

അന്വ:—ധീയന്ത്രേണ (ബുദ്ധിയാകുന്ന യന്ത്രം=തു ടികൊണ്ടു്) വചോഘടേന (വാക്കാകുന്ന കുടത്താൽ) കവിതാകുല്യോപകുല്യാക്രമൈഃ (കവിതയാകുന്ന കുല്യ=നീച്ചാൽ) ഉപകുല്യ ചെറിയ നീച്ചാൽ (എന്നിവയുടെ ക്രമങ്ങളോടുകൂടി) ആനീതൈഃ (കൊണ്ടുവരപ്പെട്ട) സദാശിവസ്യ ചരിതാംഭോരാശിദിവ്യാമൃതൈഃ (സദാശിവന്റെ ചരിതമാകുന്ന സമുദ്രത്തിലെ ദിവ്യജലംകൊണ്ടു്)ഹൃൽ കേദാരയുതാഃ (ഹൃദയമാകുന്ന വയലിൽ വിതയ്ക്കപ്പെട്ട) ഭക്തികളമാഃ (ഭക്തിയാകുന്ന നെൽച്ചെടികൾ) സാഫല്യം ആതന്വതേ (ഫലസമൃദ്ധിയെ ഉളവാക്കുന്നു.) ഹേ ഭഗവൻ വിശ്വേശ (അല്ലയോ ഭഗവാനായ വിശ്വനാഥ) സേവകസ്യ മമ (സേവകനായ എനിയ്ക്കു്) ദുർഭിക്ഷാൽ ഭീതിഃ (ദുർഭിക്ഷത്തിൽനിന്നുള്ള ഭയം) കുതഃ (എവിടെ.)

സാ:—ബുദ്ധിയാകുന്ന തുടിയിൽ വാക്കാകുന്ന കുടം കെട്ടിക്കോരി കവിതയാകുന്ന നീച്ചാലിൽക്കൂടിയും അതിന്റെ ശാഖകളായ ചാലുകളിൽക്കൂടിയും തേവിക്കൊണ്ടുപോയ സദാശിവന്റെ ചരിതമാകുന്ന സമുദ്രത്തിലെ ദിവ്യജലംകൊണ്ടു ഹൃദയമാകുന്ന വയലിലുള്ള ഭക്തിയാകുന്ന നെൽച്ചെടികളിൽ ഫലങ്ങൾ ധാരാളമായി വിളയുന്നു. ഈ സ്ഥിതിയ്ക്കു ഭഗവൽസേവകനായ എനിക്കു ദുർഭിക്ഷത്തിൽനിന്നു ഭയമുണ്ടാകുമോ?

പാപോൽപാതവിമോചനായ രുചിരൈ-
ശ്വര്യായ മൃത്യുഞ്ജയ
സ്തോത്രധ്യാനനതിപ്രദക്ഷിണസപ-
ര്യാലോകനാകർണ്ണനേ।

ജിഹ്വാ ചിത്തശിരോംഘ്രിഹസ്തനയന-
ശ്രോത്രൈരഹം പ്രാൎത്ഥിതോ
മാമാജ്ഞാപയ തന്നിരൂപയ മുഹു-
ൎമ്മാമേവ മാ മേ വചഃ|| ൭൭

അന്വ:—ഹേ മൃത്യുഞ്ജയ (അല്ലയോ മൃത്യുഞ്ജയ) പാപോൽപാതവിമോചനായ (പാപത്താലുള്ള അനൎത്ഥത്തിൻെറ നിവാരണത്തിന്നായിക്കൊണ്ടും) രുചിരൈശ്വൎയ്യായ ച (ശോഭനമായ ഐശ്വൎയ്യത്തിന്നായിക്കൊണ്ടും) അഹം (ഞാൻ) ജിഹ്വാചിത്തശിരോംഘ്രിഹസ്തനയനശ്രോത്രൈഃ (നാവു്, മനസ്സ്, ശിരസ്സ്, കാലുകൾ, കൈകൾ, കണ്ണുകൾ, കാതുകൾ എന്നിവയാൽ) സ്തോത്രധ്യാനനതിപ്രദക്ഷിണസപൎയ്യാലോകനാകൎണ്ണനേ (സ്തുതിക്കുക, ധ്യാനിക്കുക, നമസ്കരിക്കുക, പ്രദക്ഷിണം ചെയ്യുക, പൂജിക്കുക, ദൎശിക്കുക, കേൾക്കുക എന്നിവയിൽ) പ്രാൎത്ഥിതഃ അസ്മി (പ്രാൎത്ഥിക്കപ്പെട്ടവനായി ഭവിക്കുന്നു) തൽ (അതു ഹേതുവായിട്ടു്) മാം ആജ്ഞാപയ (എന്നോടു കല്പിച്ചാലും) മുഹുഃ നിരൂപയ (വീണ്ടും വീണ്ടും നിരൂപണം ചെയ്താലും) മാം ഏവ ആജ്ഞാപയ (എന്നോടുതന്നെ കല്പിച്ചാലും) മാ മേ വചഃ (എൻെറ വാക്കിനോടല്ല)

സാ:—അല്ലയോ മൃത്യുഞ്ജയ, പാപത്താലുള്ള അനൎത്ഥത്തിൻെറ മോചനത്തിന്നും, ഐശ്വൎയ്യസിദ്ധിക്കുംവേണ്ടി നിന്തിരുവടിയെ സ്തുതിപ്പാൻ എൻെറ നാവും, ധ്യാനിപ്പാൻ മനസ്സും, നമസ്കരിക്കുവാൻ ശിരസ്സും, പ്രദക്ഷിണം ചെയ്വാൻ കാലുകളും, പൂജിക്കുവാൻ കൈകളും, ദൎശി

ക്കവാൻ കണ്ണുകളും, കേൾക്കവാൻ കാതുകളും എന്നോട്ട പ്രാത്ഥിച്ചിരിക്കുന്നു. അതിനാൽ ഞാനെന്തു ചെയ്യേണമെന്നു നിന്തിരുവടി കല്പിക്കുകയും, വീണ്ടും വീണ്ടും വിചാരിക്കുകയും ചെയ്യുമാറാകണം. എന്നോടുതന്നെയാണു് എൻെറ വാക്കിനോടല്ല കല്പിക്കേണ്ടതു്.

ഗാംഭീര്യം പരിഖാപദം ഘനധൃതിഃ
പ്രാകാരഉദ്യദ്ഗുണ-
സ്തോമശ്ചാപ്തബലം ഘനേന്ദ്രിയചയോ
ദ്വാരാണി ദേഹേ സ്ഥിതഃ।
വിദ്യാ വസ്തുസമൃദ്ധിരിത്യഖിലസാ-
മഗ്രീ സമേതേ സദാ
ദുർഗ്ഗാതിപ്രിയദേവ മാമകമനോ-
ദുർഗ്ഗേ നിവാസം കുരു॥ ൪൨

അന്വ:—ഹേ ദുർഗ്ഗാതിപ്രിയദേവ (അല്ലയോ ദുർഗ്ഗയിൽ—ദുർഗ്ഗത്തിൽ എന്നും—ഏററവും പ്രിയമുള്ള ദേവ) ദേഹേ സ്ഥിതഃ ത്വം (ദേഹത്തിൽ സ്ഥിതനായ നിന്തിരുവടി) ഗാംഭീര്യം പരിഖാപദം (ഗാംഭീര്യം കിടങ്ങും) ഘനധൃതിഃ പ്രാകാരഃ (കനത്ത ധൈര്യം മതിൽക്കെട്ടും) ഉദ്യദ്ഗുണസ്തോമഃ ആപ്തബലം (ഉയരുന്ന ഗുണങ്ങളുടെ സമൂഹം വിശ്വസ്തമായ സൈന്യവും) ഘനേന്ദ്രിയചയഃ ദ്വാരാണി (ഘനങ്ങളായ ഇന്ദ്രിയങ്ങളുടെ കൂട്ടം വാതിലുകളും) ഇതി (എന്നിപ്രകാരമുള്ളതും) വിദ്യാവസ്തുസമൃദ്ധിഃ ഇതി (വിദ്യയും വസ്തുവും സമൃദ്ധിയും എന്നിങ്ങിനെ) അഖിലസാമഗ്രീസമേതേ (എല്ലാ സാമഗ്രികളോടും കൂടിയതുമായ

മാമകമനോദുൎഗ്ഗേ (എൻെറ മനസ്സാകുന്ന ദുൎഗ്ഗത്തിൽ=കോട്ടയിൽ) സദാ നിവാസം കുരു (എല്ലായ്പ്പോഴും വാസത്തെ ചെയ്താലും)

സാ:—അല്ലയോ ദുൎഗ്ഗാതിപ്രിയനായ മഹാദേവ, ദേഹത്തിൽ സ്ഥിതിചെയ്തുകൊണ്ടിരിക്കുന്ന നിന്തിരുവടി എൻെറ മനസ്സാകുന്ന ദുൎഗ്ഗത്തിൽ എപ്പോഴും വസിച്ചരുളേണമെ. ഈ മനോദുൎഗ്ഗത്തിൽ ഗാംഭീൎയ്യമാകുന്ന കിടങ്ങും, ധൈൎയ്യമാകുന്ന മതിൽക്കെട്ടും, ഗുണഗണമാകുന്ന സൈന്യവും, ഇന്ദ്രിയസമൂഹങ്ങളാകുന്ന വാതിലുകളും ഉണ്ടു്. വിദ്യയും വസ്തുവും സമൃദ്ധിയും എന്നിങ്ങിനെയുള്ള സകല സാമഗ്രികളും ഈ ദുൎഗ്ഗത്തിൽ ഉണ്ടു്. നിന്തിരുവടിയുടെ വാസത്തിന്നു് അത്യന്തം ഉചിതമാണു് ഈ മനോദുൎഗ്ഗമെന്നു താല്പൎയ്യം.

മാ ഗച്ഛ ത്വമിതസ്തതോ ഗിരിശ ഭോ
 മയ്യേവ വാസം കുരു
സ്വാമിന്നാദികിരാത മാമകമനഃ-
 കാന്താരസീമാന്തരേ।
വൎത്തന്തേ ബഹുശോ മൃഗാ മദജുഷോ
 മാത്സൎയ്യമോഹാദയ-
സ്താൻ ഹത്വാ മൃഗയാ വിനോദരുചിതാ-
 ലാഭം ച സംപ്രാപ്സ്യസി॥ ൪൩

അന്വ:—ഹേ സ്വാമിൻ ആദികിരാത (അല്ലയോ സ്വാമിയായ ആദികിരാത) ഭോ ഗിരിശ (അല്ലയോ ഗിരി

യിങ്കൽ ശയിക്കുന്നവനേ) ത്വം ഇതഃ തതഃ മാ ഗച്ഛ (നി ന്തിരുവടി ഇവിടേയ്ക്കുമവിടേയ്ക്കും ഗമിക്കേണ്ട) മയി ഏവ (എന്നിൽതന്നെ) മാമകമനഃകാന്താരസീമാന്തരേ (എ ൻെറ മനസ്സാകുന്ന വനപ്രാന്തത്തിൻെറ ഉള്ളിൽ) വാസം കുരു (വാസത്തെ ചെയ്താലും) അത്ര (ഇതിൽ) മദജുഷഃ (മദമേന്തിയവയായ) മാത്സര്യമോഹാദയഃ മൃഗാഃ (മാത്സ ര്യം മോഹം തുടങ്ങിയുള്ള മൃഗങ്ങൾ) ബഹുശഃ വർത്തന്തേ (വളരെ ഉണ്ടു്) താൻ ഹത്വാ (അവയെ കൊന്നിട്ടു്) മൃഗ യാവിനോദരുചിതാലാഭം ച (മൃഗയാവിനോദം ചെയ്യു ന്നതിൽ അഭിരുചിയുള്ളവൻ എന്ന അവസ്ഥയേയും) ത്വം സംപ്രാപ്സ്യസി (നിന്തിരുവടി പ്രാപിക്കും.)

സാഃ—അല്ലയോ സ്വാമിയും ഗിരിയിൽ ശയിക്കു ന്നവനുമായ ആദികിരാതമൂർത്തേ, നിന്തിരുവടി പള്ളി വേട്ടയ്ക്കുവേണ്ടി അവിടെയുമിവിടെയും ഓടിനടക്കേണ്ട. എന്നിൽതന്നെ, എൻെറ മനസ്സാകുന്ന ഘോരകാന്താര ത്തിനുള്ളിൽ സ്ഥിരമായി വസിച്ചുകൊൾക. ഈ കാട്ടിൽ മാത്സര്യം മോഹം മുതലായി മദമേന്തിയ വളരെ മൃഗ ങ്ങൾ ഉണ്ടു്. അവയെ കൊന്നാൽ നിന്തിരുവടിക്കു് പ ള്ളിനായാട്ടിലുള്ള താല്പര്യം ലബ്ധമാവും.

കരലഗ്നമൃഗഃ കരീന്ദ്രഭംഗോ
ഘനശാർദ്ദൂലവിഖണ്ഡനോസ്തജന്തുഃ।
ഗിരിശോ വിശദാകൃതിശ്ച ചേതഃ-
കുഹരേ പഞ്ചമുഖോസ്തി മേ കുതോഭീഃ॥ ൪൪

അന്വ:—കരലഗ്നമൃഗഃ (കയ്യിൽ ചേൎന്ന മാനിനോടുകൂടിയവനും) കരീന്ദ്രഭംഗഃ (ആനത്തലവനെ പിളൎത്തവനും) ഘനശാൎദ്ദൂലവിഖണ്ഡനഃ (ഘനപ്പെട്ട ശാൎദ്ദൂലത്തെ =വ്യാഘ്രത്തെ ഖണ്ഡിച്ചവനും) അസ്തജന്തുഃ (ജന്തുക്കളെ ഹിംസിക്കുന്നവനും) ഗിരിശഃ (ഗിരിയിൽ ശയിക്കുന്നവനും) വിശദാകൃതിഃ ച (വെളുത്ത ആകൃതിയോടുകൂടിയവനുമായ) പഞ്ചമുഖഃ (ശിവൻ-സിംഹം എന്നും) മേ ചേതഃ കുഹരേ അസ്തി (എന്റെ മനസ്സാകുന്ന ഗുഹയിൽ ഉണ്ടു്) കുതഃ മേ ഭീതിഃ (എവിടെനിന്നാണു് എനിക്കു ഭയം.)

സാ:—കയ്യിൽ മാനുള്ളവനും, ആനത്തലവനേയും വ്യാഘ്രത്തേയും പിളൎത്തവനും, ജന്തുക്കളെ സംഹരിക്കുന്നവനും, ഗിരിയിൽ ശയിക്കുന്നവനും, ധവളാകാരനുമായ പരമശിവൻ എന്റെ മനോഗുഹയിൽ വസിച്ചരുളുന്നു. പിന്നെ ആരിൽനിന്നാണു് എനിക്കു ഭയം? [പഞ്ചമുഖശബ്ദത്തിന്നു് ശിവനെന്നും, സിംഹമെന്നും അൎത്ഥമുണ്ടു്. "സിംഹോ മൃഗേന്ദ്രഃ പഞ്ചാസ്യഃ" എന്നിങ്ങിനെ സിംഹപൎയ്യായത്തിൽ അമരകോശം. ശിവന്നു് ഈശാനൻ, തൽപുരുഷൻ, അഘോരൻ, വാമദേവൻ, സദ്യോജാതൻ എന്നിങ്ങനെ അഞ്ചു സ്വരൂപങ്ങളുണ്ടാകയാൽ പഞ്ചമുഖനെന്നു തിരുനാമമുണ്ടു്. പഞ്ചമുഖശബ്ദത്തിന്റെ വിശേഷണങ്ങൾ ശിവനിലും സിംഹത്തിലും യോജിക്കുന്നവയാകുന്നു.]

ഛന്ദഃ ശാഖിശിഖാന്വിതൈൎദ്വിജവരൈഃ
സംസേവിതേ ശാശ്വതേ

Q25:417
32 J7

സൌഖ്യാപാദിനി ഖേദഭേദിനി സുധാ-
സാരൈഃ ഫലൈർദ്ദീപിതേ
ചേതഃ പക്ഷിശിഖാമണേ ത്യജ വൃഥാ-
സഞ്ചാരമന്യൈരലം
നിത്യം ശങ്കരപാദപദ്മയുഗളീ-
നീഡേ വിഹാരം കുരു॥ ൪൯

അന്വ:— ഹേ ചേതഃ പക്ഷിശിഖാമണേ (അല്ലയോ മനസ്സാകുന്ന പക്ഷിശ്രേഷ്ഠ) ഛന്ദഃ ശാഖിശിഖാന്വിതൈഃ (വേദമാകുന്ന വൃക്ഷത്തിന്റെ ശിഖയോടു് അതായതു വേദാന്തത്തോടുകൂടിയവരായ- മരക്കൊമ്പുകളിൽ പാൎക്കുന്നവരായ എന്നും-) ദ്വിജവരൈഃ (ബ്രാഹ്മണശ്രേഷ്ഠന്മാരാൽ-പക്ഷിശ്രേഷ്ഠന്മാരാൽ എന്നും-) സംസേവിതേ (വഴിപോലെ സേവിക്കപ്പെട്ടതും) ശാശ്വതേ (എല്ലാകാലത്തും നിലനില്ക്കുന്നതും) സൌഖ്യാപാദിനി (സൌഖ്യത്തെ ജനിപ്പിക്കുന്നതും) ഖേദഭേദിനി (ഖേദത്തെ അകറ്റുന്നതും) സുധാസാരൈഃ ഫലൈഃ ദീപിതേ (അമൃതുപൊഴിയുന്ന ഫലങ്ങളെക്കൊണ്ടു ശോഭിച്ചതുമായ) ശങ്കരപാദപദ്മയുഗളീനീഡേ (പരമശിവന്റെ രണ്ടു പാദാരവിന്ദങ്ങളാകുന്ന കൂട്ടിൽ) ത്വം നിത്യം വിഹാരം കുരു (നീ നിത്യമായി വിഹരിച്ചാലും) വൃഥാസഞ്ചാരം ത്യജ (വെറുതെയുള്ള സഞ്ചാരത്തെ ത്യജിച്ചാലും) അന്യൈഃ അലം (മററുള്ളവയെക്കൊണ്ടുള്ളതുമതി.)

സാ:— അല്ലയോ മനസ്സാകുന്ന പക്ഷി... അങ്ങുമിങ്ങും ചുററിത്തിരിയേണ്ട. അ...

MUL
202618

ക്കയും വേണ്ട. ശ്രീ ശങ്കരൻെറ തൃച്ചേവടിത്താമരയിണയാകുന്ന കൂട്ടിൽ നിത്യമായി ക്രീഡിച്ചാലും. ഈ കൂട്ട് വേദമാകുന്ന ശാഖിക്കൊമ്പത്തു പാക്കുന്ന ദ്വിജവരന്മാരാൽ സേവിക്കപ്പെട്ടതും, എന്നും നശിക്കാത്തതും, ഖേദത്തെതീൎത്ത് സൌഖ്യമുളവാക്കുന്നതും, അമൃതുപൊഴിയുന്ന ഫലങ്ങളാൽ പ്രശോഭിതവുമാകുന്നു. അന്യചിന്തകൂടാതെ പരമശിവപാദത്തെ ധ്യാനിച്ചാലും എന്നു സാരം.

ആകീൎണ്ണേ നഖരാജികാന്തിവിഭവൈ-
രുദ്യൽസുധാവൈഭവൈ-
രാധൌതേപി ച പദ്മരാഗലളിതേ
ഹംസവ്രജൈരാശ്രിതേ।
നിത്യം ഭക്തിവധൂഗണൈശ്ച രഹസി
സ്വേച്ഛാ വിഹാരം കുരു
സ്ഥിതാ മാനസരാജഹംസഗിരിജാ-
നാഥാംഘ്രിസൌധാന്തരേ॥ ൪൬

അന്വ:—ഹേ മാനസരാജഹംസ (അല്ലയോ മനസ്സാകുന്ന രാജഹംസമേ) നഖരാജികാന്തിവിഭവൈഃ ആകീൎണ്ണേ (നഖസമൂഹങ്ങളുടെ ശോഭാതിശയങ്ങളാൽ വ്യാപിയ്ക്കപ്പെട്ടതും) ഉദ്യൽസുധാവൈഭവൈഃ ആധൌതേ അപി (പ്രകാശിയ്ക്കുന്ന സുധയുടെ=അമൃതത്തിൻെറ—കുമ്മായത്തിൻെറ എന്നും—വൈഭവങ്ങളാൽ ക്ഷാളനം ചെയ്യപ്പെട്ടതും) പദ്മരാഗലളിതേ (പത്മരാഗരത്നംകൊണ്ടു—താമരപ്പൂവിൻെറ നിറംകൊണ്ടു എന്നും—മനോഹര

വും) ഹംസപ്രജൈഃ ആശ്രിതേ (പരമഹംസസമൂഹങ്ങളാൽ—അരയന്നക്കൂട്ടങ്ങളാൽ എന്നും—ആശ്രയിയ്ക്കപ്പെട്ടതുമായിരിക്കുന്ന) ഗിരിജാനാഥാംഘ്രിസൌധാന്തരേ (പാർവ്വതീകാന്തൻെറ തൃക്കാലാകുന്ന സൌധത്തിന്നുള്ളിൽ) സ്ഥിത്വാ (സ്ഥിതിചെയ്തിട്ട്) രഹസി (രഹസ്സിൽ) ഭക്തിവധൂഗണൈഃ സഹിതഃ ച (ഭക്തിയാകുന്ന സ്ത്രീഗണങ്ങളോടുകൂടിയവനായിട്ട്) നിത്യം (എല്ലായ്പോഴും) സ്വേച്ഛാവിഹാരം കുരു (സ്വേച്ഛപോലുള്ള ക്രീഡയെ ചെയ്താലും)

സാഃ—അല്ലയോ മനസ്സാകുന്ന രാജഹംസമേ നഖരാജിയുടെ ശോഭാതിശയമുള്ളതും സുധാപ്രകാശത്തോടുകൂടിയതും, പത്മരാഗലളിതവും, ഹംസസമൂഹങ്ങളാൽ ആശ്രയിക്കപ്പെട്ടതുമായ പരമശിവൻെറ തൃക്കാലാകുന്ന സൌധത്തിൽ സ്ഥിതിചെയ്തിട്ട് ഭക്തിയാകുന്ന സ്ത്രീഗണങ്ങളോടുകൂടി നീ സ്വച്ഛന്ദമായി ക്രീഡിച്ചാലും.

ശംഭുധ്യാനവസന്തസംഗിനി ഹൃദാ-
രാമേഘജീർണ്ണച്ഛദാഃ
സ്രസ്താ ഭക്തിലതാച്ഛടാ വിലസിതാഃ
പുണ്യപ്രവാളശ്രിതാഃ
ദീപ്യന്തേ ഗുണകോരകാ ജപവചഃ
പുഷ്പാണി സദ്വാസനാ
ജ്ഞാനാനന്ദസുധാമരന്ദലഹരീ
സംവിൽഫലാഭ്യുന്നതിഃ॥ ൪൧

അന്വഃ—ഹൃദാരാമേ (ഹൃദയമാകുന്ന ഉദ്യാനം) ശംഭുധ്യാനവസന്തസംഗിനി സതി (ശിവധ്യാനമാകുന്ന വ

സന്തത്തോട്ടു ചേൎന്നതായിരിക്കുമ്പോൾ) അഘജീൎണ്ണച്ഛദാഃ സ്രസ്താഃ (പാപങ്ങളാകുന്ന ജീൎണ്ണിച്ച ഇലകൾ കൊഴിഞ്ഞു) ഭക്തിലതാച്ഛടാഃ (ഭക്തിയാകുന്ന ലതാസമൂഹങ്ങൾ) പുണ്യപ്രവാളശ്രിതാഃ വിലസിതാഃ (പുണ്യമാകുന്ന തളിരിനെ പ്രാപിച്ചവയായി വിലസിച്ചു) ഗുണകോരകാഃ (ഗുണങ്ങളാകുന്ന മൊട്ടുകളും) ജപവചഃ പുഷ്പാണി (മന്ത്രജപങ്ങളും സ്തോത്രങ്ങളുമാകുന്ന പുഷ്പങ്ങളും) സദ്വാസനാ ച (നല്ല സൌരഭ്യവും) ദീപ്യന്തേ (പ്രകാശിക്കുന്നു) ജ്ഞാനാനന്ദസുധാമരന്ദലഹരീ (ജ്ഞാനാനന്ദങ്ങളാകുന്ന സുധ പോലെയുള്ള പൂന്തേനിൻെറ പ്രവാഹവും) സംവിൽഫലാഭ്യുന്നതിഃ ച (തത്വബോധമാകുന്ന ഫലത്തിൻെറ അഭ്യുന്നതിയും) ഭവതി ച (ഭവിക്കുകയും ചെയ്യുന്നു.)

സാ:— ഹൃദയോദ്യാനത്തിൽ ശിവധ്യാനമാകുന്ന വസന്തം വന്നുചേൎന്നാൽ പാപങ്ങളാകുന്ന ജീൎണ്ണപത്രങ്ങൾ കൊഴിയുകയും, ഭക്തിയാകുന്ന ലതാസമൂഹം പുണ്യമാകുന്ന തളിരുകളോട്ടുകൂടി ശോഭിക്കുകയും, ഗുണങ്ങളാകുന്ന മൊട്ടുകളും ജപവും സ്തോത്രവുമാകുന്ന പുഷ്പങ്ങളും, നല്ല വാസനയും പ്രകാശിക്കുകയും, ജ്ഞാനാനന്ദാമൃതമാകുന്ന പൂന്തേനൊഴുക്കും തത്വബോധമാകുന്ന ഫലോല്പത്തിയും ഉണ്ടാവുകയും ചെയ്യുന്നു.

നിത്യാനന്ദരസാലയം സുരമുനി-
സ്വാന്താംബുജാതാശ്രയം
സ്വച്ഛം സദ്ദ്വിജസേവിതം കലുഷഹൃൽ-
സദ്വാസനാവിഷ്കൃതമ്।

ശംഭുധ്യാനസരോവരം വ്രജ മനോ-
ഹംസാവതംസ സ്ഥിരം
കിം ക്ഷുദ്രാശ്രയ പല്വലഭ്രമണസം-
ജാതശ്രമം പ്രാപ്സ്യസി॥ ൪൭

അന്വ:—ഹേ മനോഹംസാവതംസ (അല്ലയോ മനസ്സാകുന്ന ഹംസശ്രേഷ്ഠ) ത്വം (നീ) നിത്യാനന്ദരസാലയം (നിത്യാനന്ദമാകുന്ന രസത്തിന്നു്=ജലത്തിന്നു് ഇരിപ്പിടവും) സുരമുനിസ്വാന്താംബുജാതാശ്രയം (ദേവഷിമാരുടെ മനസ്സുകളാകുന്ന താമരപ്പൂവുകൾക്കു് അധിഷ്ഠാനവും) സ്വച്ഛം (നിമ്മലവും) സദ്ദ്വിജസേവിതം (വിശിഷ്ടന്മാരായ ദ്വിജന്മാരാൽ സേവിയ്ക്കപ്പെട്ടതും) കലുഷഹൃൽ (പാപത്തെ കളയുന്നതും) സദ്വാസനാവിഷ്കൃതം (ഉത്തമവാസനയാൽ—നല്ല സൌരഭ്യത്താൽ എന്നും—പ്രകാശിതവുമായിരിക്കുന്ന) ശംഭുധ്യാനസരോവരം (ശിവധ്യാനമാകുന്ന ശ്രേഷ്ഠസരസ്സിനെ) സ്ഥിരം (സ്ഥിരമാകുംവണ്ണം) വ്രജ (ഗമിച്ചാലും) ക്ഷുദ്രാശ്രയ പല്വലഭ്രമണസംജാതഭ്രമം (ക്ഷുദ്രന്മാൎക്കാശ്രയമായ പല്വലത്തിൽ=ചെറുകുളത്തിൽ ചുററിത്തിരിയുന്നതുകൊണ്ടുണ്ടായ ശ്രമത്തെ) ത്വം കിം പ്രാപ്സ്യസി (നീ എന്തുകൊണ്ടു പ്രാപിക്കും.)

സാ:—അല്ലയോ മനസ്സാകുന്ന ഹംസശ്രേഷ്ഠ, നിത്യാനന്ദമാകുന്ന ജലത്തോടുകൂടിയതും, ദേവഷിമാരുടെ ഹൃദയങ്ങളാകുന്ന താമരപ്പൂക്കളുള്ളതും, നിമ്മലവും, വിശിഷ്ടന്മാരായ ദ്വിജന്മാരാൽ സേവിയ്ക്കപ്പെട്ടതും, പാപം പോക്കുന്നതും, ഉൽകൃഷ്ടവാസനയോടുകൂടിയതുമായ ശിവധ്യാ

നമാകുന്ന സരോവരത്തിലേയ്ക്കു് നീ സ്ഥിരമായി പോയാലും. ക്ഷുദ്രന്മാക്ക്ശ്രയമായ ചെറുകുളത്തിൽ ചുററിത്തിരിഞ്ഞു് എന്തിന്നു് ക്ലേശമനുഭവിക്കുന്നു?

ആനന്ദാമൃതപൂരിതാ ഹരപദാം-
ഭോജാലവാലോദ്യതാ
സ്ഥൈര്യോപഘ്നമുപേത്യ ഭക്തിലതികാ
ശാഖോപശാഖാന്വിതാ।
ഉച്ചൈർമാനസകായമാനപടലീ-
മാക്രമ്യ നിഷ്കല്മഷാ
നിത്യാഭീഷ്ടഫലപ്രദാ ഭവതു മേ
സൽക്കർമ്മസംവർദ്ധിതാ॥ ൪൯

അന്വ:—ഭക്തിലതികാ (ഭക്തിയാകുന്ന വള്ളി) ആനന്ദാമൃതപൂരിതാ (ആനന്ദമാകുന്ന ജലത്താൽ നിറയ്ക്കപ്പെട്ടതും) ഹരപദാംഭോജാലവാലോദ്യതാ (പരമശിവൻെറ പാദപദ്മമാകുന്ന തടത്തിൽ ഉയൎന്നതും) സ്ഥൈര്യോപഘ്നം ഉപേത്യ (സ്ഥൈര്യമാകുന്ന ഉപഘ്നത്തെ=ഊന്നിനെ പ്രാപിച്ചിട്ടു്) ശാഖോപശാഖാന്വിതാ (ശഖോപശാഖകളോടുകൂടിയതായി) ഉച്ചൈഃ (ഉന്നതമായ) മാനസകായമാനപടലീം ആക്രമ്യ (മനസ്സാകുന്ന പന്തൽപ്പടപ്പിനെ ആക്രമിച്ചിട്ടു്) നിഷ്കല്മഷാ (ദോഷമല്ലാത്തതായിട്ടു്) സൽക്കർമ്മസംവർദ്ധിതാ (സൽക്കർമ്മങ്ങളെക്കൊണ്ടു വളത്തപ്പെട്ടതായിട്ടു്) മേ (എനിക്കു്) നിത്യാഭീഷ്ടഫലപ്രദാ ഭവതു (നിത്യമായ അഭീഷ്ടഫലത്തെ ദാനംചെയ്യുന്നതായി ഭവിയ്ക്കട്ടെ.)

സാ:— ഭക്തിയാകുന്ന വള്ളി ആനന്ദമാകുന്ന ജലംകൊണ്ടു നനയ്ക്കപ്പെട്ടതും, ശിവപാദപദ്മമാകുന്ന തടത്തിൽ ഉയൎന്നതും, സ്ഥൈൎയ്യമാകുന്ന ഊന്നുകോലിന്മേൽ കയറി ശാഖോപശാഖകളോടുകൂടിയതും, ഉയരമുള്ള മനസ്സാകുന്ന പന്തലിന്മേൽ പടൎന്നു ദോഷരഹിതമായതും, സൽക്കൎമ്മങ്ങളാൽ വളൎത്തപ്പെട്ടതുമായി ഭവിച്ചിട്ടു എനിക്കു നിത്യമായ അഭീഷ്ടഫലത്തെ ദാനംചെയ്യുന്നതായി ചമയട്ടെ.

സന്ധ്യാരംഭവിജൃംഭിതം ശ്രുതിശിരഃ-
സ്ഥാനാന്തരാധിഷ്ഠിതം
സപ്രേമഭ്രമരാഭിരാമമസകൃൽ
സദ്വാസനാ ശോഭിതം।
ഭോഗീന്ദ്രാഭരണം സമസ്തസുമനഃ-
പൂജ്യം ഗുണാവിഷ്കൃതം
സേവേ ശ്രീഗിരിമല്ലികാൎജ്ജുനമഹാ-
ലിംഗം ശിവാലിംഗിതം॥ ൫൦

അന്വ:— സന്ധ്യാരംഭവിജൃംഭിതം (സന്ധ്യയുടെ ആരംഭംകൊണ്ടു വികസിച്ചതും) ശ്രുതിശിരഃ സ്ഥാനാന്തരാധിഷ്ഠിതം (ശ്രുതിശിരസ്സിന്റെ=ഉപനിഷത്തിന്റെ സ്ഥാനത്തിന്നുള്ളിൽ സ്ഥിതിചെയ്യുന്നതും) സപ്രേമഭ്രമരാഭിരാമം (സപ്രേമാക്കൾ=ഭക്തിമാന്മാർ ആകുന്ന വണ്ടുകളെക്കൊണ്ടു മനോഹരവും) അസകൃൽ സദ്വാസനാ ശോഭിതം (എല്ലായ്പോഴും നല്ല വാസനകൊണ്ടു ശോഭിച്ചതും) ഭോഗീന്ദ്രാഭരണം (സൎപ്പശ്രേഷ്ഠന്മാരാകുന്ന ആഭരണ

ങ്ങളോട്ടകൂടിയതും) സമസ്തസുമനഃപൂജ്യം (എല്ലാ ദേവന്മാരാലും പൂജനീയവും) ഗുണാവിഷ്കൃതം (ഗുണങ്ങളെക്കൊണ്ടു പ്രകാശിച്ചതും) ശിവാലിംഗിതം (ശ്രീപാൎവ്വതിയാൽ ആലിംഗനം ചെയ്യപ്പെട്ടതുമായിരിക്കുന്ന) ശ്രീഗിരിമല്ലികാൎജ്ജുനമഹാലിംഗം (ശ്രീഗിരിയിങ്കലുള്ള മല്ലികാൎജ്ജുനം എന്നു പ്രസിദ്ധമായ മഹാശിവലിംഗത്തെ) അഹം സേവേ (ഞാൻ സേവിക്കുന്നു.)

സാഃ—സന്ധ്യാരംഭത്തിൽ സവിശേഷം ശോഭിച്ചതും, ഉപനിഷത്തിന്നുള്ളിൽ സ്ഥിതിചെയ്യുന്നതും, ഭക്തിമാന്മാരാകുന്ന വണ്ടുകളെക്കൊണ്ടു് അഭിരാമമായതും, സൌരഭ്യഭരിതവും, സൎപ്പാഭരണങ്ങളണിഞ്ഞതും, സൎവ്വദേവന്മാരാലും പൂജനീയവും, ഗുണങ്ങളെക്കൊണ്ടു പ്രകാശിച്ചതും, ശ്രീപാൎവ്വതിയാൽ ആലിംഗനം ചെയ്യപ്പെട്ടതുമായ ശ്രീഗിരിയിലെ മല്ലികാൎജ്ജുനമെന്നു പ്രസിദ്ധമായ ശിവലിംഗത്തെ ഞാൻ സേവിക്കുന്നു.

ഭൃംഗീച്ഛാനടനോൽകടഃ കരിമദ-
ഗ്രാഹീസ്ഫുരന്മാധവാ-
ഹ്ലാദോ നാദയുതോ മഹാസിതവപുഃ
പഞ്ചേഷുണാ ചാദൃതഃ।
സൽപക്ഷഃ സുമനോ വനേഷു സ പുനഃ
സാക്ഷാന്മദീയേ മനോ-
രാജീവേ ഭ്രമരാധിപോ വിഹരതാം
ശ്രീശൈലവാസീ വിഭുഃ॥ ൫൦

അന്വ:—ശ്രീശൈലവാസീ സഃ വിഭുഃ പുനഃ (ശ്രീശൈലക്ഷേത്രത്തിൽ വസിച്ചരുളുന്ന ആ പരമശിവൻ ആകട്ടെ) ഭൃംഗീച്ഛാനടനോൽകടഃ (ഭൃംഗീരിടിയുടെ-പെൺവണ്ടിൻെറ എന്നും-ഇച്ഛപോലെയുള്ള നടനംകൊണ്ടു് ഉൽക്കൃഷ്ടൻ ആയവനും) കരിമദഗ്രാഹീ (കരിയുടെ ഗർവ്വിനെ-മദത്തെ അതായതു് മദസൌരഭ്യത്തെ എന്നും-ഗ്രഹിച്ചവനും) സ്മരന്മാധവാഹ്ലാദഃ (സ്മരിക്കുന്നതായ മാധവാഹ്ലാദത്തോടു=വിഷ്ണുവിൻെറ സന്തോഷത്തോടു-വസന്തത്തിൻെറ ആഹ്ലാദത്തോടെന്നും-കൂടിയവനും) നാദയുതഃ (ശബ്ദത്തോടുകൂടിയവനും) മഹാസിതവപുഃ (ഏററവും സിതം=ധവളം ആയ-അസിതം=കൃഷ്ണവർണ്ണം ആയ എന്നും-ശരീരത്തോടുകൂടിയവനും) പഞ്ചേഷുണാ ച ആദൃതഃ (അയ്യമ്പനായ കാമനാൽക്കൂടി ആദരിക്കപ്പെട്ടവനും) സുമനോവനേഷു സൽപക്ഷഃ (ദേവന്മാരുടെ അവനത്തിങ്കൽ-പുഷ്പോദ്യാനങ്ങളിൽ എന്നും-നല്ല പക്ഷപാതത്തോടുകൂടിയവനുമായ) ഭ്രമരാധിപഃ (ഭ്രമരശ്രേഷ്ഠനായിട്ടു്) മദീയേ മനോരാജീവേ (എൻെറ മനസ്സാകുന്ന താമരപ്പൂവിൽ) സാക്ഷാൽ വിഹരതാം (പ്രത്യക്ഷനായി ക്രീഡിക്കട്ടെ.)

സാരം:—പരമശിവനെ ഭ്രമരത്തോടു സാദൃശ്യപ്പെടുത്തിയിട്ടാണു് ഈ ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നതു്. "ഭൃംഗീച്ഛാനടനോൽകടഃ" എന്നുതുടങ്ങിയ വിശേഷണങ്ങറംക്കു ശിവപരമായും ഭ്രമരപരമായുമുള്ള അർത്ഥങ്ങറം ഉണ്ടു്: ആ അർത്ഥങ്ങളെല്ലാം ശ്ലേഷംകൊണ്ടു സമ്പാദിക്കപ്പെട്ടവയാകുന്നു. പുഷ്പോദ്യാനത്തിൽ ഭ്രമരമെന്നപോ

ലെ എന്റെ മനസ്സിൽ പരമശിവൻ വിഹരിക്കുമാറാക ട്ടെ എന്നു താല്പൎയ്യം.

കാരുണ്യാമൃതവൎഷിണം ഘനവിപദ്-
 ഗ്രീഷ്മച്ഛിദാകൎമ്മഠം
വിദ്യാസസ്യഫലോദയായ സുമനഃ-
 സംസേവ്യമിച്ഛാകൃതിമ്।
നൃത്യദ്ഭക്തമയൂരമദ്രിനിലയം
 ചഞ്ചജ്ജടാമണ്ഡലം
ശംഭോ വാഞ്ഛതി നീലകന്ധര സദാ
 ത്വാം മേ മനശ്ചാതകഃ॥ ൫൨

അന്വ:—ഹേ നീലകന്ധര ശംഭോ (അല്ലയോ നീല കണ്ഠനായ-നീലമേഘമായ എന്നും-ശിവനെ) മേ മനശ്ചാ തക) (എന്റെ മനസ്സാകുന്ന ചാതകപ്പക്ഷി) കാരുണ്യാമൃ തവൎഷിണം (കരുണയാകുന്ന ജലത്തെ വൎഷിയ്ക്കുന്നവനും, ഘനവിപദ് ഗ്രീഷ്മച്ഛിദാകൎമ്മഠം (വലിയ ആപത്താകുന്ന ഗ്രീഷ്മത്തിന്റെ ച്ഛേദനത്തിൽ നിപുണനും) വിദ്യാസ സ്യഫലോദയായ സുമനഃ സംസേവ്യം (വിദ്യയാകുന്ന സ സ്യഫലം ഉണ്ടാകുന്നതിന്നുവേണ്ടി വിശിഷ്ടമനസ്കന്മാ രാൽ-ദേവന്മാരാൽ എന്നും-സേവിക്കപ്പെടുവാൻ യോഗ്യ നും) ഇച്ഛാകൃതിം (സ്വേച്ഛപ്രകാരം ഉള്ള ആകൃതിയോടു കൂടിയവനും) നൃത്യദ്ഭക്തമയൂരം (നൃത്തം ചെയ്യുന്ന ഭക്ത ന്മാരാകുന്ന മയിലുകളോടുകൂടിയവനും) അദ്രിനിലയം (കൈലാസാദ്രിയിൽ വസിക്കുന്നവനും-പൎവ്വതത്തിന്മേൽ ലയിക്കുന്നവനെന്നും) ചഞ്ചജ്ജടാമണ്ഡലം (ഇളകുന്ന

ജടാപടലത്തോടുകൂടിയവനുമായ) ത്വാം (നിന്തിരുവടിയെ) സദാ വാഞ്ഛതി (എല്ലായ്പ്പോഴും ആഗ്രഹിക്കുന്നു)

സാ:—ഇതിൽ നീലകണ്ഠനായ പരമശിവനെ, നീലമേഘമായും, മനസ്സിനെ ചാതകപക്ഷിയായും കല്പിച്ചിരിക്കുന്നു. ചാതകം നീലമേഘത്തെ കാണ്മാൻ കൊതിക്കുന്നതുപോലെ എൻെറ മനസ്സ് ശ്രീനീലകണ്ഠനെ ദർശിക്കുവാനാഗ്രഹിക്കുന്നു എന്നു് സാരം. വിശേഷണങ്ങൾക്ക് ശിവപരമായും മേഘപരമായുമുള്ള അർത്ഥങ്ങൾ ശ്ലേഷം കൊണ്ടു വരുത്തിയിരിക്കുന്നു. "കം ജലം ധരതി ഇതി കന്ധരഃ" എന്നിങ്ങിനെ വിഗ്രഹിച്ച് കന്ധരശബ്ദത്തിന്നു് മേഘം എന്ന അർത്ഥത്തെ ഗ്രഹിക്കേണ്ടതാകുന്നു.

ആകാശേന ശിഖീ സമസ്തഫണിനാം
    നേത്രാ കലാപീ നതാ-
നുഗ്രാഹിപ്രണവോപദേശനിനദൈഃ
    കേകീതിയോ ഗീയതേ।
ശ്യാമാം ശൈലസമുദ്ഭവാം ഘനരുചിം
    ദൃഷ്ട്വാ നടന്തം മുദാ
വേദാന്തോപവനേ വിഹാരരസികം
    തം നീലകണ്ഠം ഭജേ॥ ൫൩

അന്വ:—യഃ (യാതൊരുവൻ) ആകാശേന ശിഖീ (ആകാശംകൊണ്ടു് ശിഖി=ശിഖയോടുകൂടിയവൻ-മയിൽ എന്നും—ആയിട്ടും) സമസ്തഫണിനാം നേത്രാ (എല്ലാസർപ്പങ്ങളുടേയും നായകനെക്കൊണ്ടു്, അതായതു് വാസുകിയെക്കൊണ്ടു്) കലാപീ (ഭൂഷണത്തോടുകൂടിയവൻ—മ

യിൽ എന്നും—ആയിട്ടും) നതാനുഗ്രാഹിപ്രണവോപ ദേശനിനദൈഃ (നമസ്കരിച്ചവരെ അനുഗ്രഹിക്കുന്ന പ്രണവോപദേശശബ്ദങ്ങളെക്കൊണ്ടു്) കേകീ-ഇതി (കേകയോടുകൂടിയവൻ—മയിൽ എന്നും—ആയിട്ടും) ഗീയതേ (ഗാനംചെയ്യപ്പെടുന്നുവോ) ശ്യാമാം (യൌവനമദ്ധ്യസ്ഥയായും) ഘനരുചിം (വലിയ ശോഭയുള്ളവളായുമിരിക്കുന്ന) ശൈലസമുദ്ഭവാം (ശ്രീപാവ്വതിയെ—ശ്യാമാം ശൈലസമുദ്ഭവാം ഘനരുചീം=ശ്യാമളവണ്ണമുള്ളതും പവ്വതത്തിന്മേൽനിന്നുത്ഭവിച്ചതുമായ മേഘകാന്തിയെ എന്നും—) ദൃഷ്ട്വാ (കണ്ടിട്ടു്) മുദാ നടന്തം (മോദത്തോടുകൂടി നടനം ചെയ്യുന്നവനായും) വേദാന്തോപവനേ വിഹാരരസികം (വേദാന്തപ്പൂങ്കാവിൽ വിഹരിക്കുന്നതിൽ രസികനായുമിരിക്കുന്ന) തം നീലകണ്ഠം (ആ നീലകണ്ഠനെ) അഹം ഭജേ (ഞാൻ ഭജിക്കുന്നു)

സാരം:—ആകാശമാണു് ശിവന്റെ ശിഖ. (കേശം); വാസുകിയാണു് ഭൂഷണം. ഭക്താനുഗ്രഹത്തിനുവേണ്ടി അവിടുന്നു പ്രണവത്തെ ഉപദേശിക്കുന്നു. ഈ കാരണങ്ങളാൽ ശിഖി, കലാപി, കേകി എന്നെല്ലാം പരമശിവനെ വിദ്വാന്മാർ പുകഴ്ത്തുന്നു. ശിഖി മുതലായ ശബ്ദങ്ങൾക്കു മയിൽ എന്നത്ഥമുണ്ടു്. . മേഘദശ്നത്തിങ്കൽ മോദത്തോടുകൂടി ആട്ടമാടുന്നതു് മയിലിന്നു് സ്വാഭാവികമാകുന്നു. അതുപോലെ പാവ്വതീദശ്നത്തിൽ ശിവനും, മോദംപൂണ്ടു നൃത്തംചെയ്യുന്നു. മയിൽ ഉപവനത്തിൽ ക്രീഡിക്കുന്നതുപോലെ ശിവൻ വേദാന്തത്തിലും ക്രീഡിക്കുന്നു. നീലകണ്ഠൻ എന്ന പേർ ശിവനുമുണ്ടു്, മയിലി

ത്തമുണ്ട്. അതിനാൽ ശിവനെ മയിലാക്കി രൂപണംചെയ്യുകയാണ് ഈ ശ്ലോകത്തിൽ കവി ചെയ്തിരിക്കുന്നത്. അങ്ങിനെയുള്ള ഭഗവാനെ ഞാൻ ഭജിക്കുന്നു.

സന്ധ്യാ ഘർമ്മദിനാത്യയോ ഹരികരാ-
ഘാതപ്രഭൂതാനക-
ധ്വാനോ വാരിദഗർജ്ജിതം ദിവിഷദാം
ദൃഷ്ടിച്ഛടാ ചഞ്ചലാ।
ഭക്താനാം പരിതോഷബാഷ്പവിതതിർ-
വൃഷ്ടിർമയൂരീ ശിവാ
യസ്മിന്നുജ്ജ്വലതാണ്ഡവം വിജയതേ
തം നീലകണ്ഠം ഭജേ॥ ൫൪

അന്വ:—ഘർമ്മദിനാത്യയഃ സന്ധ്യാ (ഗ്രീഷ്മകാലദിവസത്തിൻെറ അവസാനം സന്ധ്യ) ഹരികരാഘാതപ്രഭൂതാനകധ്വാനഃ വാരിദഗർജ്ജിതം (വിഷ്ണു കൈകൊണ്ടു കൊട്ടുന്ന വലിയ പെരുമ്പറവാദ്യത്തിൻെറ ശബ്ദം. ഇടിമുഴക്കം) ദിവിഷദാം ദൃഷ്ടിച്ഛടാ ചഞ്ചലാ (ദേവന്മാരുടെ ദൃഷ്ടിസമൂഹം മിന്നൽപിണർ) ഭക്താനാം പരിതോഷബാഷ്പവിതതിഃ വൃഷ്ടിഃ (ഭക്തന്മാരുടെ ആനന്ദബാഷ്പസമൂഹം വർഷം) ശിവാ മയൂരീ (ശ്രീപാർവ്വതി പെൺമയിൽ) ഏവം (ഇങ്ങിനെ) യസ്മിൻ (യാതൊരു ശിവങ്കൽ) ഉജ്ജ്വലതാണ്ഡവം വിജയതേ (ഉജ്ജ്വലമായ നൃത്തം വിജയിക്കുന്നുവോ) തം നീലകണ്ഠം അഹം ഭജേ (ആ നീലകണ്ഠനെ ഞാൻ ഭജിക്കുന്നു)

സാഃ—വേനൽക്കാലത്തെ സായാഹ്നം സന്ധ്യ, വിഷ്ണുഭഗവാൻ സന്തോഷിച്ചുകൊട്ടുന്ന പെരുമ്പറവാദ്യത്തിന്റെ ശബ്ദം ഇടിമുഴക്കം, ദേവന്മാരുടെ ദൃഷ്ടിവിഭ്രമം മിന്നൽപിണർ, ഭക്തന്മാരുടെ ആനന്ദബാഷ്പം മഴ, ശ്രീപാർവ്വതി പെൺമയിൽ—ഇങ്ങിനെയുള്ള മയൂരനൃത്തംയാതൊരു ശിവതാണ്ഡവത്തിങ്കൽ സർവ്വോൽക്കർഷേണ വർത്തിക്കുന്നുവോ ആ ശിവനെ ഞാൻ ഭജിക്കുന്നു.

ആദ്യായാമിതതേജസേ ശ്രുതിപദൈ-
 ർവ്വേദ്യായ സാദ്ധ്യായതേ
വിദ്യാനന്ദമയാത്മനേ ത്രിജഗത-
 സ്സംരക്ഷണോദ്യോഗിനേ।
ധ്യേയായാഖിലയോഗിഭിഃ സുരഗണൈ-
 ർഗ്ഗേയായ മായാവിനേ
സമ്യക് താണ്ഡവസംഭ്രമായ ജടിനേ
 സേയം നതിഃ ശംഭവേ॥ ൫൭

അന്വഃ—ആദ്യായ (ആദിഭൂതനായും) അമിതതേജസേ (അനല്പമായ തേജസ്സോടുകൂടിയവനായും) ശ്രുതിപദൈഃ വേദ്യായ (വേദവാക്യങ്ങളെക്കൊണ്ട് അറിയപ്പെടേണ്ടവനായും) സാദ്ധ്യായ (സാക്ഷാൽക്കരിക്കപ്പെടേണ്ടവനായും) വിദ്യാനന്ദമയാത്മനേ (ജ്ഞാനവും ആനന്ദവുമാകുന്ന സ്വരൂപത്തോടുകൂടിയവനായും) ത്രിജഗതഃ സംരക്ഷണോദ്യോഗിനേ (മൂന്നു ലോകങ്ങളുടേയും സംരക്ഷണത്തിൽ ഉത്സാഹമുള്ളവനായും) അഖിലയോഗിഭിഃ ധ്യേ

യ്യായ (എല്ലാ യോഗികളാലും ധ്യാനിക്കപ്പെടേണ്ടവനാ യും) സുരഗണൈഃ ഗേയായ (ദേവഗണങ്ങളാൽ പുകഴ്ത്തപ്പെടേണ്ടവനായും) മായാവിനെ (മായയുള്ളവനായും) സമ്യക് താണ്ഡവസംഭ്രമായ (വഴിപോലെയുള്ള നൃത്തത്തിങ്കൽ സംഭ്രമമുള്ളവനായും) ജടിനേ (ജടയുള്ളവനായുമിരിക്കുന്ന) ശംഭവേ തേ (ശംഭുവായ നിന്തിരുവടിക്ക്) സാ ഇയം നതിഃ (ആ ഈ നമസ്കാരം) അസ്തു (ഭവിക്കട്ടെ.)

സാ:—സ്പഷ്ടം.

നിത്യായ ത്രിഗുണാത്മനേ പുരജിതേ
കാത്യായനീപ്രേയസേ
സത്യായാദികുടുംബിനേ മുനിമനഃ-
പ്രത്യക്ഷചിന്മൂർത്തയേ।
മായാസൃഷ്ടജഗത്ത്രയായ സകലാ-
മ്നായാന്തസഞ്ചാരിണേ
സായം താണ്ഡവസംഭ്രമായ ജടിനേ
സേയം നതിഃ ശംഭവേ॥ ൫൩

അന്വ:—നിത്യായ (എന്നും നിലനില്ക്കുന്നവനായും) ത്രിഗുണാത്മനെ (സത്വരജസ്തമസ്സുകളാകുന്ന മൂന്നു ഗുണങ്ങളുള്ള ആത്മാവോടുകൂടിയവനായും) പുരജിതേ (ത്രിപുരന്മാരെ ജയിച്ചവനായും) കാത്യായനീപ്രേയസേ (കാത്യായനീദേവിയുടെ പ്രിയതമനായും) സത്യായ (സത്യസ്വരൂപനായും) ആദികുടുംബിനേ (ആദിഭൂതനായ ഗൃഹസ്ഥനായും) മുനിമനഃപ്രത്യക്ഷചിന്മൂർത്തയെ (മുനിമാരു

ടെ മനസ്സിങ്കൽ പ്രത്യക്ഷമായ ജ്ഞാനമൂൎത്തിയോടുകൂടിയ വനായും) മായാസൃഷ്ടജഗത്രയായ (മായകൊണ്ടു മൂന്നുലോകങ്ങളെ സൃഷ്ടിച്ചവനായും) സകലാമ്നായാന്ത സഞ്ചാരിണേ (സകല വേദാന്തങ്ങളിലും സഞ്ചരിക്കുന്നവനായും) സായം താണ്ഡവസംഭ്രമായ (സായംകാലത്തിങ്കൽ നൃത്തം ചെയ്യുന്നതിൽ ബദ്ധപ്പാടുള്ളവനായും) ജടിനേ (ജടയുള്ളവനായുമിരിക്കുന്ന) ശംഭവേ (ശിവന്നായിക്കൊണ്ടു്) സാ ഇയം നതിഃ (ആ ഈ നമസ്കാരം ഭവിക്കട്ടെ.)

സാ:—ത്രിഗുണാത്മാവു് എന്നതിന്നു് മൂന്നാമത്തെ ഗുണം അതായതു തമോഗുണം ഉള്ള മനസ്സിനോടുകൂടിയവൻ എന്നും അൎത്ഥമാകാം. സംഖ്യാവാചകമായ ത്രിശബ്ദത്തിന്നു് സമാസത്തിൽ ചേരുമ്പോഠ തൃതീയം എന്നൎത്ഥമാകാമല്ലൊ. ശേഷം സ്പഷ്ടം.

നിത്യം സ്വോദരപൂരണായ സകലാ-
നുദ്ദിശ്യ വിത്താശയാ
വ്യൎത്ഥം പൎയ്യടനം കരോമി ഭവതഃ
സേവാം ന ജാനേ വിഭോ!
മജ്ജന്മാന്തരപുണ്യപാകബലത-
സ്ത്വം ശൎവ്വ സൎവ്വാന്തര-
സ്തിഷ്ഠസ്യേവ ഹി തേന വാ പശുപതേ
തേ രക്ഷണീയോസ്മ്യഹം॥ ൫൭

അന്വ:—ഹേ വിഭോ (അല്ലയോ പ്രഭോ) സ്വോദരപൂരണായ (സ്വന്തം വയറുനിറയ്ക്കുന്നതിനുവേണ്ടി) സകലാൻ ഉദ്ദിശ്യ (സകലന്മാരെ=കലയോടുകൂടിയവരെ അതാ

യത്തു ധനികന്മാരെ ഉദ്ദേശിച്ചിട്ട്) വിത്താശയാ (ധനതൃഷ്ണനിമിത്തം) നിത്യം (എന്നും) വ്യത്ഥം (നിഷ്ഫലമാകുംവണ്ണം) അഹം പര്യടനം കരോമി (ഞാൻ സഞ്ചാരത്തെ ചെയ്യുന്നു) ഭവതഃ സേവാം (നിന്തിരുവടിയുടെ സേവയെ) ന ജാനേ (ഞാൻ അറിയുന്നില്ല) വാ (അഥവാ) ഹേ ശവ്വ (അല്ലയോ ശിവനെ) മജ്ജന്മാന്തരപുണ്യപാകബലതഃ (എന്റെ ജന്മാന്തരസുകൃതത്തിന്റെ പരിപാകബലത്താൽ) ത്വം (നിന്തിരുവടി) സവ്വാന്തരഃ തിഷ്ഠസി ഏവ ഹി (സവ്വജീവികളുടേയും അന്തരാത്മാവായിട്ടു സ്ഥിതി ചെയ്യുന്നുവല്ലോ) തേന (അതിനാൽ) ഹേ പശുപതേ (അല്ലയോ പശുപതേ) അഹം തേ രക്ഷണീയഃ അസ്മി (ഞാൻ നിന്തിരുവടിക്കു രക്ഷണീയനായി ഭവിക്കുന്നു)

സാ:—അല്ലയോ പ്രഭോ, സ്വന്തം വയറുപിഴപ്പിനുവേണ്ടി ധനവാന്മാരെ ഉദ്ദേശിച്ച് ധനതൃഷ്ണകാരണം ഞാൻ നിത്യമായി വെറുതെ സഞ്ചരിക്കുന്നു. നിന്തിരുവടിയുടെ സേവയെ ഞാൻ അറിയുന്നില്ല. അഥവാ, എന്റെ ജന്മാന്തരസുകൃതപരിപാകത്താൽ നിന്തിരുവടി സവ്വാന്തര്യാമിയായി സ്ഥിതിചെയ്യുന്നുണ്ടല്ലോ. അതിനാൽ അവിടേയ്ക്കു് ഞാൻ രക്ഷണീയനാകുന്നു. സേവാവിധി എനിക്കു് അറിഞ്ഞുകൂടെങ്കിലും എന്നിലും അന്തരാത്മാവായിരുന്നരുളുന്ന നിന്തിരുവടിക്കു് ഞാൻ ദീനനും, രക്ഷാഹ്നമാണെന്നു് അറിവുണ്ടല്ലോ എന്നു സാരം.

ഏകോ വാരിജബാന്ധവഃ ക്ഷിതിനഭോ-
വ്യാപ്തം തമോമണ്ഡലം

ഭിത്വാ ലോചനഗോചരോപി ഭവതി
　　ത്വം കോടിസൂൎയ്യപ്രഭഃ।
വേദ്യഃ കിം ന ഭവസ്യഹോ ഘനതരം
　　കീദൃഗ്ഭവേന്മത്തമ-
സ്തൽ സൎവ്വം വ്യപനീയമേ പശുപതേ
　　സാക്ഷാൽ പ്രസന്നോ ഭവ॥ ൭൫

അന്വ:—ഏകഃ വാരിജബാന്ധവഃ (ഒരു സൂൎയ്യൻ) ക്ഷിതിനഭോവ്യാപ്തം തമോമണ്ഡലം ഭിത്വാ (ഭൂമിയിലും ആകാശത്തിലും വ്യാപിച്ചിരിക്കുന്ന തമസ്സമൂഹത്തെ പിളൎത്തു) ലോചനഗോചരഃ അപി ഭവതി (ലോചനഗോചരൻ=ദൎശനീയൻ ആയി ഭവിക്കുന്നില്ലേ) കോടിസൂൎയ്യപ്രഭഃ ത്വം (കോടിസൂൎയ്യന്മാരുടെ പ്രഭപോലുള്ള പ്രഭയോടുകൂടിയ നിന്തിരുവടി) കിം ന വേദ്യഃ ഭവസി (എന്തുകൊണ്ടു വേദ്യൻ=അറിയപ്പെടുവാൻ കഴിയുന്നവൻ ആയി ഭവിക്കുന്നില്ല. അഹോ (ആശ്ചൎയ്യം.) മത്തമഃ (എൻെറ തമസ്സ്=അജ്ഞാനം; ഇരുട്ടു്) കീദൃക് ഘനതരം ഭവേൽ (എങ്ങിനെ അധികം കനത്തതായി ഭവിക്കും) ഹേ പശുപതേ (അല്ലയോ ശിവനെ) തൽ സൎവ്വം വ്യപനീയ (അതിനെ മുഴുവൻ നീക്കിയിട്ടു്) ത്വം പ്രസന്നഃ മേ സാക്ഷാൽ ഭവ (നിന്തിരുവടി പ്രസാദിച്ചു് എനിക്കു പ്രത്യക്ഷീഭവിക്കേണമെ)

സാരം:—ഒരു സൂൎയ്യൻ മണ്ണിലും വിണ്ണിലും വ്യാപിച്ച ഇരുൾക്കൂട്ടത്തെ പിളൎത്തു് ദൃഷ്ടിഗോചരനായി ഭവിക്കുന്നില്ലേ? കോടിസൂൎയ്യപ്രഭനായ നിന്തിരുവടി എന്തുകൊണ്ടു് അങ്ങിനെ അറിയപ്പെടാവുന്നവനായി ഭവിക്കുന്നി

ല്ല? ആശ്ചര്യംതന്നെ. എൻെറ അജ്ഞാനമാകുന്ന ഇരുട്ട് എത്രയേറെ ഘനപ്പെട്ടതായി ഭവിക്കും? ഹേ പശുപതേ! നിന്തിരുവടി തിരുവുള്ളമുണ്ടായിട്ട് എൻെറ അജ്ഞാനാന്ധകാരമകററി എനിക്കു പ്രത്യക്ഷീഭവിക്കേണമെ.

ഹംസഃ പദ്മവനം സമിച്ഛതി യഥാ
 നീലാംബുദം ചാതകഃ
കോകഃ കോകനദപ്രിയം പ്രതിദിനം
 ചന്ദ്രം ചകോരസ്തഥാ।
ചേതോ വാഞ്ഛതി മാമകം പശുപതേ
 ചിന്മാർഗ്ഗമൃഗ്യം വിഭോ
ഗൌരീനാഥ ഭവൽപദാബ്ജയുഗളം
 കൈവല്യസൌഖ്യപ്രദമ്॥ ൭൯

അന്വ:—ഹംസഃ പദ്മവനം (ഹംസം താമരപ്പൊയ്കയേയും) ചാതകഃ നീലാംബുദം (ചാതകപ്പക്ഷി നീലമേഘത്തേയും) കോകഃ കോകനദപ്രിയം (ചക്രവാകം സൂര്യനേയും) ചകോരഃ ചന്ദ്രം ച (ചകോരം ചന്ദ്രനേയും) യഥാ പ്രതിദിനം സമിച്ഛതി തഥാ (എപ്രകാരം ദിനംതോറുമിച്ഛിക്കുന്നുവോ അപ്രകാരം) മാമകം ചേതഃ (എൻെറ മനസ്സ്) ഹേ പശുപതേ വിഭോ ഗൌരീനാഥ (അല്ലയോ പശുപതിയും പ്രഭുവുമായ പാർവ്വതീപതേ) ചിന്മാർഗ്ഗമൃഗ്യം (ജ്ഞാനമാർഗ്ഗത്തിലൂടെ തിരയപ്പെടേണ്ടതും) കൈവല്യസൌഖ്യപ്രദം (മോക്ഷസുഖത്തെ നല്കുന്നതുമായ) ഭവൽപദാബ്ജയുഗളം (നിന്തിരുവടിയുടെ പാദാരവിന്ദദ്വയത്തെ, വാഞ്ഛതി (ആഗ്രഹിക്കുന്നു)

സാരം:—അരയന്നം താമരപ്പൊയ്കയേയും, ചാതകം നീലമേഘത്തേയും, ചക്രവാകം സൂര്യനേയും, ചകോരം ചന്ദ്രനേയും ദിനംതോറും കാണുവാൻ കൊതിക്കുന്നതുപോലെ എൻെറ മനസ്സ് ജ്ഞാനമാർഗ്ഗത്തിലൂടെ തിരയപ്പെടേണ്ടതും മോക്ഷസുഖമരുളുന്നതുമായ നിന്തിരുവടിയുടെ പാദപദ്മങ്ങളെ രണ്ടിനേയും കാണുവാനാഗ്രഹിക്കുന്നു.

രോധസ്തോയഹൃതഃ ശ്രമേണ പഥിക-
ശ്ഛായാം തരോർവൃഷ്ടിതോ
ഭീതഃ സ്വസ്ഥഗൃഹം ഗൃഹസ്ഥമതിഥി-
ർദ്ദീനഃ പ്രഭും ധാർമ്മികമ്।
ദീപം സന്തമസാകുലശ്ച ശിഖിനം
ശീതാവൃതസ്ത്വം തഥാ
ചേതഃ സർവ്വഭയാപഹം വ്രജ സുഖം
ശംഭോഃ പദാംഭോരുഹമ്॥ ൬൦

അന്വ:—തോയഹൃതഃ (വെള്ളത്താൽ തട്ടിക്കൊണ്ടുപോകപ്പെട്ടവൻ) രോധഃ (തീരത്തേയും) പഥികഃ (വഴിപോക്കൻ) ശ്രമേണ (തളർച്ച ഹേതുവായിട്ട്) തരോഃ ച്ഛായാം (മരത്തിൻെറ തണലിനേയും) വൃഷ്ടിതഃ ഭീതഃ (മഴയിൽനിന്നു ഭയപ്പെട്ടവൻ) സ്വസ്ഥഗൃഹം (സ്വസ്ഥൻെറ ഗൃഹത്തേയും) അതിഥിഃ (അതിഥിയായവൻ) ഗൃഹസ്ഥം (ഗൃഹസ്ഥനേയും) ദീനഃ (ദുഃഖിതൻ) ധാർമ്മികം പ്രഭും (ധർമ്മിഷ്ഠനായ പ്രഭുവിനേയും) സന്തമസാകുലഃ (കൂരിരുട്ടുകൊണ്ട് ആകുലനായവൻ) ദീപം (വിളക്കിനേയും) ശീതാവൃതഃ (തണുപ്പിനാൽ ആവൃതനായവൻ) ശിഖിനം ച (അ

ന്ധിയേയും) യഥാ വ്രജതി തഥാ (എപ്രകാരം ഗമിക്കുന്നുവോ അപ്രകാരം) ഹേ ചേതഃ (അല്ലയോ മനസ്സേ) ത്വം (നീ) സർവ്വഭയാപഹം (എല്ലാ ഭയങ്ങളേയും പോക്കുന്നതായ) ശംഭോഃ പദാംഭോരുഹം (ശിവൻെറ പാദപദ്മത്തെ) സുഖം വ്രജ (സുഖമാകുംവണ്ണം ഗമിച്ചാലും.)

സാരം:— വെള്ളത്തിൽ ഒലിച്ചുപോയവൻ തീരത്തേയും, വഴിനടന്നു ക്ഷീണിച്ചവൻ മരത്തണലിനേയും, മഴയിൽനിന്നു ഭയപ്പെട്ടവൻ സ്വസ്ഥഗൃഹത്തേയും, അതിഥി ഗൃഹസ്ഥനേയും, ദീനൻ ധർമ്മശീലനായ പ്രഭുവിനേയും, ഇരുട്ടിൽത്തപ്പിത്തടഞ്ഞവൻ വിളക്കിനേയും, തണുത്തുവിറച്ചവൻ തീയ്യിനേയും ആഗ്രഹിക്കുന്നതുപോലെ, അല്ലയോ മനസ്സേ, നീ സർവ്വഭയങ്ങളേയുമകററുന്ന പരമശിവൻെറ പാദപദ്മത്തെ ശരണമായി പ്രാപിച്ചാലും.

അംകോലം നിജബീജസന്തതിരയ-
സ്കാന്തോപലം സൂചികാ
സാധ്വീ നൈജവിഭും ലതാ ക്ഷിതിരുഹം
സിന്ധുഃ സരിദ്വല്ലഭമ്।
പ്രാപ്നോതീഹ യഥാ തഥാ പശുപതേഃ
പാദാരവിന്ദദ്വയം
ചേതോവൃത്തിരുപേത്യ തിഷ്ഠതി സദാ
സാ ഭക്തിരിത്യുച്യതേ॥ ൬൧

അന്വ:— ഇഹ (ഇവിടെ) നിജബീജസന്തതിഃ അംകോലം (തൻെറ ബീജസമൂഹം അങ്കോലവൃക്ഷത്തെയും) സൂചികാ അയസ്കാന്തോപലം (സൂചി അയസ്കാന്തക്കല്ലി

നെയും) സാധ്വീ നൈജവിഭും (പതിവ്രത തൻെറ പതി യേയും) ലതാ ക്ഷിതിരുഹം (വള്ളി മരത്തെയും) സിന്ധുഃ സരിദ്വല്ലഭം ച (നദി സമുദ്രത്തെയും) യഥാ പ്രാപ്നോതി തഥാ (എങ്ങനെ പ്രാപിക്കുന്നുവോ അങ്ങനെ) ചേതോവൃ ത്തിഃ പശുപതേഃ പാദാരവിന്ദദ്വയം സദാ ഉപേത്യ തിഷ്ഠ തി (മനോവൃത്തി ശിവൻെറ കാൽത്താരിണയെ എപ്പോ ഴും പ്രാപിച്ച് സ്ഥിതിചെയ്യുന്നു) സാ ഭക്തിഃ ഇതി ഉച്യ തേ (അതാണു് ഭക്തി എന്നു പറയപ്പെടുന്നതു്.)

സാ:—അങ്കോലത്തിൻെറ വിത്തു കുഴിച്ചിട്ടാൽ അ തു മുളച്ചു് അങ്കോലത്തിൽത്തന്നെ കയറുന്നു; സൂചി അ യസ്കാന്തത്തെ കടന്നുപിടിക്കുന്നു; പതിവ്രത തൻെറ പ തിയെ അവലംബിക്കുന്നു; വള്ളി മരത്തെ കെട്ടിപ്പിടിക്കു ന്നു; നദി സമുദ്രത്തിലെത്തുന്നു—അതുപോലെ മനോവൃ ത്തി ശിവൻെറ ഇരുപാദപത്മങ്ങളെ സകലസമയത്തും ആശ്രയിച്ചുകൊണ്ടിരിക്കുന്നു. അതത്രേ ഭക്തിയെന്നു പറ യപ്പെടുന്നതു്.

ആനന്ദാശ്രുഭിരാതനോതി പുളകം
നൈർമ്മല്യതശ്ഛാദനം
വാചാ ശംഖമുഖേ സ്ഥിതൈശ്ച ജഠരാ-
പൂർത്തിം ചരിത്രാമൃതൈഃ।
രുദ്രാക്ഷൈർഭസിതേന ദേവ വപുഷോ
രക്ഷാം ഭവദ്ഭാവനാ-
പര്യങ്കേ വിനിവേശ്യ ഭക്തിജനനീ
ഭക്താർഭകം രക്ഷതി॥ ന്വവ

അന്വ:—ആനന്ദാശ്രുഭിഃ പുളകം (ആനന്ദബാഷ്പങ്ങളെക്കൊണ്ടു രോമാഞ്ചത്തെയും) നൈർമ്മല്യതഃ ഛാദനം (നിർമ്മലത്വംകൊണ്ടു വസ്ത്രാവരണത്തെയും) വാചാ ശംഖമുഖേസ്ഥിതൈഃ ചരിത്രാമൃതൈഃ ജഠരാ പൂർത്തിം (വാക്കാകുന്ന ശംഖമുഖത്തിൽ സ്ഥിതിചെയ്യുന്ന കഥാമൃതങ്ങളെക്കൊണ്ടു് ഉദരപൂർത്തിയെയും) രുദ്രാക്ഷൈഃ ഭസിതേന ച വപുഷഃ രക്ഷാം ച ആതനോതി (രുദ്രാക്ഷംകൊണ്ടും ഭസ്മംകൊണ്ടും ദേഹത്തിൻെറ രക്ഷയെയും ചെയ്യുന്നു) ഹേ ദേവ ഭക്തിജനനീ ഭക്താർഭകം ഭവദ്ഭാവനാപര്യങ്കേ വിനിവേശ്യ രക്ഷതി (ഭക്തിയാകുന്ന അമ്മ, ഭക്തനാകുന്ന ബാലനെ നിൻതിരുവടിയുടെ ധ്യാനമാകുന്ന കട്ടിലിന്മേൽ കിടത്തി രക്ഷിക്കുന്നു.)

സാ:—അല്ലയോ ദേവ, ഭക്തിയാകുന്ന മാതാവു് ഭക്തനാകുന്ന ബാലനെ ആനന്ദാശ്രുക്കളാൽ കുളിപ്പിച്ചു്, നിർമ്മലതകൊണ്ടു വസ്ത്രമുടുപ്പിച്ചു്, വാക്കാകുന്ന ശംഖിൽ പകൎന്നു് കഥാമൃതം വയറുനിറയെ കൊടുത്തു്, രുദ്രാക്ഷങ്ങളാലും ഭസ്മത്താലും ദേഹരക്ഷചെയ്തു്, നിൻതിരുവടിയുടെ ധ്യാനമാകുന്ന കട്ടിലിന്മേൽ കിടത്തി രക്ഷിക്കുന്നു.

മാർഗ്ഗാവർത്തിതപാദുകാ പശുപതേ-
 രംഗസ്യ കൂർച്ചായതേ
ഗണ്ഡൂഷാംബുനിഷേചനം പുരരിപോ-
 ർദിവ്യാഭിഷേകായ തേ
കിഞ്ചിദ്ഭക്ഷിതമാംസശേഷകബളം
 ദിവ്യോപഹാരായതേ

ഭക്തിഃ കിന്നകരോത്യഹോ വനചരോ
ഭക്താവതംസായതേ॥ ൬൩.

അന്വ:—മാർഗ്ഗാവർത്തിതപാദുകാ (വഴിയിൽവെച്ച് അഴിച്ച ചെരിപ്പ്) പശുപതേഃ അംഗസ്യ (ശിവൻെറ ദേഹത്തിന്ന്) കൂർച്ചായതേ (ദർഭാസനമായി ഭവിക്കുന്നു, ഗണ്ഡൂഷാംബുനിഷേചനം (കുലുക്കുഴിഞ്ഞവെള്ളംകൊണ്ടു നനയ്ക്കൽ) പുരരിപോഃ (ത്രിപുരാന്തകന്ന്) ദിവ്യാഭിഷേകായതേ (ദിവ്യാഭിഷേകമായി ഭവിക്കുന്നു) കിഞ്ചിദ്ഭക്ഷിതമാംസശേഷകബളം (അല്പം ഭക്ഷിക്കപ്പെട്ട മാംസത്തിൻെറ ശേഷിച്ച കഷണം) ദിവ്യോപഹാരായതേ (ദിവ്യനൈവേദ്യമായി ഭവിക്കുന്നു) വനചരഃ (കാട്ടാളൻ) ഭക്താവതംസായതേ (ഭക്തശിരോമണിയായി ഭവിക്കുന്നു) അഹോ ഭക്തിഃ കിം ന കരോതി (ആശ്ചര്യം-ഭക്തി എന്തിനെ ചെയ്യുന്നില്ല)

സാ:—കാട്ടിൽ നടക്കുന്ന ഭക്തനായ കാട്ടാളൻ പൂജിക്കുമ്പോഠം വഴിയിൽ അഴിച്ചുവെച്ച ചെരിപ്പ് ശിവന്നു ദർഭാസനമായും, കുലുക്കുഴിഞ്ഞ വെള്ളംകൊണ്ടു നനയ്ക്കൽ ദിവ്യാഭിഷേകമായും, പാതി തിന്നു ഉച്ഛിഷ്ടമായ മാംസകഷണം ദിവ്യനൈവേദ്യമായും, പൂജകനായ കാട്ടാളൻ ഭക്തശിരോമണിയായും ഭവിക്കുന്നു. ആശ്ചര്യം! ഭക്തി എന്തൊന്നു ചെയ്യുന്നില്ല?

വക്ഷസ്താഡനമന്തകസ്യ കഠിനാ-
പസ്മാരസമ്മർദ്ദനം

ഭൂഭൃൽപൎയ്യടനം നമത്സുരശിരഃ
കോടീരസംഘൎഷണം।
കൎമ്മേദം മൃദുലസ്യ താവകപദ-
ദ്വന്ദ്വസ്യ കിം വോചിതം
മച്ചേതോമണിപാദുകാ വിഹരണം
ശംഭോ സദാംഗീകുരു॥ ൬൫

അന്വ:--അന്തകസ്യ വക്ഷസ്താഡനം (കാലന്റെ മാറത്തു ചവുട്ടൽ) കഠിനാപസ്മാരസമ്മൎദ്ദനം (കഠിനമായ അപസ്മാരഭൂതത്തെ മൎദ്ദിക്കൽ) ഭൂഭൃൽപൎയ്യടനം (പൎവ്വതത്തിന്മേൽ നടക്കൽ) നമത്സുരശിരഃ കോടീരസംഘൎഷണം (നമസ്കരിക്കുന്ന ദേവന്മാരുടെ തലകളിലെ കിരീടങ്ങളിൽ മൂടി ഉരുമ്മൽ) ഇദംകൎമ്മ (ഈ പ്രവൃത്തി) മൃദുലസ്യ താവകപദദ്വന്ദ്വസ്യ (മാൎദ്ദവമുള്ള നിന്തിരുവടിയുടെ കാലിണക്കു്) ഉചിതം കിം വാ (ഉചിതമാണോ) ഹേ ശംഭോ (അല്ലയോ ശിവനേ) സദാ (എപ്പോഴും) മച്ചേതോമണിപാദുകാവിഹരണം (എന്റെ മനസ്സാകുന്ന മണിപാദുകയിലുള്ള വിഹാരത്തെ) അംഗീകുരു (സ്വീകരിച്ചാലും)

സാ:—കാലന്റെ മാറത്തു ചവിട്ടുക, കടുത്ത അപസ്മാരഭൂതത്തെ ഞെരിക്കുക, മലയിൽ നടക്കുക, നമസ്കരിക്കുന്ന ദേവന്മാരുടെ കിരീടങ്ങളിൽ ഉരുമ്മുക എന്നിങ്ങനെയുള്ള പ്രവൃത്തി മൃദുവായ നിന്തിരുവടിയുടെ തൃക്കാലിണയ്ക്കു ചേൎന്നതാണോ? ഹേ ശംഭോ, എപ്പോഴും എന്റെ മനസ്സാകുന്ന മണിപാദുകയിൽ വിഹരിച്ചാലും.

വക്ഷസ്താഡനശംകയാ വിചലിതോ
വൈവസ്വതോ നിർജ്ജരാഃ
കോടീരോജ്വലരത്നദീപകലികാ-
നീരാജനം കുർവ്വതേ।
ദൃഷ്ട്വാ മുക്തിവധൂസ്തനോതി നിഭൃതാ-
ശ്ലേഷം ഭവാനീപതേ
യച്ചേതസ്തവപാദപദ്മഭജനം
തസ്യേഹ കിം ദുർല്ലഭമ്॥ ൬൫

അന്വ:—വൈവസ്വതഃ (കാലൻ) ദൃഷ്ട്വാ (കണ്ടിട്ട്) വക്ഷസ്താഡനശംകയാ (മാറത്തു ചവിട്ടുമെന്ന ശങ്കകൊണ്ട്) വിചലിതഃ (നീങ്ങിപ്പോയി) നിർജ്ജരാഃ (ദേവന്മാർ) കോടീരോജ്വലരത്നദീപകലികാനീരാജനം (കിരീടങ്ങളിൽ മിന്നുന്ന രത്നങ്ങളാകുന്ന ദീപനാളങ്ങൾകൊണ്ടുള്ള നീരാജനത്തെ) കുർവ്വതേ (ചെയ്യുന്നു) മുക്തിവധൂഃ (മുക്തിയാകുന്ന സ്ത്രീ) നിഭൃതാശ്ലേഷം (ഗാഢാലിംഗനത്തെ) തനോതി (ചെയ്യുന്നു) ഹേ ഭവാനീപതേ (അല്ലയോ പാർവ്വതീകാന്ത) യച്ചേതഃ (യാതൊരുവന്റെ മനസ്സ്) തവ പാദപദ്മഭജനം തനോതി (നിന്തിരുവടിയുടെ പാദപത്മഭജനത്തെ ചെയ്യുന്നുവോ) തസ്യ (അവന്ന്) ഇഹ (ഈ ലോകത്തിൽ) കിം ദുർല്ലഭം (എന്താണ് ലഭ്യമല്ലാത്തത്)

സാ:—ഹേ പാർവ്വതീകാന്ത, നിന്തിരുവടിയുടെ പാദപത്മം കണ്ടിട്ട് മാറത്തു ചവിട്ടുമോ എന്നു ശങ്കിച്ച് കാലൻ നീങ്ങിപ്പോകയും, ദേവന്മാർ കിരീടങ്ങളിലെ രത്നങ്ങ-

ളെക്കൊണ്ടു ദീപാരാധന ചെയ്യുകയും, മുക്തിയാകുന്ന സ്ത്രീ മുറുകെപ്പുണരുകയും ചെയ്യുന്നു. ആർ അവിടത്തെ തൃക്കാൽ ഭജിക്കുന്നുവോ അവനെന്തുതന്നെ സുലഭമല്ല?

ക്രീഡാൎത്ഥം സൃജസി പ്രപഞ്ചമഖിലം
ക്രീഡാമൃഗാസ്തേജനാ
യൽ കൎമ്മാചരിതം മയാ ച ഭവതഃ
പ്രീത്യൈഭവത്യേവ തൽ।
ശംഭോ സ്വസ്യ കുതൂഹലസ്യ കരണം
മച്ചേഷ്ടിതം നിശ്ചിതം
തസ്മാന്മാമകരക്ഷണം പശുപതേ
കൎത്തവ്യമേവ ത്വയാ॥ ൬൫

അന്വ:—ഹേ ശംഭോ പശുപതേ (അല്ലയോ ശംഭുവായ ശിവനെ) ത്വം ക്രീഡാൎത്ഥം അഖിലം പ്രപഞ്ചം സൃജസി (നിന്തിരുവടി കളിപ്പാനായിക്കൊണ്ടു് എല്ലാ പ്രപഞ്ചത്തേയും സൃഷ്ടിക്കുന്നു) ജനാഃ തേ ക്രീഡാമൃഗാഃ (ജനങ്ങൾ അവിടുത്തെ കളി മൃഗങ്ങളാണു്) മയാ യൽ കൎമ്മ ആചരിതം (എന്നാൽ യാതൊരു പ്രവൃത്തി ചെയ്യപ്പെട്ടുവോ) തൽ ച ഭവതഃ പ്രീത്യൈ ഭവതി ഏവ (അതും അവിടേയ്ക്കു പ്രീതിക്കായിക്കൊണ്ടു് ഭവിക്കുന്നു തന്നെ) മച്ചേഷ്ടിതം (എൻെറ പ്രവൃത്തി) സ്വസ്യ കുതൂഹലസ്യ കരണം നിശ്ചിതം (തൻെറ കൌതുകത്തിൻെറ കരണമാണെന്നു് നിശ്ചിതമാകുന്നു) തസ്മാൽ (അതിനാൽ) മാമകരക്ഷണം ത്വയാ കൎത്തവ്യം ഏവ (എൻെറ രക്ഷണം നിന്തിരുവടിയാൽ കൎത്തവ്യംതന്നെയാകുന്നു.)

സാ:— അല്ലയോ ശംഭുവായ ശിവനെ, അവിടന്നു കളിപ്പാൻവേണ്ടി പ്രപഞ്ചം മുഴുവനും സൃഷ്ടിക്കുന്നു. ജന്തുങ്ങളെല്ലാം അവിടത്തെ കളിമൃഗങ്ങളാണു്. ഞാൻ എന്തുകൎമ്മം ചെയ്യുവോ അതും അവിടത്തെ പ്രീതിക്കു കാരണമാവും. നിശ്ചയം. എൻെറ പ്രവൃത്തി സ്വന്തം കൌതുകത്തിൻെറ ഫലമാണെന്നു് തീൎച്ചയാകുന്നു. അതിനാൽ എന്നെ രക്ഷിക്കേണ്ട ഭാരം നിന്തിരുവടിയ്ക്കുണ്ടു്.

ബഹുവിധപരിതോഷബാഷ്പപൂര-
സ്ഫുടപുളകാങ്കിതചാരുഭോഗഭൂമിം|
ചിരപദഫലകാംക്ഷിസേവ്യമാനാം
പരമസദാശിവ ഭാവനാം പ്രപദ്യേ|| ൫൦

അന്വ:— ബഹുവിധ പരിതോഷബാഷ്പപൂരസ്ഫുടപുളകാങ്കിതചാരുഭോഗഭൂമിം (പലവിധത്തിലുള്ള സന്തോഷങ്ങളെക്കൊണ്ടുണ്ടായ ബാഷ്പപൂരത്താലും സ്പഷ്ടമായ പുളകത്താലും അടയാളപ്പെട്ട മനോഹരമായ ഭോഗഭൂമിയോട്ടു് അതായതു് സുഖദുഃഖാനുഭവത്തിന്നാശ്രയമായ ദേഹത്തോടുകൂടിയതായും) ചിരപദഫലകാംക്ഷിസേവ്യമാനാം (വളരെനേരം പദഫലകങ്ങളായ=അടികളാകുന്ന പലകകളുള്ള അടികളോടുകൂടിയ കാലുകളെക്കൊണ്ടു സേവിയ്ക്കപ്പെടുന്നതുമായ) പരമസദാശിവ ഭാവനാം (സൎവ്വോൽകൃഷ്ടനായ പരമശിവൻെറ ധ്യാനത്തെ) അഹം പ്രപദ്യേ (ഞാൻ പ്രാപിയ്ക്കുന്നു)

സാ:— നാനാപ്രകാരേണയുള്ള സന്തോഷങ്ങളെക്കൊണ്ടുണ്ടായ കണ്ണീരുകൊണ്ടും, സ്പഷ്ടമായ പുളകച്ചാൎത്തുകൊ

ണ്ടും, അടയാളപ്പെട്ട ശരീരത്തോടുകൂടി വളരെനേരം കാലടികഠം ഊന്നിക്കൊണ്ടു് സേവിയ്ക്കപ്പെടുന്നതായ പരമശിവധ്യാനത്തെ ഞാൻ പ്രാപിയ്ക്കുന്നു.

അമിതമുദമൃതം മുഹുർദ്ദുഹന്തീം
വിമലഭവൽപദഗോഷ്ഠമാവസന്തീമ്।
സദയപശുപതേ സുപുണ്യപാകാം
മമ പരിപാലയ ഭക്തിധേനുമേകാമ്॥ ന്നൃ

അന്വ:—ഹേ സദയപശുപതേ (അല്ലയോ ദയാലുവായ ശിവനെ) മുഹുഃ (പിന്നെയും പിന്നെയും) അമിതമുദമൃതം ദുഹന്തീം (അനല്പമായ മോദമാകുന്ന അമൃതത്തെ കറന്നുതരുന്നതും) വിമലഭവൽപദഗോഷ്ഠം ആവസന്തീം (നിർമ്മലമായ നിന്തിരുവടിയുടെ കാലടിയാകുന്ന തൊഴുത്തിൽ വസിച്ചുകൊണ്ടിരിക്കുന്നതും) സുപുണ്യപാകാം (ശോഭനമായ പുണ്യത്തിൻെറ ഫലമായിട്ടുള്ളതും) ഏകാം (മുഖ്യവുമായിരിക്കുന്ന) മേ ഭക്തിധേനും (എൻെറ ഭക്തിയാകുന്ന പശുവിനെ) ത്വം പരിപാലയ (നിന്തിരുവടി പരിപാലിയ്ക്കേണമെ)

സാ:—വീണ്ടും വീണ്ടും അനല്പമായ മോദമാകുന്ന അമൃതം (അമൃതതുല്യമായ പാൽ) കറന്നുകൊടുക്കുന്നതായും, നിർമ്മലമായ നിന്തിരുവടിയുടെ കാലടിയാകുന്ന തൊഴുത്തിൽ വസിക്കുന്നതായും, ശോഭനമായ സുകൃതത്തിൻെറ പരിപക്വഫലമായും, മുഖ്യമായുമിരിക്കുന്ന എൻെറ ഭക്തിയാകുന്ന പശുവിനെ, അല്ലയോ പശുപതേ, നിന്തിരുവടി പരിപാലിയ്ക്കേണമെ.

ജഡതാ പശുപകളങ്കഃ *
കുടിലചരത്വം ച നാസ്തി മയി ദേവ।
അസ്തി യദി രാജമൌലേ
ഭവദാഭരണസ്യ നാസ്മി കിം പാത്രമ്॥ ൫൯

അന്വ:—ഹേ പശുപദേവ (അല്ലയോ പശുക്കളെ അതായത് സംസാരബദ്ധന്മാരെ പാലിക്കുന്ന ശിവനെ) മയി (എന്നിൽ) ജഡതാ (ജഡതയും) കളങ്കഃ (കളങ്കവും) കുടിലചരത്വം ച (കൌടില്യത്തോടുകൂടി നടക്കുന്ന സ്വഭാവവും) ന അസ്തി (ഇല്ല) അസ്തി യദി തർഹി (ഉണ്ടെങ്കിൽ) ഹേ രാജമൌലേ (അല്ലയോ ചന്ദ്രചൂഡ) അഹം (ഞാൻ) ഭവതാഭരണസ്യ (നിന്തിരുവടിയുടെ ആഭരണത്തിന്നു്) ന കിം പാത്രം അസ്മി (പാത്രമാകയില്ലയോ)

സാ:—ജഡത=ജലമയത്വം, ചൈതന്യമില്ലായ്മ. കളങ്കം=അടയാളം, ദോഷം. കുടിലചരത്വം=വക്രഗതി. ഇപ്പറഞ്ഞതൊന്നും എന്നിൽ ഇല്ല. അവ ഉണ്ടെങ്കിൽ, അല്ലയോ ചന്ദ്രശേഖരാ, ഞാനവിടുത്തെ ആഭരണത്തിന്നു് പാത്രമാകയില്ലയോ? ജഡത തുടങ്ങിയ ദോഷങ്ങളുള്ള ചന്ദ്രനെ അവിടന്നു ആഭരണമായി ധരിക്കുന്നു; എന്നെ ആദരിക്കുന്നതുമില്ല. ഇതു യുക്തമല്ലെന്നു താല്പര്യം.

അരഹസി രഹസി സ്വതന്ത്രബുദ്ധ്യാ
വരിവസിതും സുലഭഃ പ്രസന്നമൂർത്തിഃ।
അഗണിതഫലദായകഃ പ്രഭുർമ്മേ
ജഗദധികോ ഹൃദി രാജശേഖരോസ്തി॥ ൬൦

* "ജഡതാ പശുതാ കളങ്കിതാ" എന്നു പാഠാന്തരം.

അന്വ:—അരഹസി രഹസി ച (രഹസ്സല്ലാത്ത സ്ഥലത്തിങ്കലും രഹസ്സിങ്കലും) സ്വതന്ത്രബുദ്ധ്യാ (സ്വതന്ത്രമായ ബുദ്ധിയോടുകൂടി) വരിവസിതും (സേവിക്കുവാൻ) സുലഭഃ (സുലഭനായും) പ്രസന്നമൂൎത്തിഃ (പ്രസന്നമായ മൂൎത്തിയോടുകൂടിയവനായും) അഗണിതഫലദായകഃ (കണക്കാക്കപ്പെടാത്ത ഫലങ്ങളെ നല്കുന്നവനായും) ജഗദധികഃ (ലോകത്തിൽവെച്ചു ശ്രേഷ്ഠനായും) പ്രഭുഃ (സൎവ്വശക്തനായുമിരിക്കുന്ന) രാജശേഖരഃ (ചന്ദ്രശേഖരൻ) മേ ഹൃദി അസ്തി (എന്റെ ഹൃദയത്തിൽ ഭവിക്കുന്നു.)

സാഃ—ഒളിവായിട്ടും വെളിവായിട്ടും സ്വതന്ത്രമായ ബുദ്ധിയോടുകൂടി സേവിക്കുവാൻ കിട്ടുന്നവനായും പ്രസന്നാകാരനായും, കണക്കില്ലാത്തത്ര ഫലങ്ങളെ നല്കുന്നവനായും, സൎവ്വശക്തനായുമിരിക്കുന്ന ചന്ദ്രചൂഡസ്വാമി എന്റെ ഹൃദയത്തിൽ ഇരുന്നരുളുന്നു.

ആരൂഢഭക്തിഗുണകുഞ്ചിതഭാവചാപ-
യുക്തൈഃ ശിവസ്മരണബാണഗണൈരമോഘൈഃ
നിൎജ്ജിത്യകില്ബിഷരിപൂൻ വിജയീ സുധീന്ദ്രഃ
സാനന്ദമാവഹതി സുസ്ഥിരരാജലക്ഷ്മീമ്॥ ൭

അന്വ:—സുധീന്ദ്രഃ (വിദ്വാനായവൻ) ആരൂഢഭക്തിഗുണകുഞ്ചിതഭാവചാപയുക്തൈഃ (ആരൂഢഭക്തിഗുണം=ഭക്തിയാകുന്ന ഞാൺ ഏററിയതായും, കുഞ്ചിതം=കുനിഞ്ഞതു് ആയുമിരിക്കുന്ന ഭാവചാപം=ധ്യാനമാകുന്ന വില്ലു്, ചേൎന്നവയായും) അമോഘൈഃ (നിഷ്ഫലമാകാത്തവയായുമിരിക്കുന്ന) ശിവസ്മരണബാണഗണൈഃ (ശിവസ്മൃതിക

ളാകുന്ന ബാണസമൂഹങ്ങളെക്കൊണ്ടു്) കില്ബിഷരിപൂൻ നിർജ്ജിത്യ (പാപങ്ങളാകുന്ന ശത്രുക്കളെ ജയിച്ചിട്ടു്) വിജയീ (വിജയിയായിട്ടു്) സാനന്ദം (ആനന്ദത്തോടുകൂടി) സുസ്ഥിരരാജലക്ഷ്മീം (നല്ല ഉറച്ച രാജശ്രീയെ) ആവഹതി (സമ്പാദിക്കുന്നു.)

സാ:—ബുദ്ധിമാനായവൻ, ഭക്തിയാകുന്ന ഞാണേററി കുലച്ചുവളച്ച ഭാവനയാകുന്ന വില്ലോടുകൂടിയവയും നിഷ്ഫലമാകാത്തവയുമായ ശിവസ്മൃതികളാകുന്ന ബാണഗണങ്ങളെക്കൊണ്ടു്, പാപങ്ങളാകുന്ന ശത്രുക്കളെ ജയിച്ചു് കീഴടക്കി, ആനന്ദത്തോടുകൂടി സുസ്ഥിരയായ രാജലക്ഷ്മിയെ സമ്പാദിക്കുന്നു.

ധ്യാനാഞ്ജനേന സമവേക്ഷ്യ തമഃപ്രദേശം
ഭിത്വാ മഹാബലിഭിരീശ്വരനാമമന്ത്രൈഃ।
ദിവ്യാശ്രിതം ഭുജഗഭൂഷണമുദ്വഹന്തി
യേ പാദപത്മമിഹ തേ ശിവ തേ കൃതാർത്ഥാഃ॥ ൯൯

അന്വ:—യേ (യാവചിലർ) ധ്യാനാഞ്ജനേന സമവേക്ഷ്യ (ധ്യാനമാകുന്ന അഞ്ജനംകൊണ്ടു നോക്കി) തമഃപ്രദേശം (തമസ്സുള്ള=അജ്ഞാനമുള്ള-ഇരുട്ടുള്ള എന്നും—പ്രദേശത്തെ) മഹാബലിഭിഃ (വലിയ ശക്തിയുള്ള) ഈശ്വരനാമമന്ത്രൈഃ (ഈശ്വരനാമങ്ങളാകുന്ന മന്ത്രങ്ങളെക്കൊണ്ടു്) ഭിത്വാ (പിളന്നു്) ദിവ്യാശ്രിതം (ദിവ്യന്മാരാൽ ആശ്രയിക്കപ്പെട്ടതും) ഭുജഗഭൂഷണം (സർപ്പാഭരണത്തോടുകൂടിയതുമായ) തേ പാദപത്മം (നിന്തിരുവടിയുടെ പാദ

പത്മത്തെ) ഉദ്വഹന്തി (ഉദ്വഹിക്കുന്നുവോ) ഹേ ശിവ (അല്ലയോ ശിവനേ) തേ കൃതാൎത്ഥാഃ (അവർ കൃതകൃത്യരാകുന്നു.)

സാ:—ധ്യാനമാകുന്ന മഷി എഴുതിനോക്കി, അജ്ഞാനാന്ധകാരമുള്ള പ്രദേശത്തെ, വലിയ ശക്തിയോടുകൂടിയ ഈശ്വരനാമങ്ങളാകുന്ന മന്ത്രങ്ങളെക്കൊണ്ടു പിളൎന്നു്, ദിവ്യാശ്രിതവും പാമ്പണിഞ്ഞതുമായ നിന്തിരുവടിയുടെ പാദപത്മത്തെ ആർ തേടുന്നുവോ, ഹേ ശിവ, അവർ കൃതകൃത്യരാകുന്നു. [പാദപത്മമെന്നതിന്നു പാദാരവിന്ദമാകുന്ന പത്മനിധി എന്നൎത്ഥം. കണ്ണിൽ അഞ്ജനമെഴുതി ഔഷധസഹായത്തോടുകൂടി നോക്കി നിധി കണ്ടുപിടിക്കുന്ന സമ്പ്രദായം ഈ ശ്ലോകത്തിൽ പറയപ്പെട്ടിരിക്കുന്നു.]

ഭൂദാരതാമുദവഹദ്യദപേക്ഷയാശ്രീ-
ഭൂദാര ഏവ കിമതഃ സുമതേ ലഭസ്വ।
കേദാരമാകലിത മുക്തിമഹൌഷധീനാം
പാദാരവിന്ദഭജനം പരമേശ്വരസ്യ॥ ൭൭

അന്വ:—ഹേ സുമതേ (അല്ലയോ നല്ല ബുദ്ധിയുള്ളവനേ) ശ്രീ ഭൂദാരഃ ഏവ (ശ്രീഭഗവതിയും ഭൂമിദേവിയുമാകുന്ന ഭാൎയ്യമാരോടുകൂടിയ വിഷ്ണുതന്നെ) യദപേക്ഷയാ (യാതൊന്നിന്റെ=മുക്തി മഹൌഷധിയുടെ അപേക്ഷകൊണ്ടു്) ഭൂദാരതാം (പന്നിയുടെ അവസ്ഥയെ) ഉദവഹൽ കിം (ഉദ്വഹിച്ചുവോ എന്നു തോന്നും) അതഃ (അതിനാൽ) ആകലിത മുക്തിമഹൌഷധീനാം (ആകലിതങ്ങളായ=

ശൂഢങ്ങളായ മുക്തികളാകുന്ന മഹൌഷധികളുടെ) കേദാരം (വിളനിലമായിരിക്കുന്ന) പരമേശ്വരസ്യ പാദാരവിന്ദഭജനം (പരമശിവൻെറ പാദപത്മഭജനത്തെ) ത്വം ലഭസ്വ (നീ ലഭിച്ചാലും)

സാ:—ശ്രീകാന്തനും ഭൂകാന്തനുമായ സാക്ഷാൽ വിഷ്ണുഭഗവാൻതന്നെ മുക്തിയാകുന്ന ദിവ്യൌഷധം കണ്ടുപിടിക്കുന്നതിനുവേണ്ടിയാണോ നിലം കുത്തിത്തുരക്കുന്ന പന്നിയുടെ വേഷം ധരിച്ചതെന്നു തോന്നും. അത്രയ്ക്കു് അഭികാമ്യമാണു് മുക്തിമഹൌഷധി എന്നു സാരം. ഉള്ളിൽ ഗൂഢമായി കിടക്കുന്ന അപ്രകാരമുള്ള മുക്തിമഹൌഷധികളുടെ വിളഭൂമി ശ്രീപരമേശ്വരൻെറ പാദാരവിന്ദഭജനമാകുന്നു. അല്ലയോ ബുദ്ധിമാനായവനേ, നീ അതിനെത്തന്നെ ലഭിച്ചാലും.

ആശാപാശക്ലേശദുർവ്വാസനാനി-
ഭേദോദ്യുക്തൈർദിവ്യഗന്ധൈരമന്ദൈഃ।
ആശാശാടീകസ്യ പാദാരവിന്ദം
ചേതഃ പേടീം വാസിതാം മേ തനോതു॥ ൫൪

അന്വ:—ആശാശാടീകസ്യ (ദിക്കുകളാകുന്ന വസ്ത്രത്തോടുകൂടിയ ശിവൻെറ) പാദാരവിന്ദം (പാദപത്മം) ആശാപാശക്ലേശദുർവ്വാസനാനിഭേദോദ്യുക്തൈഃ (ആശാപാശക്ലേശങ്ങളാകുന്ന ദുർവ്വാസനകളെ ഭേദിക്കുന്നതിൽ ഉദ്യുക്തങ്ങളായ) അമന്ദൈഃ (അല്പങ്ങളല്ലാത്ത) ദിവ്യഗന്ധൈഃ (ദിവ്യഗന്ധങ്ങളെക്കൊണ്ടു്) മേ ചേതഃ പേടീം (എൻെറ

മനസ്സാകുന്ന പെട്ടിയെ) വാസിതാം തനോതു (വാസനയു ള്ളതാക്കിച്ചെയ്യട്ടെ.)

സാ:—ദിഗംബരനായ പരമശിവന്റെ പാദപത്മം ആശാപാശക്ലേശദുർവ്വാസനകളെ നിശ്ശേഷം നീക്കിക്കളയു ന്ന ദിവ്യങ്ങളായ പരിമളധോരണികളെക്കൊണ്ടു്, എ ന്റെ മനസ്സാകുന്ന പെട്ടിയെ വാസന പിടിപ്പിക്കട്ടെ. ശിവപാദം മനസ്സിലുറയ്ക്കട്ടെ എന്നു താല്പര്യം.

കല്യാണിനം സരസചിത്രഗതിം സവേഗം
സർവ്വേംഗിതജ്ഞമനഘം ധ്രുവലക്ഷണാഢ്യമ്।
ചേതസ്തുരംഗമധിരുഹ്യ ചര സ്മരാരെ
നേതഃ സമസ്തജഗതാം വൃഷഭാധിരൂഢ॥ ൰൭

അന്വ:—ഹേ സ്മരാരെ (അല്ലയോ കാമാന്തക) സ മസ്തജഗതാം നേതഃ (എല്ലാ ലോകങ്ങളുടേയും നേതാവേ) വൃഷഭാധിരൂഢ (കാളപ്പുറമേറിയവനേ) ത്വം (നിന്തിരുവ ടി) കല്യാണിനം (മംഗളമൂർത്തിയായും) സരസചിത്രഗ തിം) രസാവഹങ്ങളായ നാനാവിധ നടത്തങ്ങളോടുകൂടി യതായും) സവേഗം (വേഗമുള്ളതായും) സർവ്വേംഗിതജ്ഞം (എല്ലാവരുടേയും ഉള്ളിലുള്ള വിചാരങ്ങളെ അറിയുന്നവ നായും) അനഘം (ദോഷഹീനനായും) ധ്രുവലക്ഷണാഢ്യം (ഉത്തമലക്ഷണങ്ങൾ തികഞ്ഞവരായുമിരിക്കുന്ന) ചേത സ്തുരംഗം (മനസ്സാകുന്ന കുതിരയെ) അധിരുഹ്യ (ആരോ ഹണം ചെയ്തിട്ടു്) ചര (സഞ്ചരിച്ചാലും)

സാ:—കാമാന്തകനും സർവ്വലോകനേതാവും കാളപ്പു റത്തേറിനടക്കുന്നവനുമായ അല്ലയോ പരമശിവനേ, നി

ന്തിരുവടി മംഗളസ്വരൂപവും നാനാവിധത്തിലുള്ള നടത്തങ്ങളുള്ളതും വേഗവത്തും സർവ്വരുടേയും മനോവിചാരങ്ങളെ അറിയുന്നതും നിർദ്ദോഷവും ഉത്തമലക്ഷണസമ്പന്നവുമായ മനസ്സാകുന്ന കുതിരയുടെ പുറത്തുകയറി സഞ്ചരിച്ചാലും. ലോകനേതാവായ നിന്തിരുവടിക്ക് കാളപ്പുറത്തെ യാത്രയേക്കാൾ കുതിരപ്പുറത്തുള്ള എഴുന്നള്ളത്താണ് അധികം ഉചിതമെന്നു താല്പൎയ്യം.

ഭക്തിർമ്മഹേശപദപുഷ്കരമാവസന്തീ
കാദംബിനീവ കുരുതേ പരിതോഷവൎഷം്।
സംപൂരിതോ ഭവതി യസ്യ മനസ്തടാക-
സ്തജ്ജന്മസസ്യമഖിലം സഫലഞ്ചനാന്യൽ॥ ൬൨

അന്വ:—മഹേശപദപുഷ്കരം ആവസന്തീ (ശിവന്റെ കാലടിയാകുന്ന പുഷ്കരത്തിൽ= താമരയിൽ—ആകാശത്തിൽ എന്നും—വസിക്കുന്ന) ഭക്തിഃ (ഭക്തി) കാദംബിനീ ഇവ (മേഘമാലയെന്ന പോലെ) പരിതോഷവൎഷം കുരുതേ (സന്തോഷവൎഷത്തെ ചെയ്യുന്ന) യസ്യ മനസ്തടാകഃ (യാതൊരുവന്റെ മനസ്സാകുന്ന കുളം) സംപൂരിതഃ ഭവതി (നല്ലപോലെ നിറഞ്ഞതായി ഭവിക്കുന്നുവോ) തജ്ജന്മസസ്യം അഖിലം ച (അവന്റെ ജനനമാകുന്ന സസ്യം മുഴുവനും) സഫലം (ഫലമുള്ളതാകുന്നു) അന്യൽ ന (വേറെയുള്ളതു സഫലമല്ല)

സാ—(ശിവപാദപത്മമാകുന്ന ആകാശത്തിൽ വസിക്കുന്ന ഭക്തി, മേഘമാലയെന്നപോലെ, സന്തോഷ

മാകുന്ന മഴ ചൊരിയുന്നു. ആ വൎഷംകൊണ്ടു് ആരുടെ മനസ്സാകുന്ന കുളം നല്ലപോലെ നിറയുന്നുവോ അവൻെറ ജന്മമാകുന്ന സസ്യം മുഴുവൻ സഫലമാകും, അങ്ങനെയല്ലാത്തതു സഫലമാകയില്ല.

ബുദ്ധിഃ സ്ഥിരാഭവിതുമീശ്വരപാദപദ്മ-
സക്താ വധൂൎവ്വിരഹിണീവ സദാ സ്മരന്തീ।
സദ്ഭാവനാസ്മരണകീൎത്തനദൎശനാദി-
സമ്മോഹിതേവ ശിവമന്ത്രജപേന വിന്തേ॥ ൯

അന്വ:—ഈശ്വരപാദപദ്മസക്താ ബുദ്ധിഃ (ശിവൻെറ പാദപത്മത്തിൽ ആസക്തയായ ബുദ്ധി) സ്ഥിരാഭവിതും (സ്ഥിരയായി ഭവിക്കുവാൻ) വിരഹിണീ വധൂഃ ഇവ (വിരഹിണിയായ സ്ത്രീ എന്ന പോലെ) സദാ സ്മരന്തീ (എപ്പോഴും സ്മരിച്ചുകൊണ്ടു്) ശിവമന്ത്രജപേന (ശിവമന്ത്രജപത്താൽ) സദ്ഭാവനാസ്മരണദൎശനകീൎത്തനാദി സമ്മോഹിതാ ഇവ (നല്ല ഭാവന, സ്മരണം, ദൎശനം, കീൎത്തനം മുതലായവകൊണ്ടു മോഹിതയായിട്ടോ എന്നു തോന്നുമാറു്) തൽ വിന്തേ (അതിനെ ലഭിക്കുന്നു.)

സാ:—ശിവൻെറ പാദപത്മത്തിൽ അനുരക്തയായിച്ചമഞ്ഞ ബുദ്ധി, അതിൽ ഉറയ്ക്കുന്നതിനുവേണ്ടി, അഭിലാഷവിപ്രലംഭദശയിലിരിക്കുന്ന ഒരു സ്ത്രീ എന്നപോലെ ശിവപാദപത്മത്തെത്തന്നെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കുന്നു. ശിവമന്ത്രം ജപിക്കുന്നതുകൊണ്ടു് അവിടത്തെ ധ്യാനിക്കുക, സ്മരിക്കുക, ദൎശിക്കുക, കീൎത്തിക്കുക മുത

ഛായയായാൽ മയങ്ങിയിട്ടോ എന്നു തോന്നുമാറു് തന്തിരു വടിയുടെ പാദപത്മത്തിൽ സ്ഥിരതയെ ലഭിക്കുകയും ചെയ്യുന്നു.

സദുപചാരവിധിഷ്വനുബോധിതാം
സവിനയാം സുഹൃദം സമുപാശ്രിതാം,
മമ സമുദ്ധര ബുദ്ധിമിമാം പ്രഭോ
വരഗുണേന നവോഢവധൂമിവ॥ വെ

അന്വ:—ഹേ പ്രഭോ (അല്ലയോ പ്രഭോ) സദുപചാരവിധിഷു അനുബോധിതാം (ശോഭനങ്ങളായ ഉപചാരവിധികളിൽ ഉപദേശം നല്കപ്പെട്ടതും) സവിനയാം (വിനയത്തോടുകൂടിയതും) സുഹൃദം (നല്ല മനസ്സോടുകൂടിയതും) സമുപാശ്രിതാം (വഴിപോലെ ആശ്രയിച്ചതുമായ) മമ ഇമാം ബുദ്ധിം (എൻെറ ഈ ബുദ്ധിയെ) നവോഢവധൂം ഇവ (നവോഢയായ സ്ത്രീയെ എന്നെപോലെ) വരഗുണേന (ശ്രേഷ്ഠമായ ഗുണംകൊണ്ടു—വരൻെറ ഗുണംകൊണ്ടു എന്നും—) സമുദ്ധര (ഉദ്ധരിച്ചാലും)

സാ:—അല്ലയോ പ്രഭോ, നല്ല ഉപചാരവിധികളിൽ ഉപദേശം നല്കപ്പെട്ടതായും, വിനയത്തോടും നല്ല മനസ്സോടും കൂടിയതായും, തന്നെ ആശ്രയിച്ചതായുമിരിക്കുന്ന എൻെറ ഈ ബുദ്ധിയെ, നവോഢയായ സ്ത്രീയെ എന്നപോലെ, വരഗുണംകൊണ്ടു ഉദ്ധരിക്കേണമെ. ബുദ്ധിയുടെ വിശേഷണങ്ങൾ നവവധുവിങ്കലും യോജിക്കുന്നവയാകുന്നു. പുതുതായി വിവാഹംചെയ്യപ്പെട്ട ഒരു സ്ത്രീയെ ഭത്താവു് വരനുവേണ്ടതായ ഗുണംകൊണ്ടു നല്ലവളാ

ക്കിത്തീക്കുന്നതുപോലെ നിന്തിരുവടിയെ ആശ്രയിച്ചതാ. യ എൻെറ ബുദ്ധിയെ സമുദ്ധരിക്കേണമെ എന്നു താല്പയ്യം.

നിത്യം യോഗിമനഃ സരോജദലസം-
ചാരക്ഷമസ്ത്വൽക്രമഃ
ശംഭോ തേന കഥം കഠോരയമരാ-
ഡ്വക്ഷഃ കവാടക്ഷതിഃ।
അത്യന്തം മൃദുലം ത്വദംഘ്രിയുഗളം
ഹാ മേ മനശ്ചിന്തയ-
ത്യേതല്ലോചനഗോചരം കുരു വിഭോ
ഹസ്തേന സംവാഹയെ॥ ൬൯

അന്വ:—ഹേ വിഭോ ശംഭോ (അല്ലയോ വിഭുവായ ശിവനെ) ത്വൽക്രമഃ (നിന്തിരുവടിയുടെ ക്രമം=കാൽവെപ്പ്) നിത്യം യോഗിമനഃ സരോജദലസംചാരക്ഷമഃ (പതിവായി യോഗികളുടെ മനസ്സുകളാകുന്ന താമരപ്പൂക്കളുടെ ഇതളുകളിൽ സഞ്ചരിക്കുവാൻ കഴിവുള്ളതാണ്. തേന (അതുകൊണ്ടു്) കഥം (എങ്ങിനെ) കഠോരയമരാഡ്വക്ഷഃ കവാടക്ഷതിഃ (കഠിനമായതും, വാതിലുപോലെ ഉറപ്പുള്ളതുമായ അന്തകൻെറ മാറിടത്തിന്നു് ക്ഷതിയുണ്ടായി) മേ മനഃ (എൻെറമനസ്സ്) ത്വദംഘ്രിയുഗളം (നിന്തിരുവടിയുടെ കാലിണയെ) അത്യന്തം മൃദുലം ചിന്തയതി (ഏററവും മാൎദ്ദവമുള്ളതായിട്ടു് ചിന്തിക്കുന്നു) ഏതൽ ലോചനഗോചരം കുരു (ഇതിനെ കണ്ണുകൾക്കു വിഷയമാക്കി

ച്ചെയ്താലും) ഹാ ഹസ്തേന സംവാഹയേ (അയ്യാ! ഞാൻ കൈകൊണ്ടു തലോടാം)

സാഃ—അല്ലയോ പ്രഭുവായ ശിവനേ, അവിടത്തെ തൃക്കാൽവെപ്പ് യോഗികളുടെ മാനസപദ്മങ്ങളുടെ ദളങ്ങളിൽ സഞ്ചരിക്കുവാൻ പററിയതാണ്. അതുകൊണ്ടു് അതികഠിനവും, കവാടതുല്യവുമായ അന്തകൻെറ മാറിടത്തിന്നു് എങ്ങിനെയാണു് തകച്ച് വന്നതു്? എൻെറ മനസ്സ് വിചാരിക്കുന്നു, അവിടത്തെ തൃക്കാലിനെ ഏററവും മാർദ്ദവമുള്ളതാണെന്നു്. അപ്രകാരം മൃദുലമായ കാലിണയെ എനിക്കു കാണുമാറാക്കണമെ. അയ്യാ, ഞാനതിനെ കൈകൊണ്ടു തലോടാം.

ഏഷ്യത്യേഷജനിം മനോസ്യ കഠിനം
തസ്മിന്നടാനീതിമ-
ദ്രക്ഷായൈ ഗിരിസീമ്നി കോമളപദ-
ന്യാസഃ പുരാഭ്യാസിതഃ।
നോചേദ്ദിവ്യഗൃഹാന്തരേഷു സുമന
സ്തല്പേഷു വേദ്യാദിഷു
പ്രായഃ സൽസുശിലാതലേഷു നടനം
ശംഭോ കിമർത്ഥം തവ॥ ൮൫

അന്വഃ—ഏഷഃ ജനിം ഏഷ്യതി (ഇവൻ ജനനത്തെ പ്രാപിക്കും) അസ്യമനഃ കഠിനം (ഇവൻെറ മനസ്സു കട്ടപ്പമുള്ളതാണു്) അഹം തസ്മിൻ നടാനി (ഞാൻ അതിങ്കൽ നടനം ചെയ്യും) ഇതി (എന്നു വിചാരിച്ചു്) മദ്രക്ഷാ

യെ (എൻെറ രക്ഷക്കവേണ്ടി) ഗിരിസീമ്നി (പർവ്വതപ്രദേശത്തിങ്കൽ) കോമളപദന്യാസഃ (മൃദുലങ്ങളായ കാലടികളുടെ ന്യാസം) പുരാ അഭ്യാസിതഃ (മുമ്പ് അഭ്യസിക്കപ്പെട്ടു) നോ ചേൽ (ഇല്ലെങ്കിൽ) ഹേ ശംഭോ (അല്ലയോ ശിവനെ) ദിവ്യഗൃഹാന്തരേഷു (ദിവ്യങ്ങളായ ഗൃഹങ്ങളുടെ അന്തർഭാഗങ്ങളും) സുമനസ്തല്പേഷു (പുഷ്പശയ്യകളും) വേദ്യാദിഷു ച (വേദി=പട്ടത്തതറ മുതലായവയും) പ്രായഃ സൽസു (ധാരാളം ഉള്ളപ്പോറം) ശിലാതലേഷു തവ നടനം (പാറപ്പുറങ്ങളിലുള്ള നിന്തിരുവടിയുടെ നൃത്തം) കിമർത്ഥം (എന്തിനുവേണ്ടിയാകുന്നു.)

സാ:—അല്ലയോ ശിവനെ, നിന്തിരുവടി പാറപ്പുറങ്ങളിൽ നൃത്തംചെയ്യുന്നതു വെറുതെയല്ല. പർവ്വതപ്രദേശത്തിങ്കൽ മൃദുലങ്ങളായ കാലടികളെക്കൊണ്ടുള്ള നൃത്തം അവിടുന്നു മുമ്പു പഠിച്ചിട്ടുള്ളതാണു്. "ഇവനു് ഇനിയും ജന്മമുണ്ടാകും ഇവൻെറ മനസ്സ് തുലോം കട്ടിപ്പമുള്ളതാകുന്നു. അതിൽ എനിക്ക നൃത്തംചെയ്യേണ്ടിവരും" എന്നു വിചാരിച്ചു് എന്നെ രക്ഷിക്കുന്നതിനുവേണ്ടിയായിരിക്കും അതു് അഭ്യസിച്ചതു്. അല്ലെങ്കിൽ ദിവ്യങ്ങളായ ഗൃഹാന്തർഭാഗങ്ങളും, പൂമെത്തകളും, പട്ടുത്തു വെട്ടപ്പാക്കിയ തറകളും ധാരാളമുള്ളപ്പോറം കട്ടത്ത പാറപ്പുറങ്ങളിൽ കോമളങ്ങളായ കാലടികളെക്കൊണ്ടു് നൃത്തംചെയ്വാൻ യുക്തിയില്ല.

കഞ്ചിൽകാലമുമാമഹേശ ഭവതഃ
പാദാരവിന്ദാർച്ചനൈഃ

കഞ്ചിദ്ധ്യാനസമാധിഭിശ്ചനതിഭിഃ
കഞ്ചിൽ കഥാകൎണ്ണനൈഃ
കഞ്ചിൽ കഞ്ചിദവേക്ഷണൈശ്ചനുതിഭിഃ
കഞ്ചിദ്ദശാമീദൃശീം
യഃ പ്രാപ്നോതി മുദാ ത്വദപ്പിതമനാ
ജീവൻ സ മുക്തഃ ഖലു॥ വൃഷ

അന്വ:—ഹേ ഉമാമഹേശ (അല്ലയോ ഉമാമഹേശ്വര) ത്വദപ്പിതമനാഃ (നിന്തിരുവടിയിൽ അപ്പിക്കപ്പെട്ട മനസ്സോടുകൂടിയവനായിട്ട്) മുദാ (മോദത്തോടുകൂടി) കഞ്ചിൽ കാലം (കുറച്ചുകാലം) ഭവതഃ പാദാരവിന്ദാച്ചനൈഃ (നിന്തിരുവടിയുടെ പാദപത്മപൂജകളെക്കൊണ്ടും) കഞ്ചിൽ (കുറച്ചുകാലം) ധ്യാനസമാധിഭിഃ നതിഭിഃ ച (ധ്യാനസമാധികളെക്കൊണ്ടും നമസ്കാരങ്ങളെക്കൊണ്ടും) കഞ്ചിൽ (കുറച്ചുകാലം) കഥാകൎണ്ണനൈഃ (കഥാശ്രവണങ്ങളെക്കൊണ്ടും) കഞ്ചിൽ (കുറച്ചുകാലം) അവേക്ഷണൈഃ (ദശനങ്ങളെക്കൊണ്ടും) കഞ്ചിൽ നുതിഭിഃ ച (കുറച്ചുകാലം സ്തോത്രങ്ങളെക്കൊണ്ടും) ജീവൻ (ജീവിച്ചുകൊണ്ട്) ഇതി ഈദൃശീം ദശാം (എന്നിപ്രകാരമുള്ള അവസ്ഥയെ) യഃ പ്രാപ്നോതി (യാതൊരുവൻ പ്രാപിക്കുന്നുവോ) സഃ മുക്തഃ ഖലു (അവൻ മുക്തനാകുന്നു.)

സാ:—അല്ലയോ ശിവനേ, യാതൊരുവൻ കുറച്ചുകാലം പാദാച്ചനങ്ങൾ ചെയ്തും, കുറച്ചുകാലം ധ്യാനസമാധികളിൽ ഏപ്പെട്ടും, കുറച്ചുകാലം നമസ്കാരവും കഥാശ്രവണവും ചെയ്തും, കുറച്ചുകാലം ദശനവും സ്തോത്രവും അനു

ഷ്ടിച്ചും—എന്നിപ്രകാരം നിന്തിരുവടിയിൽത്തന്നെ മന സ്സിനെ അപ്പിച്ചു് മോദത്തോടുകൂടി ജീവിയ്ക്കുന്നുവോ അ വൻ മുക്തനാകുന്നു.

ബാണത്വം വൃഷഭത്വമദ്ധ്വപുഷാ
ഭാര്യ്യാത്വമാര്യ്യാപതേ!
ഘോണിത്വം സഖിതാ മൃദംഗവഹതാ
ചേത്യാദിരൂപം ദധൌ
ത്വൽപാദേ നയനാപ്പ്ണം ച കൃതവാം-
സ്ത്വദ്ദേഹഭാഗോ ഹരിഃ
പൂജ്യാൽ പൂജ്യതരഃ സ ഏവ ഹി ന ചേൽ
കോ വാ തദന്യോധികഃ|| വൃവ

അന്വ:—ഹേ ആര്യ്യാപതേ (അല്ലയോ പാവ്വതീ കാന്ത) ത്വദ്ദേഹ ഭാഗഃ ഹരിഃ (നിന്തിരുവടിയുടെ ശരീര ത്തിന്റെ ഒരു ഭാഗമായ വിഷ്ണുഭഗവാൻ) ബാണത്വം (ബാണം എന്ന അവസ്ഥ) വൃഷഭത്വം (കാള എന്ന അ വസ്ഥ) അദ്ധ്വപുഷാ ഭാര്യ്യാത്വം (ശരീരാദ്ധംകൊണ്ടു് ഭാ ര്യ്യയുടെ അവസ്ഥ) ഘോണിത്വം (വരാഹത്തിന്റെ അവ സ്ഥ) സഖിതാ (സഖിയുടെ അവസ്ഥ) മൃദംഗവഹതാ ച (മൃദംഗമെടുക്കുന്നവന്റെ അവസ്ഥ) ഇത്യാദിരൂപം ദ ധൌ (എന്നുതുടങ്ങിയ രൂപത്തെ ധരിച്ചു) ത്വൽപാദേ നയനാപ്പ്ണം ച കൃതവാൻ (നിന്തിരുവടിയുടെ പാദത്തി ങ്കൽ നേത്രത്തെ അപ്പിക്കുകയും ചെയ്തു.) സഃ ഏവ ഹി പൂജ്യാൽ പൂജ്യതരഃ (അദ്ദേഹംതന്നെയാണല്ലോ പൂജ്യ ന്മാക്കും പൂജ്യതരൻ) നോചേൽ (അല്ലെങ്കിൽ) തദന്യഃ

അധികഃ കഃ വാ (അദ്ദേഹമൊഴികെ ഉൽകൃഷ്ടനായിട്ടു് മററാരാണുള്ളതു്?)

സാ:— അല്ലയോ ശിവനെ, ശങ്കരനാരായണനാക യാൽ നിന്തിരുവടിയുടെ ദേഹത്തിൻെറ ഒരു ഭാഗമായ വിഷ്ണുഭഗവാൻ ത്രിപുരസംഹാരത്തിങ്കൽ അവിടുത്തെ ബാണമായി; വാഹനമായ വൃഷഭമായി; പാതിദേഹം കൊണ്ടു ഭാൎയ്യയായി. (അമൃതമഥനാനന്തരം മോഹിനീ രൂപം ധരിച്ചു വിഷ്ണു ശിവൻെറ ഭാൎയ്യയായല്ലോ;) വരാഹ രൂപംധരിച്ചു; നിന്തിരുവടിയുടെ സഖിത്വത്തെ പ്രാപി ച്ചു; പ്രദോഷനൃത്തത്തിങ്കൽ മൃദംഗം കൊട്ടുന്നവൻെറ അ വസ്ഥയെ പ്രാപിച്ചു; ആയിരം താമരപ്പൂക്കളെക്കൊണ്ടു് പുഷ്പാഞ്ജലി ചെയ്വാൻ ആരംഭിച്ചിട്ടു് ഒരു പുഷ്പം കുറവാ യി വന്നപ്പോൾ തൻെറ തൃക്കണ്ണിനെത്തന്നെ പുഷ്പമാക്കി പാദത്തിങ്കൽ അൎപ്പിക്കുകയും ചെയ്തു. ഇങ്ങിനെയെല്ലാമു ള്ള വിഷ്ണുതന്നെയാണു് പൂജ്യാൽ പൂജ്യതരൻ. അല്ലെ ങ്കിൽ മറേറതൊരുവനാകുന്നു അദ്ദേഹത്തെക്കാൾ അധി കം ഉൽകൃഷ്ടൻ.

ജനനമൃതിയുതാനാം സേവയാ ദേവതാനാം
ന ഭവതി സുഖലേശഃ സംശയോ നാസ്തി തത്ര।
അജനിമമൃതരൂപം സാംബമീശം ഭജന്തേ
യ ഇഹ പരമസൌഖ്യം തേ ഹി ധന്യാ ലഭന്തേ॥

വൃന്ദ

അന്വ:— ജനനമൃതിയുതാനാം ദേവതാനാം സേവ യാ (ജനനമരണങ്ങളുള്ള ദേവതമാരുടെ സേവകൊണ്ടു്)

സുഖലേശഃ ന ഭവതി (സുഖം അല്പംപോലും ഭവിക്കുന്നില്ല.) തത്ര സംശയഃ ന അസ്തി (അതിൽ സംശയം ഇല്ല) യേ (യാവചിലർ) അജനിം (ജനനമില്ലാത്തവനായും) അമൃതരൂപം (മരണരഹിതമായ സ്വരൂപത്തോടുകൂടിയവനായും) സാംബം (ഉമാസമേതനായുമിരിക്കുന്ന) ഈശം (ഈശ്വരനെ) ഭജന്തെ (ഭജിക്കുന്നുവോ) ധന്യാഃ തേഹി (ധന്യന്മാരായ അവർ) ഇഹ (ഈ ലോകത്തിൽ) പരമസൌഖ്യം ലഭന്തേ (പരമസുഖത്തെ ലഭിക്കുന്നു.)

സാ:—ജനനവും മരണവുമുള്ള ദേവന്മാരെ സേവിക്കുന്നതുകൊണ്ടു് ലേശംപോലും സുഖമുണ്ടാവുകയില്ല. അക്കാര്യത്തിൽ സംശയമില്ല. ആർ ജനനമരണരഹിതനായി പാർവ്വതീസമേതനായിരിക്കുന്ന ഈശ്വരനെ ഭജിക്കുന്നുവോ, ഭാഗ്യവാന്മാരായ അവർ പരമസുഖത്തെ ലഭിക്കുന്നു.

ശിവ തവ പരിചര്യ്യാ സംനിധാനായ ഗൌര്യ്യാ
ഭവ മമ ഗുണധുര്യ്യാം ബുദ്ധികന്യാം പ്രദാസ്യേ।
സകലഭുവനബന്ധോ സച്ചിദാനന്ദസിന്ധോ
സദയ ഹൃദയഗേഹേ സർവ്വദാ സംവസ ത്വം॥ വൃ

അന്വ.—ഹേ ഭവ ശിവ (അല്ലയോ ഭവനായ ശിവനെ) ഗൌര്യ്യാഃ പരിചര്യ്യാ സംനിധാനായ (ശ്രീപാർവ്വതിയുടെ പരിചര്യ്യയെ ചെയ്യുന്നതിന്നായിക്കൊണ്ടു്) ഗുണധുര്യ്യാം (ധാരാളം ഗുണങ്ങളുള്ള) മമ ബുദ്ധികന്യാം (എൻെറ ബുദ്ധിയാകുന്ന കന്യകയെ) അഹം തവ പ്രദാ

സ്യേ (ഞാൻ നിന്തിരുവടിക്കു ദാനം ചെയ്യാം) ഹേ സക ലഭുവനബന്ധോ (അല്ലയോ സർവ്വലോകങ്ങൾക്കും ബ ന്ധുവായവനെ) സച്ചിദാനന്ദസിന്ധോ (ജ്ഞാനാനന്ദങ്ങൾ ക്കു സമുദ്രമായവനെ) സദയ (ദയയുള്ളവനെ) ത്വം സർവ്വ ദാ ഹൃദയഗേഹേ സംവസ (നിന്തിരുവടി എല്ലായ്പോഴും മനസ്സാകുന്ന ഗൃഹത്തിൽ വാസംചെയ്താലും)

സാരം:—അല്ലയോ ശിവനെ, ശ്രീപാർവ്വതിയുടെ പരിചര്യചെയ്യുന്നതിന്നുവേണ്ടി എൻെറ ഗുണവതിയായ ബുദ്ധികന്യകയെ ഞാൻ നിന്തിരുവടിക്കു ദാനംചെയ്യാം. അല്ലയോ സർവ്വലോകബന്ധുവും ജ്ഞാനാനന്ദസമുദ്രവും ദയാലുവുമായ ഭഗവാനെ നിന്തിരുവടി എപ്പോഴും എ ൻെറ ഹൃദയഗൃഹത്തിൽ വസിച്ചരുളേണമെ.

ജലധിമഥനദക്ഷോ നൈവ പാതാളഭേദീ
നചവനമൃഗയായാം നൈവ ലുബ്ധഃ പ്രവീണഃ।
അശനകുസുമഭൂഷാവസ്ത്രമുഖ്യാം സപര്യാം
കഥയ കഥമഹം തേ കല്പയാനീന്ദുമൌലേ॥ വൃ൭

അന്വ:—അഹം (ഞാൻ) ജലധിമഥനദക്ഷഃ ന ഏ വ (സമുദ്രത്തെ മഥനം ചെയ്യുന്നതിൽ നിപുണനല്ല) പാ താളഭേദീ ച ന (പാതാളത്തെ പിളക്കുന്നവനുമല്ല) വനമൃ ഗയായാം പ്രവീണഃ ലുബ്ധഃ ച ന ഏവ (കാട്ടിലുള്ള നായാ ട്ടിൽ സമത്ഥനായ കാട്ടാളനുമല്ല) ഹേ ഇന്ദുമൌലേ (അ ല്ലയോ ചന്ദ്രചൂഡ) തേ (നിന്തിരുവടിക്കു്) അശനകുസുമ ഭൂഷാവസ്ത്രമുഖ്യാം സപര്യാം (അശനം=ഭോജനം, കുസുമം

=പുഷ്പധാരണം, ഭൂഷാവസ്ത്രം=വസ്ത്രധാരണം തുടങ്ങിയ പൂജയെ) അഹം കഥം കല്പയാനി (ഞാൻ എങ്ങിനെ കല്പിക്കട്ടെ) കഥയ (പറഞ്ഞാലും.)

സാ:—അല്ലയോ ശിവനെ, ഞാൻ സമുദ്രം കടയുന്നതിൽ സാമർത്ഥ്യമുള്ളവനോ, പാതാളത്തെ പിളക്കുന്നവനോ, നായാട്ടുചെയ്യുന്നതിൽ നൈപുണ്യമുള്ള വേടനോ അല്ല. പിന്നെയെങ്ങിനെയാണു് ഞാൻ നിന്തിരുവടിക്കു് ഭോജനസാധനം, പുഷ്പം, വസ്ത്രം, മുതലായ പൂജാദ്രവ്യങ്ങളെ ഉണ്ടാക്കുക? അരുളിച്ചെയ്താലും. [അമൃതമഥനാവസരത്തിൽ കടലിൽനിന്നുണ്ടായ കാളകൂടവിഷത്തെ ഭഗവാൻ ഭക്ഷിച്ചതിനാൽ വിഷം തന്തിരുവടിയുടെ ഭോജനസാധനമാണെന്നു കവി പറയുന്നു. അപ്പോൾ അമൃതമഥനനൈപുണ്യമില്ലാത്തവന്നു് ശിവന്നു ഭോജനസാധനമുണ്ടാക്കുവാൻ സാദ്ധ്യമല്ലല്ലോ. പാതാളഭേദീ എന്നതിന്നു് പാമ്പു് എന്നർത്ഥം. പാമ്പിനെ ശിവൻ പുഷ്പംപോലെ തലയിൽ ചൂടുമല്ലോ. മൃഗയാതല്പരനായ വേടന്നുമാത്രമേ ശിവൻെറ ഭൂഷാവസ്ത്രമായ തോൽ സമ്പാദിപ്പാൻ സൌകര്യമുള്ളു.]

പൂജാദ്രവ്യസമൃദ്ധയോ വിരചിതാഃ
പൂജാം കഥം കുർമ്മഹേ
പക്ഷിത്വം ന ച വാ കിടിത്വമപി ന
പ്രാപ്തം മയാ ദുർല്ലഭമേ്।
ജാനേ മസ്തകമംഘ്രിപല്ലവമുമാ-
ജാനേ നതേഹം വിഭോ

ന ജ്ഞാതം ഹി പിതാമഹേന ഹരിണാ
തത്വേന തദ്രൂപിണാ॥ വൃന്ദ

അന്വ:—പൂജാദ്രവ്യസമൃദ്ധയഃ വിരചിതാഃ (പൂജാദ്രവ്യങ്ങളുടെ സമൃദ്ധികൾ സംഭരിക്കപ്പെട്ടു) വയം പൂജാം കഥം കമ്മഹേ (ഞങ്ങൾ പൂജയെ എങ്ങിനെ ചെയ്യുന്നു) ദുർല്ലഭം (ദുർല്ലഭമായ) പക്ഷിത്വം ച മയാ ന പ്രാപ്തം (പക്ഷിത്വം എന്നാൽ പ്രാപിക്കപ്പെട്ടിട്ടില്ല) കിടിത്വം അപി വാ ന പ്രാപ്തം (വരാഹത്വവും പ്രാപിക്കപ്പെട്ടിട്ടില്ല) ഹേ ഉമാജാനേ വിഭോ (അല്ലയോ പാവ്വതീകാന്തനായ പ്രഭോ) അഹം തേ മസ്തകം അംഘ്രിപല്ലവം അപി ന ജാനേ (ഞാൻ നിന്തിരുവടിയുടെ ശിരസ്സിനേയും കാൽതളിരിനേയും അറിയുന്നില്ല) പിതാമഹേന (ബ്രഹ്മാവിനാലും) തദ്രൂപിണാഹരിണാ അപി (അവയുടെ അതായതു പക്ഷിയുടേയും വരാഹത്തിൻേറയും രൂപത്തോടുകൂടിയ വിഷ്ണുവിനാലും) തത് (അതു്=ശിവൻെറ ശിരസ്സും പാദവും) തത്വേന (യാഥാൎത്ഥ്യത്തോടുകൂടി) ന ജ്ഞാതംഹി (അറിയപ്പെട്ടില്ലല്ലോ.)

സാ:—അല്ലയോ ശിവനെ, നിന്തിരുവടിയെ പൂജിക്കുന്നതിനുവേണ്ടിയുള്ള ദ്രവ്യങ്ങളെല്ലാം സംഭരിച്ചുകഴിഞ്ഞു. പക്ഷെ പൂജ ചെയ്യേണ്ടതെങ്ങിനെയെന്നു് എനിക്കു് അറിവില്ല. എന്തുകൊണ്ടെന്നാൽ, പക്ഷിയുടേയോ പന്നിയുടേയോ അവസ്ഥ എനിക്കു കിട്ടിയിട്ടില്ല. നിന്തിരുവടിയുടെ ശിരസ്സെവിടെ, കാൽത്തളിർ എവിടെ എന്നു ഞാൻ അറിയുന്നില്ല. അല്ലെങ്കിൽ പിതാമഹനായ ബ്ര

ഹ്മാവിന്നും, പക്ഷിയുടേയും പന്നിയുടേയും രൂപം ധരിച്ച വിഷ്ണുവിന്നുംകൂടി തിരുവടിയുടെ തലയും കാലും കണ്ടറിവാൻ കഴിഞ്ഞിട്ടില്ല. [പക്ഷിക്കു ശിരസ്സിലോളം ഉയൎന്നു പറക്കുവാൻ കഴിവുള്ളതുകൊണ്ടു് ശിരസ്സു കാണുവാൻ കഴിയും. പന്നിക്കു ഭൂമി തുളച്ചു കീഴ്പ്പോട്ടിറങ്ങി കാൽ കണ്ടുപിടിപ്പാനും കഴിഞ്ഞേയ്ക്കാം. ആ രണ്ടിന്റേയും അവസ്ഥ ഇല്ലാത്ത എനിക്കു് ശിരസ്സും കാലും കണ്ടറിവാൻ സാധിക്കയില്ല. ശിരസ്സും കാലും കാണാതെ പൂജിപ്പാനും സാദ്ധ്യമല്ല. അല്ലെങ്കിൽ, അവിടുത്തെ ശിരസ്സും കാലും കണ്ടുപിടിപ്പാൻ ബ്രഹ്മാവും വിഷ്ണുവുംകൂടി ശക്തന്മാരായില്ല. വിഷ്ണു പക്ഷിയുടേയും, പന്നിയുടേയും രൂപം ധരിച്ചവനായിരുന്നിട്ടും ഇതിന്നു ശക്തനായില്ല. പക്ഷികളിൽ വെച്ചു ഗരുഡനാണു് താൻ എന്നു ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു് വിഷ്ണു പക്ഷിരൂപനാണെന്നു് ധരിക്കേണ്ടതാകുന്നു]

അശനം ഗരളം ഫണീ കലാപോ
വസനം ചൎമ്മ ച വാഹനം മഹോക്ഷഃ।
മമ ദാസ്യസി കിം കിമസ്തി ശംഭോ
തവ പാദാംബുജഭക്തിമേവ ദേഹി॥ (൮൭)

അന്വ:—അശനം ഗരളം (ഭോജനം വിഷമാകുന്നു) കലാപഃ ഫണീ (ഭൂഷണം സൎപ്പമാകുന്നു) വസനം ചൎമ്മ (വസ്ത്രം തോലാകുന്നു) വാഹനം മഹോക്ഷഃ ച (വാഹനം കൂറ്റൻ കാളയുമാകുന്നു) മമ കിം ദാസ്യസി (എനിക്കു ദാനം ചെയ്യുമോ) മമ കിം അസ്തി (എനിക്കു് എന്തുണ്ടു്)

ഹേ ശംഭോ (അല്ലയോ ശിവനെ) തവ പാദാംബുജഭക്തിം ഏവ (നിന്തിരുവടിയുടെ പാദപത്മഭക്തിയെതന്നെ) ദേഹി (ദാനം ചെയ്താലും.)

സാരം:—നിന്തിരുവടിക്കു് ഭോജനം വിഷവും, ഭൂഷണം പാമ്പും, വസ്ത്രം തോലും, വാഹനം, കാളയുമാണു്. ഇവയെ എനിക്കു തരുമോ? ഇവ എന്റെ കൈവശമുണ്ടോ? വേണ്ട, നിന്തിരുവടിയുടെ പാദാംബുജത്തിലെ ഭക്തിമാത്രം എനിക്കു തന്നാൽ മതി.

യദാ കൃതാംഭോനിധി സേതുബന്ധനഃ
കരസ്ഥലാധഃകൃതപർവ്വതാധിപഃ।
ഭവാനി തേ ലംഘിതപദ്മസംഭവ-
സ്തദാ ശിവാർച്ചാസ്തവഭാവനക്ഷമഃ ൮൮

അന്വ:—യദാ (എപ്പോൾ) അഹം (ഞാൻ) കൃതാംഭോനിധിസേതുബന്ധനഃ (സമുദ്രത്തിൽ ചിറകെട്ടിയവനായും കരസ്ഥലാധഃകൃത പർവ്വതാധിപഃ (കൈത്തലം കൊണ്ടു പർവ്വതശ്രേഷ്ഠനെ കീഴ്പ്പോട്ടു താഴ്ത്തിയവനായും) ലംഘിതപദ്മസംഭവഃ ച (ബ്രഹ്മാവിനെ ലംഘിച്ചവനായും) ഭവാനി (ഭവിക്കുമോ) തദാ (അപ്പോൾ) ഹേ ശിവ അല്ലയോ ശിവനെ) തേ (നിന്തിരുവടിയുടെ) അർച്ചാസ്തവഭാവനക്ഷമഃ (പൂജയിലും സ്തുതിയിലും ധ്യാനത്തിലും ശക്തനായി) ഭവാനി (ഭവിക്കും.)

സാ:—എപ്പോൾ ഞാൻ സമുദ്രത്തിൽ ചിറകെട്ടിയ ശ്രീരാമചന്ദ്രനും, കൈത്തലംകൊണ്ടു് വിന്ധ്യപർവ്വത

ത്തെ അടിച്ചുതാഴ്ത്തിയ അഗസ്ത്യമുനിയും, ബ്രഹ്മാവിൻെറ ആജ്ഞയെ ധിക്കരിച്ച വിശ്വാമിത്രനുമായി ഭവിക്കുമോ അപ്പോൾ, അല്ലയോ ശിവനെ, നിന്തിരുവടിയെ പൂജിക്കുന്നതിനും, സ്തുതിക്കുന്നതിനും, ധ്യാനിക്കുന്നതിനും ഞാൻ ശക്തനായി ഭവിക്കും. ശ്രീരാമാദികളുടെ അവസ്ഥ എനിക്കില്ലായ്കയാൽ ഞാൻ ശിവപൂജാദികളെ ചെയ്വാൻ ശക്തനല്ല എന്നു താല്പൎയ്യം.

നതിഭിർനുതിഭിസ്ത്വമീശപൂജാ-
വിധിഭിർധ്യാനസമാധിഭിന്നതുഷ്ടഃ।
ധനുഷാ മുസലേന ചാശ്മഭിർവാ
വദതേ പ്രീതികരം തഥാ കരോമി॥ വൃൻ

അന്വ:—ഹേ ഈശ (അല്ലയോ ശിവനെ) നതിഭിഃ നുതിഭിഃ (നമസ്കാരങ്ങളെക്കൊണ്ടും സ്തോത്രങ്ങളെക്കൊണ്ടും) പൂജാവിധിഭിഃ ധ്യാനസമാധിഭിഃ ച (പൂജാവിധികളെക്കൊണ്ടും ധ്യാനം-സമാധി എന്നിവകൊണ്ടും) ത്വം ന തുഷ്ടഃ (നിന്തിരുവടി സന്തുഷ്ടനായില്ല) ധനുഷാ മുസലേന അശ്മഭിഃ ച വാ (വില്ലുകൊണ്ടോ ഉലക്കകൊണ്ടോ കല്ലുകളെക്കൊണ്ടോ) യഥാ തേ പ്രീതികരം തഥാ (എങ്ങിനെ നിന്തിരുവടിക്കു സന്തോഷകരമാകുമോ അങ്ങിനെ) അഹം കരോമി (ഞാൻ ചെയ്യുന്നു) ത്വം വദ (നിന്തിരുവടി പറഞ്ഞാലും)

സാ:—അല്ലയോ ശിവനെ, നമസ്കരിച്ചതുകൊണ്ടും സ്തുതിച്ചതുകൊണ്ടും, വിധിപ്രകാരം, പൂജിച്ചതുകൊണ്ടും,

UNIVERSITY LIBRARY 27 NOV 1964

ധ്യാനിച്ചതുകൊണ്ടും, സമാധിയെച്ചെയ്തതുകൊണ്ടും നിന്തിരുവടി പ്രസാദിച്ചില്ല. ഇനി വില്ലുകൊണ്ടോ, ഉലയ്ക്കകൊണ്ടോ, കല്ലുകളെക്കൊണ്ടോ ഏതുകൊണ്ടാണു് അവിടെയ്ക്കു പ്രീതിയുണ്ടാവുക എന്നു് പറഞ്ഞാലും. ഞാൻ അ പ്രകാരം ചെയ്യാം. [വില്ലുകൊണ്ടു തല്ലുകയോ, ഉലയ്ക്കകൊണ്ടടിക്കുകയോ, കല്ലുകൊണ്ടു ചതയ്ക്കുകയോ ചെയ്താൽ ശിവനു പ്രസാദമുണ്ടാകുമെന്നു കിരാതാദി കഥകളിൽനിന്നു് ഊഹിക്കാം.]

വചസാ ചരിതം വദാമി ശംഭോ-
രഹമുദ്യോഗവിധാസു തേ പ്രസക്തഃ।
മനസാകൃതിമീശ്വരസ്യ സേവേ
ശിരസാ ചൈവ സദാ ശിവം നമാമി॥ ൯൦

അന്വ:—തേ ഉദ്യോഗവിധാസു (നിന്തിരുവടിയെ, എന്നെ അനുഗ്രഹിപ്പാൻ ഉദ്യോഗിപ്പിക്കുന്ന കർമ്മങ്ങളിൽ) അപ്രസക്തഃ അഹം (അപരിചിതനായ ഞാൻ) വചസാ ശംഭോഃ ചരിതം വദാമി (വാക്കുകൊണ്ടു ശിവന്റെ കഥയെ പറയുന്നു) മനസാ ഈശ്വരസ്യ ആകൃതിം സേവേ (മനസ്സുകൊണ്ടു ശിവന്റെ സ്വരൂപത്തെ സേവിക്കുന്നു) ശിരസാ സദാശിവം നമാമി ച ഏവ (ശിരസ്സുകൊണ്ടു സദാശിവനെ നമസ്കരിക്കുകയും ചെയ്യുന്നു.)

സാ:—അല്ലയോ ശിവനെ, നിന്തിരുവടിയെ പ്രസാദിപ്പിച്ചു് എന്നെ അനുഗ്രഹിക്കുന്നതിൽ ഉദ്യുക്തനാക്കിത്തീർക്കുവാൻ ഉതകുന്ന ചടങ്ങുകളിൽ പരിചയമില്ലാത്ത

ഞാൻ വാക്കുകൊണ്ടു ശിവചരിതത്തെ കീർത്തിക്കുകയും, മനസ്സുകൊണ്ടു ശിവസ്വരൂപത്തെ സേവിക്കുകയും, ശിരസ്സുകൊണ്ടു സദാശിവനെ നമസ്കരിക്കുകയും ചെയ്യുന്നു.

ആദ്യാവിദ്യാ ഹൃദ്ഗതാ നിർഗ്ഗതാസീ-
ദ്വിദ്യാ ഹൃദ്യാ ഹൃദ്ഗതാ ത്വൽപ്രസാദാൽ।
സേവേ നിത്യം ശ്രീകരം ത്വൽപദാബ്ജം
ഭാവേ മുക്തേർഭാജനം രാജമൌലേ॥ ൯൮

അന്വ:—ത്വൽ പ്രസാദാൽ (അവിടത്തെ പ്രസാദത്താൽ) ഹേ രാജമൌലേ (അല്ലയോ ചന്ദ്രചൂഡ) ഹൃദ്ഗതാ (ഹൃദയത്തിലുള്ള) ആദ്യാ അവിദ്യാ (ആദ്യയായ അവിദ്യ അതായതു് മായ) നിർഗ്ഗതാ ആസീൽ (പുറത്തേയ്ക്കു പോയി) ഹൃദ്യാ വിദ്യാ (ഹൃദയത്തിന്നു പ്രിയമായിട്ടുള്ള വിദ്യ=ജ്ഞാനം) ഹൃദ്ഗതാ ആസീൽ (ഹൃദയത്തെ പ്രാപിച്ചതായി ഭവിച്ചു) നിത്യം ശ്രീകരം ത്വൽപദാബ്ജം (നിത്യമായും ശ്രീകരമായുമിരിക്കുന്ന അവിടത്തെ പാദപദ്മത്തെ) അഹം സേവേ (ഞാൻ സേവിക്കുന്നു) അഹം (ഞാൻ) മുക്തേഃ ഭാജനം ഭാവേ ച (മുക്തിക്കു പാത്രമായി ഭവിക്കേണമെ.)

സാ:—നിന്തിരുവടിയുടെ പ്രസാദംകാരണം എനിക്കു് അനാദിയായി ഹൃദയത്തിലുണ്ടായിരുന്ന അവിദ്യ പുറത്തേയ്ക്കു പോകയും, ഹൃദയപ്രിയമായ വിദ്യ ഹൃദയത്തിലേയ്ക്കു വരികയും ചെയ്തു. ശാശ്വതവും ശ്രീകരവുമായ നിന്തിരുവടിയുടെ പാദപത്മത്തെ ഞാൻ സേവിക്കുന്നു.

ഞാൻ മുക്തിക്കു പാത്രമായി ഭവിക്കേണമെ. [ഭാവേ എ ന്നതു സ്വതന്ത്രമായ പ്രയോഗമാണെന്നു തോന്നുന്നു.]

ദൂരീകൃതാനി ദുരിതാനി ദുരക്ഷരാണി
ദൌർഭാഗ്യദുഃഖദുരഹംകൃതി ദുർവ്വചാംസി।
സാരം ത്വദീയചരിതം നിതരാം പിബന്തം
ഗൌരീശമാമിഹ സമുദ്ധര സൽകടാക്ഷൈഃ॥ ൻ൨

അന്വ:—ഹേ ഗൌരീശ (അല്ലയോ പാർവ്വതീപതേ) ദുരിതാനി (പാപങ്ങളും) ദുരക്ഷരാണി (ചീത്തയായ തല യിലെഴുത്തുകളും) ദൌർഭാഗ്യദുഃഖദുരഹംകൃതി ദുർവ്വചാംസി ച (ഭാഗ്യക്കേടു്, ദുഃഖം, ദുരഹംകാരം, ദുർവ്വചനം എന്നി വയും) ദൂരീകൃതാനി (ദൂരത്തിങ്കൽ നീക്കപ്പെട്ടു) സാരം ത്വ ദീയചരിതം (സാരമായിരിക്കുന്ന നിന്തിരുവടിയുടെ കഥ യെ) നിതരാം പിബന്തം മാം (ഏററവും പാനംചെയ്യു ന്നവനായ എന്നെ) ഇഹ (ഇവിടെ) സൽകടാക്ഷൈഃ (ശോഭനങ്ങളായ കടാക്ഷങ്ങളെക്കൊണ്ടു്) സമുദ്ധര (ഉദ്ധ രിക്കേണമെ.)

സാഃ—എൻെറ പാപങ്ങളും, തലയിലെഴുതിയ ദുര ക്ഷരങ്ങളും, ഭാഗ്യക്കേടുകളും, ദുഃഖങ്ങളും, ദുരഹങ്കാരവും, ദുർവ്വചനവുമെല്ലാം ദൂരത്തിലകന്നുപോയി. എല്ലാററിലും വെച്ചു സാരമായിട്ടുള്ള നിന്തിരുവടിയുടെ കഥാമൃതത്തെ ഏററവും പാനംചെയ്തുകൊണ്ടിരിക്കുന്ന എന്നെ, അല്ല യോ പാർവ്വതീകാന്ത, കടാക്ഷവീക്ഷണങ്ങളെക്കൊണ്ടു് പ രമപദത്തിലേയ്ക്കു് ഉയർത്തേണമെ.

സോമകലാധരമൌലൌ
കോമളഘനകന്ധരെ മഹാമഹസി।
സ്വാമിനി ഗിരിജാനാഥേ
മാമകഹൃദയം നിരന്തരം രമതാമ്॥ ൯൭

അന്വ:—സോമകലാധരമൌലൌ (ചന്ദ്രകലയെ ധരിക്കുന്ന ശിരസ്സോടുകൂടിയവനും) കോമളഘനകന്ധരെ (മനോഹരമായ മേഘംപോലെ കറുത്ത കഴുത്തോടുകൂടിയവനും) മഹാമഹസി (മഹത്തായ തേജസ്സോടുകൂടിയവനും) സ്വാമിനി (സ്വാമിയുമായിരിക്കുന്ന) ഗിരിജാനാഥേ (പാൎവ്വതീകാന്തങ്കൽ) മാമകഹൃദയം (എന്റെ ഹൃദയം) നിരന്തരം (എപ്പോഴും) രമതാം (രമിക്കുമാറാകട്ടെ.)

സാ:—തിരുമുടിയിൽ തിങ്കൾക്കീറണിഞ്ഞവനും, നീലനിറമായ കഴുത്തുള്ളവനും, പരമതേജസ്വിയും, സ്വാമിയുമായ പാൎവ്വതീപതിയിങ്കൽ എന്റെ മനസ്സ് എപ്പോഴും രമിക്കുമാറാകട്ടെ. ശിവരൂപത്തെ ധ്യാനിക്കുന്നതു് മനസ്സിന്റെ നിരന്തരവ്യാപാരമാകട്ടെ എന്നു സാരം.

സാ രസനാ തേ നയനേ
താവേവ കരൌ സ ഏവ കൃതകൃത്യഃ।
യാ യേ യൌ യോ ഭൎഗ്ഗം
വദതീക്ഷേതേ സദാൎച്ചതഃ സ്മരതി॥ ൯൮

അന്വ:—യാ (യാതൊരു രസന) ഭൎഗ്ഗം വദതി (ശിവനെ കീൎത്തിക്കുന്നു) യേ (യാവചിലനയനങ്ങൾ) ഭൎഗ്ഗം ഈക്ഷേതേ (ശിവനെ ദൎശിക്കുന്നു) യൌ (യാവചിലകരങ്ങൾ) ഭൎഗ്ഗം സദാ അൎച്ചതഃ (ശിവനെ എപ്പോഴും അൎച്ചിക്കുന്നു)

യഃ (യാതൊരുവൻ) ഭർഗ്ഗം സ്മരതി (ശിവനെ സ്മരിക്കുന്നു) സാ രസനാ കൃതകൃത്യാ (ആ രസന കൃതാർത്ഥയാകുന്നു) തേ നയനേ കൃതകൃത്യേ (ആ നേത്രങ്ങൾ കൃതാർത്ഥങ്ങളാകുന്നു) തൌ കരൌ ഏവ കൃതകൃത്യൌ (ആ കൈകൾതന്നെ കൃതാർത്ഥങ്ങളാകുന്നു) സഃ ഏവ കൃതകൃത്യഃ (അവൻതന്നെ കൃതാർത്ഥനാകുന്നു.)

സാഃ—ശിവനെ കീർത്തിക്കുന്ന നാവും, ശിവനെ കാണുന്ന കണ്ണുകളും, ശിവനെ അർച്ചിക്കുന്ന കൈകളും, ശിവനെ സ്മരിക്കുന്ന മനുഷ്യനും മാത്രമാണ് കൃതാർത്ഥതയെ പ്രാപിക്കുന്നതു്. അങ്ങിനെയല്ലാത്ത നാവു നാവല്ല, കണ്ണുകൾ കണ്ണുകളല്ല, കൈകൾ കൈകളല്ല, മനുഷ്യൻ മനുഷ്യനുമല്ല എന്നു സാരം.

അതിമൃദുലൌ മമ ചരണാ-
വതികഠിനം തേ മനോഭവാനീശ।
ഇതി വിചികിത്സാം സന്ത്യജ
ശിവകഥമാസീൽ ഗിരൌ തഥാ വേശഃ॥ ൬൫

അന്വഃ—മമ ചരണൌ അതിമൃദുലൌ (എന്റെ കാലുകൾ അത്യന്തം മാർദ്ദവമുള്ളവയാണു്) തേ മനഃ അതികഠിനം (നിന്റെ മനസ്സു് അത്യന്തം കട്ടപ്പമുള്ളതാണു്) ഇതി വിചികിത്സാം സന്ത്യജ (എന്ന സംശയത്തെ നിന്തിരുവടി ത്യജിച്ചാലും) ഹേ ഭവാനീശ ശിവ (അല്ലയോ പാർവ്വതീപതിയായ ശിവനെ) തഥാ (അപ്രകാരം) ഗിരൌ വേശഃ (പർവ്വതത്തിങ്കലുള്ള പ്രവേശം) കഥം ആസീൽ (എങ്ങിനെ ഭവിച്ചു.)

സാ:—ഹേ പാർവ്വതീപതിയായ ശിവനെ, "എൻെറ കാലുകൾ അതിമാർദ്ദവമുള്ളവയാണു്; നിൻെറ മനസ്സ് വളരെ കട്ടത്തുമാകുന്നു" എന്നുള്ള സംശയത്തെ ഉപേക്ഷിച്ചാലും. അങ്ങിനെ സംശയത്തോടുകൂടി ഇരിക്കുന്ന നിന്തിരുവടിക്കു് പർവ്വതത്തിങ്കൽ പ്രവേശം എങ്ങിനെയുണ്ടായി? മൃദുലങ്ങളായ ചരണങ്ങളോടുകൂടിയ നിന്തിരുവടി പർവ്വതത്തിങ്കൽ പ്രവേശിച്ചാണല്ലോ വസിക്കുന്നതു്. ആ സ്ഥിതിക്കു് കട്ടപ്പമേറിയ എൻെറ മനസ്സിലും അവിടേക്കു പ്രവേശിപ്പാൻ വിരോധമില്ലെന്നു താല്പര്യം.

ധൈര്യാങ്കുശേന നിഭൃതം
രഭസാദാകൃഷ്യ ഭക്തിശൃംഖലയാ।
പുരഹരചരണാളാനേ
ഹൃദയമദേഭം ബധാന ചിദ്യന്ത്രൈഃ॥ ൯൩

അന്വ:—ഹേ പുരഹര (അല്ലയോ ത്രിപുരാന്തക) രഭസാൽ (ബലപ്പാടോടുകൂടി) നിഭൃതം (നിശ്ശബ്ദമാകുംവണ്ണം) ധൈര്യാങ്കുശേന (ധൈര്യമാകുന്ന തോട്ടികൊണ്ടു്) ഹൃദയമദേഭം (ഹൃദയമാകുന്ന മത്തഗജത്തെ) ആകൃഷ്യ (വലിച്ചിട്ടു്) ഭക്തിശൃംഖലയാ (ഭക്തിയാകുന്ന ചങ്ങലകൊണ്ടു്) ചരണാളാനേ (ചരണമാകുന്ന കെട്ടുകററിയിൽ) ചിദ്യന്ത്രൈഃ (ജ്ഞാനയന്ത്രങ്ങളെക്കൊണ്ടു്) ത്വം ബധാന (നിന്തിരുവടി ബന്ധിച്ചാലും.)

സാ:—അല്ലയോ ത്രിപുരാന്തക, ധൈര്യമാകുന്ന തോട്ടികൊണ്ടു്, നിശ്ശബ്ദമാകുംവണ്ണം ഹൃദയമാകുന്ന മത്തഗജത്തെ വേഗത്തിൽ വലിച്ചു്, ഭക്തിയാകുന്ന ചങ്ങല

കൊണ്ടു് നിന്തിരുവടിയുടെ തൃക്കാലാകുന്ന കെട്ടുകുററിയിൽ ജ്ഞാനയന്ത്രങ്ങളെക്കൊണ്ടു ബന്ധിയ്ക്കേണമെ. മദംനിമിത്തം വിവേകംകൂടാതെ പ്രവൎത്തിക്കുന്ന ഹൃദയത്തെ ഭക്തിമത്താക്കേണമെ എന്നു പ്രാൎത്ഥന.

പ്രചരത്യഭിതഃ പ്രഗൽഭവൃത്ത്യാ
മദവാനേഷമനഃ കരീ ഗരീയാൻ।
പരിഗൃഹ്യ നയേന ഭക്തിരജ്ജ്വാ
പരമ സ്ഥാണുപദം ദൃഢം നയാമും॥ ൯൭

അന്വ:—ഹേ പരമ (അല്ലയോ പരമശിവ) മദവാൻ (മത്തോടുകൂടിയവനും) ഗരീയാൻ (ഗൌരവമേറിയവനുമായ) ഏഷഃമനഃ കരീ (ഈ മനസ്സാകുന്ന ആന) പ്രഗൽഭവൃത്ത്യാ (ആടോപമുള്ള വൃത്തിയോടുകൂടി) അഭിതഃ (ചുററും) പ്രചരതി (സഞ്ചരിക്കുന്നു) അമും (ഇവനെ) നയേന (ഉപായംകൊണ്ടു്) പരിഗൃഹ്യ (പിടിച്ചിട്ടു്) ഭക്തിരജ്ജ്വാ (ഭക്തിയാകുന്ന കയറുകൊണ്ടു്) സ്ഥാണു (സ്ഥിരമായ) പദം (സ്ഥാനത്തേയ്ക്കു്) ദൃഢം (ഉറപ്പോടുകൂടി) നയ (കൊണ്ടുപോകേണമെ)

സാ:—അല്ലയോ പരമശിവ, മദമേറിയവനും, ഗൌരവമേറിയവനുമായ ഈ മനസ്സാകുന്ന ആന പ്രഗൽഭതയോടുകൂടി ഇതാ എല്ലാടത്തും സഞ്ചരിക്കുന്നു. ഇവനെ ഉപായത്തിൽ പിടിച്ചു് ഭക്തിയാകുന്ന കയറുകൊണ്ടു കെട്ടി സ്ഥിരമായ സ്ഥാനത്തേയ്ക്കു ദൃഢമാകുംവണ്ണം കൊണ്ടുപോകേണമെ.

സർവ്വാലങ്കാരയുക്താം സരളപദയുതാം
സാധുവൃത്താം സുവർണ്ണാം
സദ്ഭിഃ സംസ്തൂയമാനാം സരസഗുണയുതാം
ലക്ഷിതാം ലക്ഷണാഢ്യാമ്।
ഉദ്യദ്ഭൂഷാവിശേഷാമുപഗതവിനയാം
ദ്യോതമാനാർത്ഥരേഖാം
കല്യാണീം ദേവ ഗൌരീപ്രിയ മമ കവിതാ-
കന്യകാം ത്വം ഗൃഹാണ॥ ൯൨

അന്വ:—ഹേ ഗൌരീപ്രിയ ദേവ (അല്ലയോ പാർവ്വതീപ്രിയനായ ദേവ) സർവ്വാലങ്കാരയുക്താം (ഉപമാദികളായ എല്ലാ അലങ്കാരങ്ങളോടും കൂടിയതും—കടകകുണ്ഡലാദികളായ ആഭരണങ്ങളോടുകൂടിയവളെന്നും—) സരളപദയുതാം (ലളിതങ്ങളായ പദങ്ങളോടുകൂടിയതും—സരളമായ കാൽവെപ്പോടുകൂടിയവളെന്നും—) സാധുവൃത്താം (നല്ല വൃത്തങ്ങളോടുകൂടിയതും—ചാരിത്രമുള്ളവളെന്നും—) സുവർണ്ണാം (ശോഭനങ്ങളായ അക്ഷരങ്ങളോടുകൂടിയതും—നല്ല നിറമുള്ളവളെന്നും—) സദ്ഭിഃ സംസ്തൂയമാനാം (സജ്ജനങ്ങളാൽ വഴിപോലെ സ്തുതിക്കപ്പെടുന്നതും—നല്ലജനങ്ങളാൽ പുകഴ്ത്തപ്പെടുന്നവളെന്നും—) സരസഗുണയുതാം (ശൃംഗാരാദിരസങ്ങളുള്ള മാധുര്യാദിഗുണങ്ങളോടുകൂടിയതും—രസവതിയും ഗുണവതിയുമായവളെന്നും—) ലക്ഷണാഢ്യാം ലക്ഷിതാം (ലക്ഷണ എന്ന ശബ്ദാർത്ഥവൃത്തികൊണ്ടു് ശ്രേഷ്ഠയായി കാണപ്പെട്ടതും—ഉത്തമലക്ഷണങ്ങളോടുകൂടിയവളെന്നും—) ഉദ്യദ്ഭൂഷാവിശേഷാം (ഉദിച്ചുയരു

ന്ന വിശേഷഭൂഷണങ്ങളോടുകൂടിയതും—മിന്നിത്തിളങ്ങു ന്ന ആഭരണങ്ങളണിഞ്ഞവളെന്നും—) ഉപഗതവിനയാം (വിനയത്തോടു=ശിക്ഷയോടുകൂടിയതും-വിനീതയായവളെന്നും—) ദ്യോതമാനാൎത്ഥരേഖാം (പ്രകാശിക്കുന്ന അൎത്ഥങ്ങളാകുന്ന അടയാളങ്ങളോടുകൂടിയതും-ഉത്തമചിഹ്നങ്ങളോടുകൂടിയവളെന്നും—) കല്യാണീം (മംഗളരൂപിണിയും—സൎവ്വമംഗള എന്നും—ആയിരിക്കുന്ന) മമ കവിതാ കന്യകാം (എന്റെ ഈ കവിതയാകുന്ന കന്യകയെ) ത്വം ഗൃഹാണ (നിന്തിരുവടി ഗ്രഹിച്ചാലും.)

സാഃ—അല്ലയോ പാൎവ്വതീപ്രിയനായ മഹാദേവ,—എന്റെ ഈ കവിതാകന്യകയെ നിന്തിരുവടി സ്വീകരിയ്ക്കേണമെ. "സൎവ്വാലങ്കാരയുക്താം" എന്നു തുടങ്ങിയ വിശേഷണങ്ങൾ കവിതാപരമായും കന്യകാപരമായുമുള്ള അൎത്ഥങ്ങളെ കുറിക്കുന്നുണ്ടു്.

ഇദം തേ യുക്തം വാ പരമശിവ
 കാരുണ്യജലധേ
ഗതൌ തിൎയ്യഗ്രൂപം തവ പദശിരോ-
 ദൎശനധിയാ।
ഹരിബ്രഹ്മാണൌ തൌ ദിവി ഭുവി
 ചരന്തൌ ശ്രമയുതൌ
കഥം ശംഭോ സ്വാമിൻ കഥയ മമ-
 വേദ്യോസി പുരതഃ॥ ൯൯

അന്വഃ—ഹേ കാരുണ്യജലധേ പരമശിവ (അല്ലയോ കരുണാസമുദ്രമായ പരമശിവനെ) തവ പദശിരോ

ശനാധിയാ (നിന്തിരുവടിയുടെ പാദത്തേയും ശിരസ്സിനേയും ദർശിക്കേണമെന്ന വിചാരംകൊണ്ടു്) തൌ ഹരിബ്രഹ്മാണൌ (ആ വിഷ്ണുവും ബ്രഹ്മാവും) തിര്യഗ്രൂപം ഗതൌ (തിര്യക്കുകളുടെ—വിശേഷബുദ്ധിയില്ലാത്ത ജീവികളുടെ-രൂപത്തെ പ്രാപിച്ചവരായി) ദിവി ഭുവി ച ചരന്തൌ (ആകാശത്തിലും ഭൂമിയിലും സഞ്ചരിക്കുന്നവരായി) ശ്രമയുതൌ അഭൂതാ- (ശ്രമത്തോടുകൂടിയവരായി ഭവിച്ചു) ഇദം തേ യുക്തം വാ (ഇതു് നിന്തിരുവടിക്കു യുക്തമാണോ) ഹേ സ്വാമിൻ ശംഭോ, (അല്ലയോ സ്വാമിയായ ശിവനെ) ത്വം മമ (നിന്തിരുവടി എനിക്കു്) കഥം പുരതഃ വേദ്യഃ അസി (എങ്ങിനെ പുരോഭാഗത്തിങ്കൽ അറിയപ്പെടാവുന്നവനായി ഭവിക്കുന്നു)

സാ:—അല്ലയോ കരുണാസമുദ്രമായ പരമശിവനെ, ബ്രഹ്മാവും വിഷ്ണുവും അവിടുത്തെ പാദത്തേയും ശിരസ്സിനേയും കാണുന്നതിനുവേണ്ടി തിര്യക്കുകളായ പക്ഷിമൃഗങ്ങളുടെ രൂപം ധരിച്ചു് ആകാശത്തിലും ഭൂമിയിലും സഞ്ചരിച്ചു് വളരെ ബുദ്ധിമുട്ടി. അപ്രകാരമുള്ള നിന്തിരുവടി എന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു് എനിക്കു് നേരിൽ കണ്ടറിയുവാൻ ശക്യനായി ഭവിക്കയും ചെയ്യുന്നു. അല്ലയോ സ്വാമിയായ ശിവനെ, ഇതു് അവിടേയ്ക്കു യോജിച്ചതാണോ? മഹിമയേറിയ ബ്രഹ്മാവിന്നും വിഷ്ണുവിന്നും തിര്യഗ്രൂപം ധരിച്ചു് വളരെ ക്ലേശിച്ചിട്ടും നിന്തിരുവടിയുടെ കാലും തലയും കാണാൻ കഴിഞ്ഞില്ല. അവരേക്കാൾ തുലോം നിസ്സാരനായ എനിയ്ക്കു് അവിടത്തെ കാലും തലയും മാത്രമല്ല ശരീരം മുഴവനും കണ്ടറിയുവാൻ സാധിക്കു

കയും ചെയ്യുന്നു. ഇതുകൊണ്ട് പക്ഷപാതപരമായ പ്രവൃത്തി യുക്തമല്ല എന്നു താല്പര്യം. [ശിവാനന്ദലഹരിയെന്ന ഈ സ്തോത്രംകൊണ്ടു പരമശിവൻ പ്രസാദിച്ച് ആചാര്യസ്വാമികളുടെ മുമ്പിൽ പ്രത്യക്ഷീഭവിച്ചുവെന്നും, പ്രത്യക്ഷീഭൂതമായ അവിടത്തെ ദിവ്യമംഗളവിഗ്രഹത്തെ കണ്ടുകൊണ്ടാണ് ഈ ശ്ലോകം നിർമ്മിച്ചതെന്നും പറയപ്പെടുന്നു.]

സ്തോത്രേണാലമഹം പ്രവച്മി ന മൃഷാ
ദേവാ വിരിഞ്ചാദയഃ
സ്തുത്യാനാം ഗണനാ പ്രസംഗസമയേ
ത്വാമഗ്രഗണ്യം വിദുഃ।
മാഹാത്മ്യാഗ്രവിചാരണപ്രകരണേ
ധാനാതുഷസ്തോമവ
ദ്ധൂതാസ്ത്വാം വിദുരുത്തമോത്തമഫലം
ശംഭോ ഭവൽ സേവകാഃ॥ ൧൨൦

അന്വ:—ഹേ ശംഭോ (അല്ലയോ ശിവനെ) സ്തോത്രേണ അലം (സ്തോത്രംകൊണ്ടുള്ളതു മതി) അഹം മൃഷാ ന പ്രവച്മി (ഞാൻ വെറുതെ പറയുന്നില്ല) വിരിഞ്ചാദയഃ ദേവാഃ (ബ്രഹ്മാവ് മുതലായ ദേവന്മാർ) സ്തുത്യാനാം ഗണനാപ്രസംഗസമയേ (സ്തുതിക്കപ്പെടുവാൻ യോഗ്യന്മാരായ ദേവന്മാരെ എണ്ണുന്ന സമയത്തിങ്കൽ) ത്വാം (നിന്തിരുവടിയെ) അഗ്രഗണ്യാം വിദുഃ (ഒന്നാമതെണ്ണപ്പെടേണ്ടവനായി അറിയുന്നു) മാഹാത്മ്യാഗ്രവിചാരണപ്രകരണേ (മാഹാത്മ്യത്തിൻെറ അഗ്രവിചാരണം=ആദ്യവിചാര

ചെയ്യുന്ന സന്ദർഭത്തിൽ) ധാന്യതുഷസ്തോമവൽ (വറുത്തു കുത്തിയ നെല്ലിന്റെ ഉമി എന്നപോലെ) ധൂതാഃ (ചേറിക്കളയപ്പെട്ടവരായ) ഭവൽസേവകാഃ (നിന്തിരുവടിയുടെ സേവകന്മാർ) ത്വാം (നിന്തിരുവടിയെ) ഉത്തമോത്തമഫലം (ഉത്തമോത്തമമായ=ഏറ്റവും സത്തായ ഫലമായിട്ടു്) വിദുഃ (അറിയുന്നു.)

സാ:—സ്തോത്രം ചെയ്തതു മതി. ഞാൻ പറയുന്നതു സത്യമാകുന്നു. സ്തുത്യന്മാരായ ദേവന്മാർ ആരെല്ലാമാണെന്നു കണക്കാക്കുന്ന സന്ദർഭത്തിൽ നിന്തിരുവടിയാണു് ഒന്നാമതെണ്ണപ്പെടേണ്ടവനെന്നു് ബ്രഹ്മാദികളായ ദേവന്മാർ അറിയുന്നു. മഹത്വത്തെ കണക്കാക്കുമ്പോഠം വറുത്തുകുത്തിയ നെല്ലിലെ ഉമിപോലെ തള്ളപ്പെട്ടവരായ നിന്തിരുവടിയുടെ സേവകന്മാരാകട്ടെ അവിടന്നു് സർവ്വോത്തമമായ ഫലമാണെന്നു് മനസ്സിലാക്കുന്നു.

ഇതി ശ്രീമത്പരമഹംസപരിവ്രാജകാചാര്യസ്യ
ശ്രീഗോവിന്ദഭഗവത്പൂജ്യപാദശിഷ്യസ്യ
ശ്രീമച്ഛങ്കരഭഗവതഃ കൃതൌ
ശിവാനന്ദലഹരീ സമ്പൂർണ്ണാ.

202618
Q25:417
32J7
MUL
202618
MADRAS

BOUND BY;
KANNAMMAL BINDING WORKS
Choolaimedu High Rd,
MADRAS-24